ക്രൈസ്തവവിശ്വാസം ഭാരതീയ സംസ്കൃതിയിൽ



96
132

ഡോ. ഫ്രാൻസിസ് കണിച്ചിക്കാട്ടിൽ സി. എം. ഐ.

With Compliments
the Author

ക്രൈസ്തവവിശ്വാസം
ഭാരതീയ
സംസ്കൃതിയിൽ

Dharmaram College Library
Acc. No. 91084
Call. No. F96/K132

Malayalam

Christhavaviswasam Bharathiya Samskruthiyil

Dr. Francis Kanichikattil CMI

© Mar Louis Publications

Published on October 2010

Printed at
Viani Printings, Kochi-18
Ph: 0484 - 2401635

Published by
Mar Louis Publications
Kochi-31

Distributed by
Mar Louis Arts & Books Centre
Broadway, Ernakulam, Kochi-682 031
Ph: 0484 2352110

Copies 1000

Price Rs. 50.00

ക്രൈസ്തവവിശ്വാസം ഭാരതീയ സംസ്കൃതിയിൽ

ഡോ. ഫ്രാൻസിസ് കണിച്ചിക്കാട്ടിൽ
സി.എം.ഐ.

MAR LOUIS PUBLICATIONS
KOCHI-31
2010

ഉള്ളടക്കം

അവതാരിക 5

ആമുഖം 13

1. ക്രൈസ്തവവിശ്വാസം
ഭാരതീയ സംസ്കൃതിയിൽ കെട്ടിപ്പടുക്കണം 15

2. യേശുക്രിസ്തുവിനെ പൂർണ്ണതയിൽ അവതരിപ്പിക്കുക-
ഏഷ്യയിലെ സഭകളുടെ സമുന്നതലക്ഷ്യം 22

3. ഭാരതീയ പ്രതീകങ്ങളും ക്രൈസ്തവ വിശ്വാസവും 29

4. ചാവറയച്ചൻ പഠിപ്പിച്ചതു ഭാരതസംസ്കാര മൂല്യങ്ങൾ 37

5. സീറോ-മലബാർ സഭയുടെ ലിറ്റർജി
നവീകരണത്തിൽ വേണ്ട ഭാരതവത്ക്കരണം 46

6. സീറോ-മലബാർസഭ സ്വന്തം പൈതൃകത്തെയും
പാരമ്പര്യത്തെയും തിരിച്ചുകൊണ്ടുവരണം 53

7. സീറോ-മലബാർ കുർബാന സുറിയാനി
ഭാഷ്യകാരന്മാരുടെ വ്യാഖ്യാനങ്ങളിൽ 58

8. സീറോ-മലബാർ കുർബാന കാലഹരണപ്പെട്ട
ആചാരങ്ങൾ പുതിയതിന് വഴിമാറികൊടുക്കണം 65

9. സീറോ-മലബാർ സഭയിൽ പുതിയ
പൂജാപ്രാർത്ഥനയ്ക്ക് സാധ്യത - മാർഗരേഖ 76

10. സീറോ-മലബാർ സഭയെ ഒരുമിപ്പിക്കുന്ന ശക്തി
അപ്പസ്തോലിക പാരമ്പര്യം ആരാധനക്രമം 84

അവതാരിക

പള്ളിക്കു പുറത്തു കഴിഞ്ഞ കത്തോലിക്കാവനിതയും ക്രൈസ്തവചിന്തകയും "വിശുദ്ധ''യുമായി അറിയപ്പെട്ട ഫ്രഞ്ചുവനിതയാണ് സി മോൺ വൈൽ (Simone Weil 1904-1943). അവർ ഒരു കത്തോലിക്കാവൈദികന്റെ ആത്മീയോപദേശം സ്വീകരിച്ചു ജീവിച്ചു. എങ്കിലും ഔദ്യോഗികമായി കത്തോലിക്കാസഭയിൽ അംഗമാകാൻ വിസമ്മതിച്ചു. അതിനവർ കാരണം എഴുതി. "അകത്തുവരാൻ ആഗ്രഹിക്കുന്ന ആരേയും കൈയും നീട്ടി സ്വീകരിക്കാൻ ഒരു കത്തോലിക്കാസമുദായമുണ്ട് എന്ന് എനിക്കറിയാം. അങ്ങനെ ഒരു സമുദായത്തിലേക്ക് ദത്തെടുക്കപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല - 'ഞങ്ങൾ' എന്നു പറയുന്ന ഒരു വിഭാഗത്തിന്റെകൂടെ ഒരു 'നാം' ആകാൻ. ഞാൻ എന്നെത്തന്നെ വളരെ മോശമായി അവതരിപ്പിക്കുന്നു. ഒരു പ്രത്യേക ജീവിത പശ്ചാത്തലത്തിന്റെ "ഭവന''ത്തിലാകാൻ എനിക്കു വളരെ ഇഷ്ടമാണ്. പക്ഷേ, എനിക്കത് അനുവദനീയമല്ല എന്നു ഞാൻ കരുതുന്നു. ഞാൻ ഏകയും അന്യയും പരദേശിയുമായിരിക്കേണ്ടത് എനിക്ക് ആവശ്യവും അനിവാര്യവുമാണ്". അവർ തുടർന്നു "എന്റെ കാഴ്ചപ്പാടിൽ ക്രൈസ്തവീകത കത്തോലിക്കമാകുന്നത് ഒരു അവകാശമാണ്, ഒരു യാഥാർത്ഥ്യമല്ല. പലതും പുറത്താണ്. ഞാൻ സ്നേഹിക്കുന്നതും എനിക്ക് ഉപേക്ഷിക്കാനാവാത്തതും ദൈവം സ്നേഹിക്കുന്നതുകൊണ്ട് ഉണ്ടായതുമായ പലതും പുറത്താണ്." കത്തോലിക്കാസഭ സാർവ്വത്രികമാകാതെ സങ്കുചിതമായി സമുദായമായതുകൊണ്ട് സാർവ്വത്രികതയുടെ മനസ്സുള്ള അവർ അതിലേക്കില്ല എന്നു തെളിച്ചുപറയുന്നു.

സീറോ മലബാർ സഭയിൽ അടുത്ത കാലങ്ങളിൽ വന്നു ഭവിക്കുന്ന പ്രതിസന്ധിയിലേക്ക് ഇതു വിരൽ ചൂണ്ടുന്നില്ലേ എന്നു സംശയിക്കുന്നു. സീറോ മലബാർ സഭയുടെ സ്വത്വം അഥവാ തനിമ "നിങ്ങൾ" അല്ലാത്ത ഒരു "ഞങ്ങളു"ടെ സമുദായമായോ എന്ന വികല്പം. സാർവ്വത്രികമാകുമ്പോഴും സ്ഥലകാല പരിധികളുടെ മൂർത്തമായ സ്വത്വമുണ്ട്. പ്രപഞ്ചത്തോളം വലിയ മനസ്സുള്ളവനും അവന്റെ ഭാഷയും നിറവും സാംസ്കാരികാനുഷ്ഠാനങ്ങളും ജീവിതവ്യാക

രണങ്ങളുമുണ്ട്. പക്ഷേ, ആ തനിമ ചുറ്റുമുള്ള സകല നന്മകളേയും ആലിംഗനം ചെയ്യുന്നു.

ഒരു സ്വത്വത്തിന്റെ ഉടമ എന്ത് എടുത്തണിയുന്നു എന്ത് അകറ്റി നിറുത്തുന്നു? അതിന് ഇന്നലെകളുടെ പേജുകൾ വായിച്ച് വിശ്വാസപ്രേരിതമായ നാളെയുടെ ശൂന്യമായ പേജുകൾ എഴുതണം. സഭ സ്വന്തം തനിമ ജീവിച്ചുണ്ടാക്കാൻ അതിന്റെ ചരിത്രവായന നടത്തേണ്ടിയിരിക്കുന്നു. ഓർമ്മയുടെ വായന ഭൂതം വർത്തമാനത്തിലേക്കു നടത്തുന്ന സർഗാത്മകമായ എഴുന്നള്ളത്താണ്. ഇന്നലെയുടെ പ്രേതവുമായി നാളെയുടെ മാലാഖ നടത്തുന്ന സംവാദത്തിലാണ് ഓർമ്മിക്കുന്നവർ. അത് ഭാവിയുടെ കല്പനിക തിടമ്പായി മാറുന്നു. നാളെ ഇന്നലെകളുടെ ആവർത്തനമല്ല. നാളെ ഇന്നലെകളുടെ അക്ഷരങ്ങളിൽ എഴുതുന്ന പുതുമയാണ്.

ഉല്പത്തിപ്പുസ്തകലേഖകൻ ദൈവത്തിന്റെ സൃഷ്ടിവിവരണത്തിന്റെ വെളിപാട് എഴുതിയപ്പോൾ ആദം ഹവ്വമാർ "തോലുകൊണ്ട് ഉടയാടയുണ്ടാക്കി" ധരിച്ചതായി പറയുന്നു (ഉല്പത്തി 3:21). എന്നാൽ അവർ വിലക്കപ്പെട്ട കനി കഴിച്ചുകഴിഞ്ഞപ്പോൾ നഗ്നരാണ് എന്നറിഞ്ഞ് "അത്തിയിലകൾ കൂട്ടിത്തുന്നി" അരക്കച്ചയുണ്ടാക്കി (ഉല്പ. 3:7). എന്തുകൊണ്ട് അത്തിയിലകൾ? എഴുത്തുകാരന്റെ ജീവിതപശ്ചാത്തലത്തിലെ ഇല. അതു കേരളീയൻ എഴുതിയതെങ്കിൽ അടക്കാമരത്തിന്റെ കൂമ്പാള എന്നു കുറിക്കുമായിരുന്നു. അങ്ങനെ എഴുതുന്നത് വേദവിരോധമല്ല, അതു വേദതർജ്ജമയാണ്. ഒരു സ്ഥലകാലത്തിൽ അലിഞ്ഞു കിടക്കുന്നതിനെ മറ്റൊരു സ്ഥലകാലത്തിന്റെ മൂർത്തതയിലേക്കു പരാവർത്തനം ചെയ്യുന്നു.

ഉല്പത്തിപ്പുസ്തകത്തിൽ ദൈവമായ കർത്താവ് ആദത്തോടു സംഭാഷിച്ചിരുന്നു. കരയിലെ ജന്തുക്കളേയും വായുവിലെ പക്ഷികളേയും ആദത്തിന്റെ മുമ്പിൽ കൊണ്ടുവന്നിട്ട് അവയ്ക്കു പേരിടാൻ ദൈവം അവനോടു പറഞ്ഞു. ആദമിട്ടത് "അവയ്ക്ക് പേരായിരുന്നു" (2:19). എന്തു ഭാഷയാണ് ദൈവവും ആദവും സംസാരിച്ചത്? ഏതു ഭാഷയിലാണ് പേരിട്ടത്? ദേവഭാഷ ഏതായിരുന്നു? ഹീബ്രുഭാഷയോ? എങ്കിൽ ഹീബ്രുവിൽനിന്നു ഗ്രീക്കിലേക്കു തർജ്ജമ പാടുണ്ടോ? ഗ്രീക്കിന് ദൈവത്തിന്റെ വെളിപാട് സ്വീകരിക്കാനാവുമോ? പുതിയ നിയമം എഴുതപ്പെട്ടത് ഗ്രീക്കുഭാഷയിലാണ്. ദേവഭാഷ ഗ്രീക്കാണ് എന്നു വാദിച്ചു തർജ്ജമകൾ തടയുന്ന

മൗലികവാദം വേണോ? ലത്തീൻഭാഷയുടെ പേരിലും, സംസ്കൃതത്തിന്റെ പേരിലും, സുറിയാനിയുടെ പേരിലും അറബിയുടെ പേരിലും ഇത്തരം മൗലികവാദങ്ങൾ ഉണ്ടാകാം. തർജ്ജമവിരോധികളുടെ മൗലികവാദം. വേദത്തെ സംസ്കൃതത്തിൽ കെട്ടിയിട്ട് ബ്രാഹ്മണരുടെ സ്വകാര്യസ്വത്താക്കിയ മൗലികവാദം എല്ലാ ഭാഷകളിലും കടന്നുകൂടുന്നു. എല്ലാ ഭാഷകൾക്കും ദൈവത്തിന്റെ വെളിപാട് സ്വീകരിക്കാനാവും എന്നു വിശ്വസിക്കാതെ കത്തോലിക്കനാകുമോ? പന്തക്കുസ്തായിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ചവർ പ്രസംഗിച്ചപ്പോൾ പലദേശഭാഷക്കാർ കേട്ടത് എല്ലാവർക്കും മനസ്സിലാകുന്ന എസ്പരാന്റോയിൽ ആയിരുന്നില്ല. "നാം എല്ലാവരും താന്താങ്ങളുടെ ഭാഷയിൽ ശ്രവിക്കുന്നതെങ്ങനെ"(നടപടി. 2:8). ബാബേൽ ഗോപുരത്തിൽ വിഘടിച്ചുണ്ടായ എല്ലാ ഭാഷകൾക്കും ദേവഭാഷയാകാൻ കഴിയുമോ? കൂസായിലെ കാർഡിനൽ നിക്കോളാസ് എഴുതി. "പരിശുദ്ധാത്മാവിന്റെ ദാനത്താൽ ചിലർ ഭാഷാവരത്തിൽ പെട്ടെന്നു സംസാരിക്കാൻ തുടങ്ങി എന്നു എഴുതപ്പെട്ടിരിക്കുന്നതു നാം കാണുന്നു. അവർ പെട്ടെന്നു വിവിധങ്ങളായ ഭാഷകളുടെ അറിവില്ലാത്ത അവസ്ഥയിൽനിന്ന് അറിവിന്റെ അവസ്ഥയിലേക്കു മാറ്റപ്പെട്ടു. ഈ ശക്തി ഭാഷണത്തിന്റെ ദൈവിക കലയിലുള്ള പങ്കാളിത്തമല്ലാതെ മറ്റൊന്നുമല്ല" (De Possest). ഭാഷണത്തിന്റെ ദൈവികകല ഏകമായ വചനം ഭിന്നഭാഷകളിൽ ഭിന്നമായി സംസാരിക്കുന്നു. എല്ലാവരിലും മറ്റ് എല്ലാവരിലുമുള്ള ഒരംശമുണ്ട്. എല്ലാവരേയും മനസ്സിലാക്കാനുള്ള ഒരു ആഥിത്യം എല്ലാവർക്കുമുണ്ട്. ദൈവികത സ്വീകരിക്കാനുള്ള സാധ്യതയാണ് മനുഷ്യൻ. ഈ സാർവ്വത്രികതയാണ് എല്ലാ ഭാഷകളേയും ദൈവത്തിന്റെ നാവാക്കാനുള്ള കാതോലിക്കാരൂപി. തർജ്ജമയുടെ വിശുദ്ധവരം സഭക്ക് ആത്മാവു തരുന്നു. "ആദിയിൽ വചനമുണ്ടായി" (യോഹ. 1:1). ഇവിടെ "ആദി" ഒരു പേരാണോ? കൂസായിലെ നിക്കോളാസ് എഴുതി "ഈ ആദി എന്ന പേര് എല്ലാ പേരുകളുടെയും പേരാണ്. വ്യതിരിക്തമായ ഒന്നിന്റെ പേരല്ലാത്തതുപോലെ അത് സർവ്വത്തിന്റേയോ ഒന്നുമല്ലാത്തതിന്റെയോ പേരല്ല" (De Possest).

ക്രിസ്തുവിനുമുമ്പ് 3-ാം നൂറ്റാണ്ടുകാലത്തു 70-പണ്ഡിതർ ചേർന്ന ഹീബ്രു ബൈബിൾ ഗ്രീക്കിലേക്കു തർജ്ജമ ചെയ്തപ്പോൾ (Septuagint) അതിൽ ഹോമറിന്റെ യുളീസിസ് എന്ന മഹാകാവ്യത്തിലെ സൈറൻ എന്ന പദം ആറ് പ്രാവശ്യം ഉപയോഗിച്ചു. ഭാര

തപുരാണത്തിലെ യക്ഷി, അപ്സരസ്സ് എന്ന സങ്കല്പങ്ങൾ ബൈബിളിലേക്കു കടക്കുന്നതുപോലെയാണത്. പക്ഷേ പിന്നീടു വന്ന തർജ്ജമകളിൽ അത് ആവർത്തിക്കപ്പെട്ടില്ല. എങ്കിലും ക്രൈസ്തവസഭയിലും ക്രൈസ്തവ യൂറോപ്പിലും ഹോമറിന്റെ യുളീസിസും അതിലെ കപ്പൽ യാത്രയും വിഘ്നങ്ങളും നിരന്തര മായി ക്രൈസ്തവമായി വ്യാഖ്യാനിക്കപ്പെട്ടു. സൈറനുകളുടെ പ്രലോഭനത്തിനെതിരെ മെഴുകു ചെവിയിൽ വച്ച് ഇന്ദ്രിയനിർഗ ഹണം നടത്തി രക്ഷയുടെ യാനപാത്രത്തിന്റെ കുരിശാകുന്ന പായ്മ രത്തിൽ ബന്ധിച്ചു ഈ ലോകസാഗരത്തിലൂടെ യാത്ര ചെയ്യണ മെന്ന് വി.ഹിപ്പോളിറ്റസും വി.ജെറോമും പ്രസംഗിച്ചു. എഴുത്തുകാ രനായ ഹോമറിനെ അദ്ദേഹത്തെക്കാൾ മെച്ചമായി സഭാപിതാക്ക ന്മാർ മനസ്സിലാക്കി. അഥവ അദ്ദേഹത്തിന്റെ ലിഖിതത്തിന്റെ അബോധതലം ബോധതലത്തിലേക്ക് വ്യാഖ്യാനിച്ചു വരുത്തി. ഉദാ ത്തമായ ഏതു കലാരൂപത്തിലും ഒരു വിശുദ്ധാംശമുണ്ട്. ലൗകിക മായത് അലൗകികമായതിന്റെ ഉമ്മറപ്പടിയിലാണ്.

ഗ്രീക്കു പേഗൻ മതപാരമ്പര്യത്തിലെ വെളിച്ചപ്പാടു സ്ത്രീക ളായ അഞ്ച് സിബിലുകളെ മൈക്കിൾ ആഞ്ചലൊ സിസ്സൈൻ കപ്പേ ളയുടെ മുകളിൽ മറ്റു ക്രൈസ്തവ ചിത്രങ്ങളോടെ വരച്ചുചേർത്തു. ഈ വെളിച്ചപ്പാടു സ്ത്രീകളുടെ വാക്കുകളിൽ ക്രൈസ്തവർ യേശു ക്രിസ്തുവിന്റെ വരവിനെക്കുറിച്ചു വായിച്ചെടുത്തതുകൊണ്ടാണ് അവർക്ക് പള്ളിയിൽ പ്രവേശനം കിട്ടിയത്.

13-ാം നൂറ്റാണ്ടിൽ ഫ്രാൻസിസ്കൻ സന്ന്യാസിയായി തോമസ് ചെലാനൊ രചിച്ചതെന്നു കരുതുന്ന "കോപത്തിന്റെ ദിനം" (Dies Iraae) എന്നു തുടങ്ങുന്ന ദീർഘമായ കവിത 1970 വരെ ലത്തീൻ റീ ത്തിലെ മരിച്ചവർക്കുവേണ്ടിയുള്ള കുർബാനയിലുണ്ടായിരുന്നു. ഇന്നും അതു ലത്തീൻ കനോനനമസ്കാരത്തിൽ നിലനില്ക്കുന്നു. അതിലെ ആദ്യവാചകം

"കോപത്തിന്റെ ദിനം
ദാവീദും സിബിലും പ്രവചിച്ചതുപോലെ
ലോകം ചാരമാകുമ്പോൾ"

സിബിലുകളെ കുർബാനയിൽ പ്രവേശിപ്പിക്കാൻ സഭ തയ്യാ റായി. ക്രൈസ്തവർ ക്രൈസ്തവ കാഴ്ചപ്പാടിൽ ഗ്രീക്കു റോമൻ പുരാണങ്ങൾ വായിച്ച. പറുദീസയിലെ വിലക്കപ്പെട്ട കനി ഗ്രീക്കു

പുരാണത്തിലെ "സുവർണ്ണ ആപ്പിളായി" അവർ വായിച്ചു. പറുദീസയിലെ പാമ്പിനെ ഗ്രീക്കു ദേവന്മാരുടെ സുവർണ്ണ ആപ്പിൾതോട്ടം കാക്കുന്ന വേതാളമായി ചിത്രീകരിച്ചു. ഹവ്വയുടെ പ്രലോഭനവും പതനവും പണ്ടൊരയുടെ പെട്ടി തുറക്കലുമായി ബന്ധപ്പെടുത്തി. പഴയനിയമത്തിലെ സാംസനെ ഹെർകുലിസിനോട് ഉപമിച്ചു. സൂര്യദേവന്റെ പിറന്നാൾ ദിനത്തിൽ ക്രിസ്മസ് ആഘോഷിച്ചു. പേഗൻ ദേവതയായ ഇഷ്തറിന്റെ പേരിൽ ക്രിസ്തുവിന്റെ ഉയിർപ്പുതിരുനാൾ (Easter) നടത്തി. ഇതെല്ലാം ചുറ്റുപാടുകളിലെ സംവേദന ഭാഷാ തിടമ്പുകളിലൂടെ നടത്തിയ വിശ്വാസവിലാസത്തിന്റെ ഉദാഹരണങ്ങളാണ്. അതു തനിമയുള്ള ഒരു ക്രൈസ്തവസംസ്കാരം സൃഷ്ടിക്കുകയും ചെയ്തു. ഗ്രീക്കു തത്വചിന്ത ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ ഭാഷയായി മാറി. ഇതിനെല്ലാം സാധൂകരണമെന്ന വിധത്തിൽ അലക്സാണ്ട്രിയായിലെ വി. ക്ലെമന്റ് എഴുതി. "പ്രൊമിത്തിയൂസ് മോഷ്ടിച്ച അഗ്നിപോലെ അവിടെ തത്വചിന്തയിൽ ഒരു ലോലമായതും എന്നാൽ ഊതിക്കത്തിക്കാവുന്നതുമായ സ്ഫുലിംഗം ദൈവത്തിന്റെ പ്രചോദനത്തിന്റെയും വിജ്ഞാനത്തിന്റെയും അടയാളമായുണ്ടായിരുന്നു" (The Stromata 1:17). ഈ സാംസ്കാരിക വായന ഒരെഴുത്തിനു കാരണമായി - സംസ്കാരത്തിന്റെ മാച്ചെഴുത്ത്. അവിടെ ചിന്തയും, ചിത്രങ്ങളും, അനുഷ്ഠാനങ്ങളും മറ്റു കലാരൂപങ്ങളുമുണ്ടായി. അതു സംസ്കാരത്തിന്റെ സംഘഭാഷയെ രൂപാന്തരപ്പെടുത്തി.

പക്ഷേ, അതു വിശ്വാസത്തെ സങ്കുചിതമാക്കി സംഘബോധത്തിന്റെ വർഗ്ഗത്തിലും അതിന്റെ വ്യാകരണത്തിലും തളക്കുന്നതായില്ല. ഗ്രീക്കു സംസ്കാരത്തെ അതിന്റെ വർഗ്ഗത്തിനു പുറത്തേക്ക് തർജ്ജമ ചെയ്തു. എന്നാൽ അപകടകരമായ സാംസ്കാരികാനുരൂപണവുമുണ്ട്. ഇസ്രായേൽ ജനം കാനാൻകാരുടെ ഇടയിൽ സ്ഥിരതാമസമായി കാർഷികരായപ്പോൾ അവർ നടത്തിയ സാംസ്കാരികാനുരൂപണത്തിനെതിരായിട്ടാണ് ഏലിയ പ്രവാചകൻ ശണ്ഠ കൂട്ടിയത്. മഴയും വെള്ളവും ദേവീദേവസംഗമ ഫലമാണെന്നും മഴക്കുവേണ്ടി ബാൽദേവന്റെ ക്ഷേത്രങ്ങളിൽ അനുഷ്ഠാനപരമായി ലൈംഗികവേഴ്ച നടത്തണമെന്നുമുള്ള ഒരു പാരമ്പര്യം ഇസ്രായേൽ ജനവും സ്വീകരിക്കാൻ തുടങ്ങി. ഈ ദേവദാസി സമ്പ്രദായത്തെയാണ് പ്രമാണലംഘനത്തിന്റെ പരിപ്രേക്ഷ്യത്തിൽ ഏലിയ എതിർത്തത്. ഭാരതത്തിന്റെ ഹൈന്ദവമായ ഒരു രീതി യും ആരാ

ധനയിൽ സ്വീകരിക്കാൻ പാടില്ലെന്നു ശഠിക്കുന്നവർ തന്നെ ചാതുവർണ്യത്തിന്റെയും ജാതീയതയുടെയും അക്രൈസ്തവമായ സാമുദായീകരണ പ്രക്രിയക്കു കൂട്ടു നില്ക്കുന്നതായി മാറും. സാംസ്കാരികാനുരൂപണത്തെ എതിർക്കുന്നവർ തന്നെ ഉപഭോഗസംസ്കാരത്തിന്റെ വൈകൃതങ്ങൾ എടുത്തണിയുകയും ചെയ്യും.

"തോമാശ്ലീഹായുടെ നടപടികൾ" മാർതോമ ക്രിസ്ത്യാനികൾ ക്ക് പ്രിയപ്പെട്ടതാണ്. പക്ഷേ, ആ കൃതി ആട്ടിൻതോൽ ധരിച്ച ചെന്നായ പോലെയാണ്. ക്രൈസ്തവികമായ അനന്യതയുടെ പ്രത്യേക വേഷത്തിൽ മാത്രം ശ്രദ്ധ തിരിക്കുന്നവർ ആത്മാവിൽ ക്രൈസ്തവീകത വെടിയുന്നവരാകുമ്പോൾ "തോമാശ്ലീഹായുടെ നടപടി"യുടെ ശൈലി ആവർത്തിക്കുന്നു. പ്രത്യക്ഷത്തിൽ തോമാശ്ലീഹായും ക്രിസ്തുവുമാ ണ് ഈ ഗ്രന്ഥത്തിന്റെ പേജുകളിൽ. പക്ഷേ, അത് തോമാശ്ലീഹാ എ ഴുതിയതല്ല, ക്രിസ്തുവിന്റെ സുവിശേഷം പേറുന്നതുമല്ല. ആ പേരുകളിലും ആവരണങ്ങളിലും മറ്റാരോ നോസ്റ്റിക്ക്മനിക്കയൻ സുവിശേഷമാണ് വിളമ്പുന്നത്. തോമാശ്ലീഹാ ആ ഗ്രന്ഥത്തിൽ കൊല്ലപ്പെടുന്നത് വിവാഹത്തിനെതിരായി പ്രസംഗിച്ചതിന്റെയും ഭാര്യമാർ ഭർത്താ ക്കന്മാരിൽനിന്ന് മാറിയതിന്റെയും ഫലമായിട്ടാണ്. സാംസ്കാരികവും കാലികവുമായ അനന്യതകൾ എടുത്തണിയുമ്പോൾ അത് യേശുക്രിസ്തുവിന്റെ ചൈതന്യം സങ്കുചിത്വത്തിന്റെയും മൂല്യരാഹിത്യത്തിന്റെയും തലത്തിലേക്ക് എഡിറ്റു ചെയ്യുന്നതാകരുത്.

നിലവിളക്കും മയിലിന്റെ പടവും ചെകുത്താന്റെ ആവാസകേന്ദ്രമാണെന്നു പ്രഖ്യാപിക്കുന്ന നവീകരണക്കാർ പിശാച് പിടുത്തക്കാരായ മന്ത്രവാദികളായി മാറുമ്പോൾ "യേശുവേ സ്തോത്രം!" ചെല്ലികളെ കൊണ്ടെന്തു ഫലം? ക്രൈസ്തവമായ ആവരണമായിട്ട് മാർക്സും ഫ്രോയിഡും മാമ്മോനും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

വേദവായനയിൽ തർജ്ജമയുടെ മാച്ചെഴുത്തുണ്ട്. പക്ഷേ, അത് വിശ്വസ്തമായിരിക്കണം - ചരിത്രത്തോടും അതു ജീവിച്ച പാരമ്പര്യത്തോടുമല്ല, അതിന്റെ ആത്മാവിനോട്. നാലു സുവിശേഷങ്ങളിൽ ഓരോന്നിനും അതിന്റെതായ തനിമയുണ്ട്. നാലും യേശുവിന്റെ മുഖവും വ്യക്തിത്വവും വിശ്വസ്തമായി വരച്ചുകാണിക്കുന്നതുകൊണ്ടാണ് അതു കാനോനികവും പ്രമാണികവുമായത്. "തോമസിന്റെ നടപടി"യുടെ അപ്രമാണികത അതിലെ ചരിത്രപരമായ വസ്തുതകളുടെ പേരിലല്ല.

ശതാധിപന്റെ ഭൃത്യനെ യേശു സുഖപ്പെടുത്തി എന്ന് മത്തായിയും (8:5) ലൂക്കായും (7:6) പറയുമ്പോൾ ജോണിൽ മകനെയാണ് സുഖപ്പെടുത്തുന്നത് (4:47). ഇതിൽ ഒന്നല്ലേ ചരിത്രമാകൂ? യോഹന്നാൻ ചരിത്രം മാറ്റാൻ സ്വാതന്ത്ര്യമെടുത്തു. മൈക്കിൾ ആഞ്ചലോയുടെ പിയെത്ത എന്ന മാർബിൾ രൂപത്തിനു പിന്നിൽ ചരിത്രമുണ്ടോ? പക്ഷേ, അത് യേശുവിന്റെയും അമ്മയുടെയും സ്നേഹത്തിന്റെ ചോര വിയർക്കുന്ന വേദനയുടെ വിശ്വസ്ത കലാരൂപമല്ലേ? മധ്യശതകങ്ങളിൽ യൂറോപ്പിൽ പ്രചരിച്ച വി. അന്നയും വി. മേരിയും തന്റെ മക്കളെ വായിക്കാൻ പഠിപ്പിച്ച രൂപങ്ങൾ ചരിത്രപരമല്ലായിരിക്കും. പക്ഷേ, അവ യൂറോപ്പിന്റെ സാംസ്കാരിക ചരിത്രം സൃഷ്ടിച്ചവയാണ്. ജൊസ്സെ സാരമാഗു രചിച്ച "യേശുക്രിസ്തുവിന്റെ സുവിശേഷം" എന്ന നോവലിൽ യേശു പ്രലോഭിതനാകുന്നതു മണൽക്കാട്ടിലല്ല മൂടൽ മഞ്ഞിന്റെ കടലിലാണ്. വഞ്ചിയിൽ നടുവിൽ യേശുവും ഒരറ്റത്തു പിശാചും മറ്റേ അറ്റത്തു ദൈവവും. എല്ലാ അടിസ്ഥാനങ്ങളും ഇളകി ഒരിടത്തും ഉറപ്പില്ലാതായതും ആര് ദൈവം ആര് പിശാച് എന്ന വ്യക്തമല്ലാത്തുമായ ജീവിതത്തിന്റെ വല്ലാത്ത പ്രലോഭിതാസ്തിത്വത്തെ അദ്ദേഹം അങ്ങനെ അവതരിപ്പിക്കുന്നു. അതിന്റെ പേരിൽ മാത്രം അതു നിഷിദ്ധമല്ല.

ഞാൻ എന്നിലെ ക്രിസ്തുവുമായി നടത്തുന്നു സുതാര്യമായ സംഭാഷണമാണ് വേദചിന്ത. ബുദ്ധിയുടെ ഭാഷ പല ഭാഷകളിൽ ഒന്നല്ല. സ്വർഗ്ഗത്തിന്റെ അഗ്നികൊണ്ടു സ്ഫുടപാകത്തിനു വിധേയമായ വിശുദ്ധവചനം പല ഭാഷകളിൽ അവതരിക്കും.

സീറോ മലബാർ സഭ സ്വീകരിക്കേണ്ട ഭാഷകളുടെ സാംസ്കാരികാനുരൂപണമാണ് ഫാ. ഫ്രാൻസിസ് കണിച്ചിക്കാട്ടിൽ സി.എം.ഐ.യുടെ "ക്രൈസ്തവ വിശ്വാസം ഭാരതീയസംസ്കൃതിയിൽ" എന്ന ഗ്രന്ഥത്തിലെ 10 ലേഖനങ്ങളുടെ മുഖ്യപ്രമേയം. ആരാധനയ്ക്കും അനുഷ്ഠാനങ്ങൾക്കും ക്രമം വേണം. പക്ഷേ, ക്രമം മാത്രം പോരാ. വ്യാകരണമല്ല ഭാഷ എന്നു മറക്കരുത്. സഭ അവളുടെ വിശ്വാസം ജീവിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നതിന്റെ ഒരു പ്രധാന മാനമാണ് അൾത്താരയിലെ ആരാധന. ദൃശ്യശ്രാവ്യ സംവേദനത്തിന്റെ മൂർത്തമായ അടയാളപ്പെടുത്തലാണ് അവിടെ നടക്കുന്നത്. എല്ലാം യേശുക്രിസ്തുവിനെയാണ് അടയാളപ്പെടുത്തുന്നതും. റൊമാനോ ഗർഡീനി തന്റെ ലിറ്റർ ജിയുടെ ചൈതന്യത്തെക്കുറിച്ചുള്ള പുസ്തകത്തിൽ അതിന്റെ കേളി സ്വഭാവത്തെക്കുറിച്ചു

പ്രതിപാദിക്കുന്നു. ആരാധനാക്രമം വിശുദ്ധമായ കേളിയുടെ സ്ക്രിപ്റ്റ് ആണ്. ഈ കേളിയിൽ കാഴ്ചക്കാരില്ല, എല്ലാവരും കേളിയിൽ മുഴുകുന്നവരാണ്. കാഴ്ചക്കാർ കളിക്കുന്നില്ല; കളി കാണുന്നത് കളിയുമല്ല. വിശ്വാസം ആഘോഷിക്കുന്ന ജനതയുടെ ദൈവികകലയാണ് ലിറ്റർജി. അത് ജനത്തിന്റെ താളവും സംഗീതവും കവിതയും കഥയും അട്ടവവും പാട്ടും നിറവും മണവും ഭാഷയും ചിന്തയും തിടമ്പുകളും ചേരുന്നതാകണം. ക്രൈസ്തവനു രക്ഷ വാങ്ങിച്ചെടുക്കേണ്ട ചരക്കൊ അന്വേഷിച്ചു കണ്ടെത്തേണ്ട അറിവോ എന്നതിനേക്കാൾ ജീവിതാഘോഷത്തിൽ അനുഭവിക്കുന്ന സ്വർഗ്ഗമാണ് – ആ ജീവിതഘോഷത്തിന്റെ വിശ്വാസബദ്ധമായ സ്ഫടികാവതരണമാണ് ദേവാലയത്തിലെ ലിറ്റർജി. എല്ലാ വിശപ്പിൽനിന്നും ദാഹത്തിൽനിന്നും മുക്തമായി അത് വിശുദ്ധമായ നിറവു നല്കുന്നു. ഇതിനുള്ള ആഹ്വാനമാണ് ഫാ. കണിച്ചിക്കാട്ടിൽ ഈ ഗ്രന്ഥത്തിലൂടെ നല്കുന്നത്. ഗ്രന്ഥകർത്താവിന് അനുമോദനങ്ങളർപ്പിച്ചുകൊണ്ട് സവിനയം ഈ ഗ്രന്ഥം അനുവാചകസമക്ഷം അവതരിപ്പിക്കുന്നു.

പോൾ തേലക്കാട്ട്

ആമുഖം

പത്ത് ലേഖനങ്ങളുടെ സമാഹാരമാണ് 'ക്രൈസ്തവവിശ്വാസം ഭാരതീയ സംസ്കൃതിയിൽ' എന്ന ചെറിയ പുസ്തകം. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഞാൻ സത്യദീപം, കുടുംബദീപം, വചനധാര എന്നീ മാസികകളിൽ എഴുതിയ ലേഖനങ്ങളാണ് ഇതിന്റെ ഉള്ളടക്കം. കേരളത്തിലെ വിവിധ സെക്ടുകളെ സംബന്ധിച്ച് മംഗലപ്പുഴ സെമിനാരിയിൽ നിന്നും പ്രസിദ്ധീകരിച്ച "വഴിതെറ്റിയ വിശ്വാസം" എന്ന പുസ്തകത്തിലെ എന്റെ ലേഖനം ഇതിലുണ്ട്. ഒരു ലേഖനം വാ. ചാവറയച്ചനെ സംബന്ധിച്ചുള്ളതാണ്. സങ്കർഷം നിറഞ്ഞ 19-ാം നൂറ്റാണ്ടിൽ മാർത്തോമാ ക്രിസ്ത്യാനികൾക്ക് ദിശാബോധം നല്കി ഉയർച്ചയിലേയ്ക്ക് അവരെ നയിച്ച കർമ്മയോഗി കൂടിയായ സന്ന്യാസവര്യനാണ് വാ. ചാവറയച്ചൻ. ചാവറയച്ചന്റെ ചിന്ത ഭാരതീയ സംസ്കാരത്തിൽ അധിഷ്ഠിതമായിരുന്നു.

ഈ പുസ്തകത്തിലെ ആദ്യത്തെ നാല് ലേഖനങ്ങൾ ക്രൈസ്തവ വിശ്വാസത്തെ സംബന്ധിച്ചാണ്. മറ്റ് ലേഖനങ്ങളിൽ സീറോ മലബാർ ലിറ്റർജി, ലിറ്റർജി നവീകരണം, സാംസ്കാരികാനുരൂപണം എന്നീ വിഷയങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. സാംസ്കാരികാനുരൂപണം സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം ഒഴിച്ചു കൂടാനാവാത്ത ഘടകമാണ്.

ഈ പുസ്തകത്തിന് മനോഹരമായ ഒരു അവതാരിക എഴുതി അനുഗ്രഹിച്ച സത്യദീപം (ഇംഗ്ലീഷ്) ചീഫ് എഡിറ്റർ റവ. ഡോ. പോൾ തേലക്കാട്ട് അച്ചന് എന്റെ അകൈതവമായ നന്ദി. ലേഖനങ്ങൾ പുസ്തകമായി പ്രസിദ്ധീകരിക്കുന്നതിനു സദയം സമ്മതിച്ച സത്യദീപം, കുടുംബദീപം, വചനധാര മാസികകളുടെ എഡിറ്റർമാർക്ക് പ്രത്യേകം നന്ദി. ഈ പുസ്തകപ്രസിദ്ധീകരണത്തിന് എന്നെ ഏറെ പ്രോത്സാഹിപ്പിച്ച ചാലക്കുടി സി.എം.ഐ. പബ്ലിക് സ്കൂൾ പ്രിൻസിപ്പാൾ ബഹു. സന്തോഷ് മുണ്ടമാണി സി.എം.ഐ. അച്ചന് എന്റെ നമോവാകം.

പുസ്തകത്തിന്റെ പണിപ്പുരയിൽ വളരെ സമയം ചിലവഴിച്ച പ്രത്യേകിച്ച് പുറംചട്ട ശരിപ്പെടുത്തുന്നതിന് അത്യധ്വാനം ചെയ്ത പബ്ലിക് സ്കൂൾ സ്റ്റാഫിലെ തോംസൺ മാസ്റ്റർക്ക് അകൈതവ മായ നന്ദി. പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഭംഗിയായി നിർവ്വ ഹിച്ച എറണാകുളം മാർ ലൂയീസ് പബ്ലിക്കേഷനും, ഡയറക്ടർ ഫാ. ജസ്റ്റിൻ കൈപ്രമ്പാടനും നന്ദിയുടെ നറുമലരുകൾ. ഈ പുസ്തകം സീറോ മലബാർ സഭയ്ക്ക് സമർപ്പിച്ചുകൊണ്ട്,

ഫാ. ഫ്രാൻസിസ് കണിച്ചിക്കാട്ടിൽ സി.എം.ഐ.

15 ഒക്ടോബർ 2010
വി. അമ്മത്രേസ്യായുടെ തിരുനാൾ

"ക്രൈസ്തവവിശ്വാസത്തിനു പുതിയ ഭാഷ്യങ്ങൾ സൃഷ്ടിക്കുമ്പോൾ, സഭയുടെ ആദ്യനൂറ്റാണ്ടുകളിൽ ഗ്രീക്ക്-ലാറ്റിൻ-സുറിയാനി സംസ്കാരങ്ങളിൽ നിന്നു ലഭിച്ചിട്ടുള്ളവ ഒരിക്കലും കൈമോശം വന്നുപോകാൻ ഇടയാകരുത്. ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽ ക്രൈസ്തവസംഹിതകൾ, ആദ്യനൂറ്റാണ്ടുകളിൽ ഈ സംസ്കാരങ്ങളുടെ പശ്ചാത്തലത്തിലാണു പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. അതിനെ ഒരിക്കലും ഉപേക്ഷിക്കേണ്ട ആവശ്യമില്ല." ക്രൈസ്തവസഭ ഒരു സംസ്കാരത്തിന്റെയോ പാരമ്പര്യത്തിന്റെയോ നേർക്കു വാതിലടയ്ക്കുന്നില്ല. മറിച്ച് എല്ലാ സംസ്കാരങ്ങളിലും പാരമ്പര്യങ്ങളിലും സഭ വളരുകയും ശ്രേഷ്ഠമായ രീതിയിൽ ക്രൈസ്തവവിശ്വാസം ജീവിക്കുകയും വേണം. അതാണു ക്രിസ്തുവിന്റെ സഭയുടെ ആഗ്രഹം.

ക്രൈസ്തവവിശ്വാസം ഭാരതീയ സംസ്കൃതിയിൽ കെട്ടിപ്പടുക്കണം*

ഭാരതം മതങ്ങളുടെ സംഗമഭൂമിയാണ്. ഭാരതം പല മതങ്ങൾക്കും ജന്മം നൽകിയിട്ടുണ്ട്. മതങ്ങളും ആത്മീയപാരമ്പര്യങ്ങളും ഇവിടേയ്ക്ക് എത്തിച്ചേർന്നിട്ടുമുണ്ട്. വേദങ്ങളും ഉപനിഷത്തുകളും ഗീതയും പിറന്നത് ഈ പുണ്യഭൂമിയിലാണ്. ആത്മീയത തേടിയുള്ള ഒരന്വേഷണം ഭാരതത്തിന്റെ ദർശനങ്ങളിലും വിശിഷ്ടങ്ങളായ ഗ്രന്ഥങ്ങളിലും ഉടനീളം കാണാം. ആത്മാവിന്റെ അന്തർദാഹമാണ് അവയുടെയെല്ലാം മുഖമുദ്ര.

ക്രിസ്തുവർഷത്തിന്റെ ആദ്യ നൂറ്റാണ്ടിൽത്തന്നെ ക്രിസ്തുമതം ഇവിടെ വന്നു. വി. തോമസ് അപ്പസ്തോലൻ നൽകിയ സുവിശേഷ

---

* സത്യദീപം: പുസ്തകം 83, ലക്കം 2, 2009 ആഗസ്റ്റ് 19, പേജ് 1, 6.

വെളിച്ചം ഭാരതത്തിൽ ക്രിസ്തുമതത്തിനു ജന്മം നൽകി. ഗുരു പഠിപ്പിച്ച "അപ്പം മുറിക്കൽ ശുശ്രൂഷ" അന്നത്തെ ഭാരതത്തിന്റെ സംസ്കാരത്തനിമയിൽ തോമസ് അപ്പസ്തോലൻ ഇവിടെ ആചരിച്ചു. കാലത്തിന്റെ മാറ്റത്തിൽ നാലാം നൂറ്റാണ്ടിൽ മദ്ധ്യ-പൂർവ്വദേശത്തു നിന്നു സുറിയാനി ക്രിസ്ത്യാനികളും 16-ാം നൂറ്റാണ്ടിൽ പാശ്ചാത്യമിഷണറിമാരും ഭാരതത്തിൽ വന്നു. അവരുടെയെല്ലാം സഹവാസം ഭാരതത്തിലെ ക്രൈസ്തവസമൂഹത്തിന് ഒരു മുതൽക്കൂട്ടായി പരിണമിച്ചു.

കാലം ചെയ്ത ജോൺ പോൾ രണ്ടാമൻ മാർപാപ്പ സുപ്രധാനങ്ങളായ രണ്ടു തിരുവെഴുത്തുകളിൽ ഏഷ്യയിലെ സഭയെ സംബന്ധിച്ച്, പ്രത്യേകമായി ഭാരതത്തിലെ സഭയെ സംബന്ധിച്ചു പ്രതിപാദിക്കുന്നുണ്ട്. ഒന്ന്, 1998-ൽ പുറത്തിറങ്ങിയ "വിശ്വാസവും യുക്തിയും" എന്ന ചാക്രികലേഖനം; രണ്ട്, 1999 ൽ പുതിയ സഹസ്രാബ്ദം പ്രമാണിച്ച് ഏഷ്യയിലെ സഭയ്ക്കുവേണ്ടി, ഏഷ്യൻ സിനഡിന്റെ വെളിച്ചത്തിൽ പ്രത്യേകം തയ്യാറാക്കിയ "സഭ ഏഷ്യയിൽ" എന്ന അപ്പസ്തോലിക പ്രബോധനം. ഈ രണ്ടു രേഖകളിലെ പ്രതിപാദ്യമാണ് ഈ ലേഖനത്തിന്റെ മുഖ്യവിഷയം.

1. ഭാരതസംസ്കാരം ഈശ്വരനെത്തേടിയുള്ള പ്രയാണം

സുവിശേഷ പ്രഘോഷണത്തിന്റെ ആദ്യനൂറ്റാണ്ടുകളിൽ ക്രൈസ്തവസഭയ്ക്കു ഗ്രീക്ക്-ലാറ്റിൻ സംസ്കാരങ്ങളുമായി സംവാദത്തിലേർപ്പെടേണ്ടി വന്നിട്ടുണ്ട്. അതിന്റെ ഫലമായി ക്രൈസ്തവസഭയ്ക്ക് ഗ്രീക്ക്-ലാറ്റിൻ ദർശനങ്ങളുടെ പശ്ചാത്തലത്തിൽ വിശ്വാസം കൂടുതൽ ആഴത്തിൽ അനുഭവിക്കുവാനും ജീവിക്കുവാനും ഇടവന്നു. ക്രൈസ്തവ ദൈവശാസ്ത്രത്തിനുതന്നെ ഒരു പുതിയ കാഴ്ചപ്പാട് അതുവഴി ഉണ്ടായി.

ഇന്നു വചനപ്രഘോഷണം പുതിയ മേഖലകളിലേയ്ക്കു പ്രവേശിച്ചിരിക്കുകയാണ്. ആദ്യനൂറ്റാണ്ടിലെപ്പോലെ ക്രൈസ്തവസമൂഹം പുതിയ സംസ്കാരങ്ങളെ, പുതിയ ആദ്ധ്യാത്മികപാരമ്പര്യങ്ങളെ കണ്ടുമുട്ടുകയാണ്. പുതിയ സാഹചര്യങ്ങളിൽ ക്രിസ്തുവിനെ അവതരിപ്പിക്കുക, ക്രിസ്തുവിന്റെ സന്ദേശം അവരുടെ പ്രതീകങ്ങളിൽക്കൂടിയും അടയാളങ്ങളിൽകൂടിയും നൽകുക എന്നത് ഇന്നു ക്രിസ്തുശിഷ്യരുടെ വലിയ കടമയാണ്.

പരി.പിതാവ് എഴുതുന്നു (വിശ്വാസവും യുക്തിയും, നമ്പർ 72)

"ഈ അവസരത്തിൽ എന്റെ ചിന്തകൾ പൂർവ്വദിക്കുകളിലേയ്ക്ക്, പ്രത്യേകിച്ച് ഭാരതത്തിന്റെ ആദ്ധ്യാത്മികതയിലേക്ക് തിരിയുകയാണ്. പഴമയും പ്രതാപവും പേറുന്ന സമ്പന്നമായ ഒരു ദർശനം അവിടെ കാണാം. ആ സംസ്കാരങ്ങളിൽ ഭാരതത്തിനു പ്രഥമസ്ഥാനമുണ്ട്. മനുഷ്യാത്മാവിനെ ഈ ലോകത്തിന്റെ കെട്ടുപാടുകളിൽനിന്നും ദുഃഖങ്ങളിൽ നിന്നും വിമുക്തമാക്കി സ്വാതന്ത്ര്യത്തിന്റെ മഹോന്നത പദവിയിലേക്കു നയിക്കുന്ന ഒരു അന്തർദാഹം ഭാരതീയഗ്രന്ഥങ്ങളിൽ കാണാൻ കഴിയും." ഈ ആന്തരിക പ്രചോദനമാണ്, ലൗകികമായ എന്തിനേയും ഉപേക്ഷിച്ച് ആത്മീയത തേടി മുന്നേറുവാൻ ഭാരതീയ മനസ്സിനു കരുത്തു നൽകുന്നത്. ഈശ്വരസാക്ഷാത്ക്കാരത്തിനായുള്ള മനുഷ്യാത്മാവിന്റെ ഈ ഉൽക്കട ആഗ്രഹം ഭാരതീയ ദർശനത്തിന്റെ മുഖമുദ്രയാണ്.

പരി. പിതാവു പറയുകയാണ്, "മഹത്തായ ഈ പാരമ്പര്യത്തിൽ ക്രൈസ്തവവിശ്വാസം കൂടുതൽ ആഴത്തിൽ വേരുറയ്ക്കുവാനും ജീവിക്കുവാനും ഇടയാകണം. അതു ക്രൈസ്തവവിശ്വാസത്തിനു പുതിയൊരു കാഴ്ചപ്പാടു നൽകും."

2. ഏഷ്യൻസംസ്കാരം– ദൈവശാസ്ത്രത്തിന്റെ പുതിയ മേഖല

"സഭ ഏഷ്യയിൽ" എന്ന അപ്പസ്തോലികപ്രബോധനത്തിൽ പരി. പിതാവ് ഏഷ്യൻ ഭൂഖണ്ഡത്തിന്റെ ആത്മീയതയെത്തന്നെയാണ് ഉയർത്തിക്കാണിക്കുന്നത്. ഏഷ്യൻ ഭൂഖണ്ഡം യഹൂദ-ക്രൈസ്തവ-ഇസ്ലാം മതങ്ങളുടെ ജന്മഭൂമിയാണ്. മദ്ധ്യപൂർവദേശം ഈ വസ്തുത വെളിവാക്കുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ! ഈ പ്രദേശം ഇന്നു ഒരു സംഹാരഭൂമിയായി തീർന്നിരിക്കുകയാണ്. തെക്കേ ഏഷ്യയിലേക്ക് കടന്നാൽ എല്ലാ മതങ്ങളെയും സംസ്കാരങ്ങളെയും സമന്വയിപ്പിച്ചിരുന്ന ഭാരതം. ഹൈന്ദവ-ബുദ്ധ-സിക്ക് മതങ്ങൾ ഭാരതത്തിന്റെ മണ്ണിൽ രൂപം കൊണ്ടിട്ടുള്ളവയാണ്. ചൈന, കൊറിയ, ജപ്പാൻ എന്നീ പ്രദേശങ്ങളിൽ വളർന്നിട്ടുള്ള ബുദ്ധിസം-കൺഫ്യൂഷനിസം - ടാവോയിസം എന്നീ ആത്മീയധാരകളും ഏഷ്യയുടെ സംഭാവനകളാണ്.

ചുരുക്കത്തിൽ പൗരാണിക മതങ്ങളുടെയും ആത്മീയപാരമ്പര്യങ്ങളുടെയും പുണ്യഭൂമിയാണ് ഏഷ്യാഭൂഖണ്ഡം എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. മതങ്ങളുടെയെല്ലാം ഈ പുണ്യഭൂമിയിലേക്കു ദൈവം കനിഞ്ഞു നൽകിയ ഒരു വലിയ സമ്മാനമാണു ശ്രീ

യേശുഭഗവാൻ.

പ്രാധാന്യമുള്ള ഈ രേഖയിൽ രണ്ടു പ്രധാന കാര്യങ്ങൾ പരി. പിതാവു മുമ്പോട്ടു വയ്ക്കുന്നുണ്ട്. ഒന്ന്, സാംസ്കാരികാനുരൂപണത്തിന്റെ ആവശ്യകത; രണ്ട്, ഏഷ്യൻ മൂല്യങ്ങൾ ആഴത്തിൽ പഠിക്കുകയും ജീവിക്കുകയും ചെയ്യുന്ന ക്രിസ്തുദാസരെ ഒരുക്കുന്നതിന്റെ ആവശ്യകത. സാസ്കാരികാനുരൂപണം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിൽ വളരെ പ്രാധാന്യം കൊടുത്തിട്ടുള്ള വിഷയമാണ്. ഏഷ്യൻ സംസ്കാരങ്ങളിലും മതങ്ങളിലും ധാരാളം നല്ല മൂല്യങ്ങളുണ്ട്. ആത്മീയവീക്ഷണം, ലളിതജീവിതം, കഠിനാദ്ധ്വാനം, ഗുരുഭക്തി, പ്രകൃതിയോടുള്ള സ്നേഹം, യോഗ, ഭജൻ, ഈശ്വരപ്രണിധാനം, അഹിംസ, സന്യാസം തുടങ്ങി ധാരാളം നല്ല മൂല്യങ്ങൾ അവ ഉദ്ഘോഷനം ചെയ്യുന്നുണ്ട്. സമ്പന്നമായ ഈ മൂല്യങ്ങളെയെല്ലാം ഏഷ്യയിലെ സഭ തത്ത്വത്തിൽ സ്വീകരിച്ചാൽ പോരാ, ജീവിതംകൊണ്ടു സാക്ഷാത്ക്കരിക്കണം. അങ്ങനെയുള്ള ഒരു ജീവിതക്രമത്തിനു മാത്രമേ വിശ്വാസത്തിലും ആരാധനയിലും ദൈവശാസ്ത്രത്തിലും അധിഷ്ഠിതമായ ഒരു പുത്തൻ ഏഷ്യൻ കാഴ്ചപ്പാടു കൊണ്ടുവരുവാൻ കഴിയുകയുള്ളു.

ഏഷ്യൻ മൂല്യങ്ങൾ സ്വീകരിച്ചുകൊണ്ടുള്ള ഒരു പരിശീലനപദ്ധതി പ്രത്യേകിച്ചു വൈദികർക്കും സന്ന്യസ്തർക്കും ആവശ്യമാണെന്ന് ഈ രേഖ പ്രത്യേകം സാക്ഷ്യപ്പെടുത്തുന്നുണ്ട്. മറ്റൊരു വിഷയത്തിലേക്കും രേഖ വെളിച്ചം വീശുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്കു താഴെ വരുമാനമുള്ള ധാരാളം പേർ ഏഷ്യൻ ഭൂഖണ്ഡത്തിലുണ്ട്. സഭയുടെ എല്ലാ സംരംഭങ്ങളിലും പാവങ്ങളോടുള്ള പക്ഷം നിഴലിക്കണം. ദരിദ്രരോടുള്ള സഭയുടെ മനോഭാവം യേശുവിന്റെ മനോഭാവം തന്നെയായിരിക്കണം. ചുരുക്കിപ്പറഞ്ഞാൽ ഏഷ്യയിലെ സഭയ്ക്കു ക്രൈസ്തവവിശ്വാസം ഏഷ്യൻ തത്ത്വശാസ്ത്രത്തിന്റെ പിൻബലത്തിലും ഏഷ്യയുടെ ആദ്ധ്യാത്മിക പൈതൃകത്തിലും, നിർദ്ധനരായ ഏഷ്യക്കാരുടെ ജീവിതസമരത്തിൽ നിന്നും ഉരുത്തിരിയുന്നതായിരിക്കണം. ജീവിതത്തിലും ആരാധനയിലും ആത്മീയതയിലും ഈ ചൈതന്യം നിറഞ്ഞു നിൽക്കണം. അപ്പോൾ മാത്രമേ ഏഷ്യയിലെ സഭ ഏഷ്യയിലെ മതങ്ങളെയും ദർശനങ്ങളെയും സംസ്കാരങ്ങളെയും യോജിപ്പിക്കുന്ന ഒരു കണ്ണിയായി പരിണമിക്കുകയുള്ളു.

3. പുത്തൻപാത തുറന്നവർ

മറ്റു മതങ്ങളോടുള്ള ക്രൈസ്തവ സഭയുടെ ബന്ധങ്ങളിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ ഒരു വലിയ തുടക്കമായിരുന്നു. അക്രൈസ്തവ മതങ്ങളെയും അവയുടെ പ്രബോധനങ്ങളെയും ക്രൈസ്തവസഭ അന്ധവിശ്വാസമായി മാത്രമേ കണ്ടിട്ടുള്ളു. എന്നാൽ നന്മയുടെ അംശം, ദൈവീകതയുടെ ഭാവം എല്ലാ മതങ്ങളിലുമുണ്ട് എന്ന കൗൺസിലിന്റെ പ്രബോധനം ഒരു വഴിത്തിരിവായിരുന്നു. ഈ പുത്തൻ കാഴ്ചപ്പാടിലാണ് ധാരാളം നല്ല നീക്കങ്ങൾ കൗൺസിലിനു ശേഷം കത്തോലിക്കാസഭയിൽ വന്നിട്ടുള്ളത്. 1969 ൽ "ഇന്ത്യയിലെ സഭ ഇന്ന്" എന്ന ദേശീയ സെമിനാർ പല നല്ല കാര്യങ്ങൾക്കും തുടക്കും കുറിച്ചു. ഭാരതീയ ആരാധനാ രീതി, അക്രൈസ്തവ മതങ്ങളുമായുള്ള ബന്ധം, ഭാരതീയ ആത്മീയത ഇവയെല്ലാം സെമിനാറിൽ ഉരിത്തിരിഞ്ഞ ആശയങ്ങളാണ്.

ഇതിന്റെ പുറകിൽ ഭാരതീയ ക്രൈസ്തവ ജീവിതത്തിന് ആരംഭം കുറിച്ച ഏതാനും പുണ്യശ്രേഷ്ഠരെ കാണാം. സീറോ-മലബാർ സഭയുടെ നേതൃസ്ഥാനത്ത് എപ്പോഴും ഉണ്ടായിരുന്ന ആർച്ചബിഷപ്പ് കാർഡിനൽ പാറേക്കാട്ടിൽ ആണു ഭാരതീയ രീതിയിലുള്ള ഒരു ആരാധനക്രമത്തിനു തുടക്കം കുറിച്ചത്. പുതിയ ആരാധന ക്രമം നിലവിലുള്ള ആരാധനക്രമത്തിൽ അധിഷ്ഠിതവും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സാംസ്കാരികാനുരൂപണത്തോടു തുറവിയുള്ളതുമായിരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ബാംഗ്ലൂർ എൻ.ബി.സി.എൽ.സി.യുടെ സ്ഥാപക ഡയറക്ടർ ഡോ.അമലോർഭവദാസ് സാംസ്കാരികാനുരൂപണത്തിന്റെ വലിയ നായകനായിരുന്നു. ഇന്ത്യയിലെ ക്രൈസ്തവസഭ തികച്ചും ഒരു ഭാരതീയസഭയായി കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു. സുറിയാനി-ലത്തീൻ സഭയിൽ നിന്നു ലഭിച്ചവ അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ സാസ്കാരികാനുരൂപണത്തിന്റെ ആദ്യപടി മാത്രമാണ്.

സാസ്കാരികാനുരൂപണത്തിന്റെ പാതയിൽ തുറന്ന മനസ്സോടെ ഇറങ്ങിപ്പുറപ്പെട്ട ബഹുമാന്യരായ ഏതാനും പാശ്ചാത്യ മിഷനറിമാരുണ്ട്. തെക്കേ ഇന്ത്യയിൽ ദീർഘകാലം ജോലി ചെയ്ത ബെനഡിക്ടൻ സന്യാസമൂഹത്തിൽപ്പെട്ട രണ്ടു സന്യാസിമാരെ ഇന്ത്യയിലെ സഭ എന്നും ഓർക്കും. കുളിത്തല "സച്ചിദാനന്ദ ആശ്രമത്തിനു" രൂപം നൽകുകയും മതസൗഹാർദ്ധത്തിന്റെ സംഗമഭൂമിയായി അതിനെ ഉയർത്തുകയും ചെയ്ത ബീഡ് ഗ്രിഫിത് ഇന്ത്യയിലെ മത സൗഹാർദ്ദമേഖലയിലെ എല്ലാവർക്കും സുപരിചിതനാണ്. വാഗമൺ

"കുരിശുമല ആശ്രമത്തിൽ" ദീർഘകാലം ജീവിച്ചു, ജീവിതം മുഴുവൻ ഭാരതത്തിലെ സഭയ്ക്കുവേണ്ടി കാഴ്ചവച്ച സന്യാസിവര്യനാണു ഫ്രാൻസിസ് ആചാര്യ. ഭാരതീയ സന്യാസം അതിന്റെ അർത്ഥത്തിലും വ്യാപ്തിയിലും മനസ്സിലാക്കി ജീവിക്കുകയും അതനുസരിച്ച് ഒരു സമൂഹത്തിനു രൂപം നൽകുകയും ചെയ്ത അദ്ദേഹം ഭാരതത്തിൽ എന്നും സ്മരിക്കപ്പെടും. രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ഘാടനം ചെയ്ത ഭാരതവത്ക്കരണത്തിന്റെ ഉൾക്കാഴ്ചയിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തു മൺമറഞ്ഞുപോയ പലരുമുണ്ട്. എല്ലാവർക്കും ഭാരതസഭയുടെ സ്മരണാഞ്ജലി.

4. ശ്രേഷ്ഠമായതു സ്വീകരിക്കുക

"വിശ്വാസവും യുക്തിയും" എന്ന രേഖയിൽ ജോൺ പോൾ മാർപാപ്പ ഒരു കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട്. "ക്രൈസ്തവ വിശ്വാസത്തിനു പുതിയ ഭാഷ്യങ്ങൾ സൃഷ്ടിക്കുമ്പോൾ, സഭയുടെ ആദ്യനൂറ്റാണ്ടുകളിൽ ഗ്രീക്ക്-ലാറ്റിൻ-സുറിയാനി സംസ്കാരങ്ങളിൽ നിന്നു ലഭിച്ചിട്ടുള്ളവ ഒരിക്കലും കൈമോശം വന്നുപോകാൻ ഇടയാകരുത്. ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽ ക്രൈസ്തവ സംഹിതകൾ, ആദ്യനൂറ്റാണ്ടുകളിൽ ഈ സംസ്കാരങ്ങളുടെ പശ്ചാത്തലത്തിലാണു പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. അതിനെ ഒരിക്കലും ഉപേക്ഷിക്കേണ്ട ആവശ്യമില്ല." ക്രൈസ്തവസഭ ഒരു സംസ്കാരത്തിന്റെയോ പാരമ്പര്യത്തിന്റെയോ നേർക്കു വാതിലടയ്ക്കുന്നില്ല. മറിച്ച് എല്ലാ സംസ്കാരങ്ങളിലും പാരമ്പര്യങ്ങളിലും സഭ വളരുകയും ശ്രേഷ്ഠമായ രീതിയിൽ ക്രൈസ്തവവിശ്വാസം ജീവിക്കുകയും വേണം. അതാണു ക്രിസ്തുവിന്റെ സഭയുടെ ആഗ്രഹം.

ഒന്നാം നൂറ്റാണ്ടിൽ ജന്മംകൊണ്ട ഭാരതത്തിലെ ക്രൈസ്തവ സഭ വളർന്നിട്ടുള്ളതു സുറിയാനി-ലത്തീൻ പാരമ്പര്യത്തിന്റെ തണലിലാണ്. സുറിയാനി ആരാധനാ രീതിയും ലത്തീൻ ആരാധനാരീതിയുമാണ് ഇപ്പോഴും ഇവിടെ നിലവിലുള്ളത്. ഇവിടെയാണു സാസ്കാരികാനുരൂപണത്തിന്റെ ആവശ്യകത തെളിഞ്ഞുവരുന്നത്. സ്വീകരിക്കപ്പെട്ടിട്ടുള്ളവയെ നഷ്ടപ്പെടുത്താതെ സാംസ്കാരികാനുരൂപണത്തിന്റെ ചൈതന്യത്തിൽ ഒരു പുത്തൻ ദൈവശാസ്ത്രവും ആരാധനാരീതിയും ഭാരതത്തിൽ ഉടലെടുക്കണം. സാസ്കാരികാനുരൂപണം നടക്കാതെ ക്രൈസ്തവസഭകൾക്കു ഭാരതത്തിൽ പ്രേഷിതപ്രവർത്തനത്തിന്റെ മുഖ്യഉപാധിയായി മാറുക സാദ്ധ്യമല്ല.

മഹർഷിവര്യരായ വ്യാസനും വാല്മീകിയും തപസ്സനുഷ്ഠിച്ച

പുണ്യഭൂമിയാണ് ഭാരതം. ഇവിടത്തെ ക്രൈസ്തവസഭ സ്വന്തം വിശ്വാസം ഭാരതീയ സംസ്കൃതിയിൽ കെട്ടിപ്പടുക്കണം. ഏതു വിപത്സന്ധിയിലും വിശ്വാസം മുറുകെപിടിക്കണം. പഴയ ആചാരങ്ങളെ തെറ്റായി വ്യാഖ്യാനിച്ചിട്ടു കാര്യമില്ല. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് നല്ലതു സ്വീകരിക്കുവാനും മോശമായവ ഉപേക്ഷിക്കാനും സാധിക്കണം. ഭാരതത്തിൽ എക്യുമെനിസം സഭകൾ തമ്മിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല. അത് അതിർവരമ്പുകൾ ഭേദിച്ചു വിശാലമായ സമന്വയത്തിലേക്കു സഭകളെ നയിക്കണം. അങ്ങനെ ഭാരതത്തിലെ ക്രൈസ്തവസഭകൾ ഭാരതത്തിന്റെ മുഖ്യ സംസ്കാരധാരയിലേക്കു വന്ന്, തങ്ങളുടെ വിശ്വാസം ജീവിക്കുകയും പ്രഘോഷിക്കുകയും വേണം.

* * * * * * * * * *

ഏഷ്യയിലെ പ്രബലമായ മതങ്ങൾക്കും, കുലീന സംസ്കാരപാരമ്പര്യങ്ങൾക്കും ക്രൈസ്തവർക്ക് പ്രാർത്ഥനാരീതിയിലും, ധ്യാനചിന്തയിലും, ധാരാളം ഉൾക്കാഴ്ചകൾ നൽകുവാൻ കഴിയും. അവയേശുവിന്റെ സുവിശേഷമൂല്യങ്ങൾക്ക് ഒരു തരത്തിലും വിഘാതമായിരിക്കയില്ല. അതേസമയം ഏഷ്യയിലെ മത-ആത്മീയ പാരമ്പര്യങ്ങൾക്ക് യേശുവിന്റെ പഠനങ്ങളിൽ നിന്നും ക്രൈസ്തവരുടെ ജീവിതസാക്ഷ്യത്തിൽ നിന്നും വളരെയേറെ സാംശീകരിയ്ക്കുവാനുണ്ട്. മതപരിവർത്തനമല്ല ഇവിടെ ആത്യന്തികലക്ഷ്യം. മറിച്ച് മറ്റ് മതങ്ങളിലെ നല്ല മൂല്യങ്ങളെ ആർജ്ജിയ്ക്കുവാനുള്ള മനഃപരിവർത്തനം. ഈ അർത്ഥത്തിൽ ഏഷ്യയിൽ മതങ്ങൾക്ക് -ക്രൈസ്തവമതവും മറ്റു മതങ്ങളും - പരസ്പരം പൂരകങ്ങളായി വർത്തിക്കുവാൻ കഴിയും.

യേശുക്രിസ്തുവിനെ പൂർണ്ണതയിൽ അവതരിപ്പിക്കുക – ഏഷ്യയിലെ സഭകളുടെ സമുന്നതലക്ഷ്യം*

ആമുഖം:

കാലം ചെയ്ത ജോൺപോൾ രണ്ടാമൻ മാർപാപ്പ "സഭ ഏഷ്യയിൽ" എന്ന ശ്ലൈഹിക പ്രബോധനത്തിലൂടെ ഏഷ്യയിലെ സഭകളെ ഒരു പുത്തൻ ഉണർവ്വിലേക്ക് ആഹ്വാനം ചെയ്യുകയുണ്ടായി. 1998 ൽ റോമിൽ സമ്മേളിച്ച ഏഷ്യയിലെ മെത്രാന്മാരുടെ സിനഡിൽ ഉരിത്തിരിഞ്ഞ ആശയങ്ങൾ, ഏഷ്യൻ ഭൂഖണ്ഡത്തിന്റെ പ്രത്യേകതകൾ വിലയിരുത്തി ഏഷ്യയിലെ സഭകൾക്കുവേണ്ടി പ്രത്യേകം തയ്യാ

---

* സത്യദീപം: പുസ്തകം 83; ലക്കം 42, 2010 ജൂൺ 9, പേജ് 5, 10.

റാക്കി പുറപ്പെടുവിച്ചതായിരുന്നു "സഭ ഏഷ്യയിൽ" എന്ന പ്രബോധനം.

ഏഷ്യൻ ഭൂഖണ്ഡം പൗരാണിക മതങ്ങളുടേയും, സമ്പന്ന മാർന്ന സംസ്കാരങ്ങളുടെയും, ആത്മീയപാരമ്പര്യങ്ങളുടേയും പുണ്യഭൂമിയാണ്. ഇന്ന് നിലവിലുള്ള ഹൈന്ദവമതം, ക്രിസ്തുമതം, ഇസ്ലാംമതം, ബുദ്ധമതം, യഹൂദമതം, ഇവയുടെ ആവിർഭാവം ഏഷ്യയിൽ നിന്നാണ്.

അതുപോലെ കൺഫ്യൂഷനിസം, ടാവോയിസം തുടങ്ങിയ സമ്പന്നമായ ആത്മീയ പാരമ്പര്യങ്ങളുടെയും ഉറവിടം ഏഷ്യ തന്നെയാണ്.

പക്ഷേ ഒരു കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ക്രസ്തുമതത്തിന്റെ ആരംഭം മധ്യപൂർവ്വദേശത്തു നിന്നാണെങ്കിലും ക്രിസ്തുമതത്തെ മിക്കവാറും ഒരു പാശ്ചാത്യ മതമായിട്ടാണ് ഏഷ്യൻ ഭൂഖണ്ഡത്തിലെ മതങ്ങളും പാരമ്പര്യങ്ങളും വീക്ഷിച്ചിട്ടുള്ളത്. ഈ സമീപനത്തിനൊരു മാറ്റം വരുത്തി ക്രസ്തുവിനെ ഏഷ്യക്കാരുടെ കാഴ്ചപ്പാടിൽ, ഏഷ്യയിലെ സനാതന മതമൂല്യങ്ങളെ ബഹുമാനിച്ചുകൊണ്ട്, അവതരിപ്പിയ്ക്കുവാനുള്ള ആഹ്വാനമാണ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ഏഷ്യയിലെ സഭകൾക്കുവേണ്ടിയുള്ള പ്രബോധനത്തിൽ ഓർമ്മിപ്പിയ്ക്കുന്നത്.

1. ഏഷ്യയിലെ സംയുക്ത മെത്രാൻ സമിതി (FABC)*

ഏഷ്യൻ രാജ്യങ്ങളിലെ മെത്രാൻ സമിതികളുടെ (ബിഷപ്സ് കോൺഫ്രൻസ്) സ്വതന്ത്രമായ, മാർപ്പാപ്പയുടെ അംഗീകാരമുള്ള, ഒരു സംയുക്തമെത്രാൻ സമിതിയാണ് FABC. പാക്കിസ്ഥാൻ, ഇൻഡ്യ, ശ്രീലങ്ക ഉൾപ്പെടുന്ന തെക്കേ ഏഷ്യ. തായ്ലാന്റ്, മലേഷ്യ, ഫിലിപ്പിൻസ്, ലാവോസ്, വിയറ്റ്നാം തുടങ്ങിയ രാഷ്ട്രങ്ങൾ ഉൾക്കൊള്ളുന്ന തെക്ക് കിഴക്കേ ഏഷ്യ; ജപ്പാൻ, കൊറിയ ഉൾപ്പെടുന്ന പൂർവ്വേഷ്യ - എന്നീ രാജ്യങ്ങളിലെ മെത്രാൻ സമിതികളുടെ സംയുക്തസമിതിയാണ് ഏഷ്യയിലെ സംയുക്ത മെത്രാൻ സമിതി. മേൽപറഞ്ഞ രാഷ്ട്രങ്ങളിലെ 14 മെത്രാൻ സമിതികൾക്ക് FABC യിൽ പൂർണ്ണ അംഗത്വമുണ്ട്. മദ്ധ്യേഷ്യയിലെ ഖസാക്കിസ്ഥാൻ, തജിക്കിസ്താൻ, ഉസ്ബക്കിസ്ഥാൻ തുടങ്ങിയ രാഷ്ട്രങ്ങളിലെ മെത്രാൻ സമിതികൾക്ക് ഏഷ്യൻ മെത്രാൻ സമിതിയിൽ സഹ (Associate) അംഗത്വമേ ഉള്ളു. ഈ രാജ്യങ്ങൾ കഴിഞ്ഞ രണ്ട് ദശാബ്ദങ്ങൾക്കിടയിൽ സോവിയറ്റ് യൂണിയനിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച രാജ്യങ്ങളാണ്.

* FABC = Federation of Asian Bishops Conferences

മേൽപ്പറഞ്ഞ പൂർണ്ണ അംഗത്വമുള്ള മെത്രാൻ സമിതികളുടെയും (14) സഹഅംഗത്വമുള്ള മെത്രാൻ സമിതികളുടെയും (11) അദ്ധ്യക്ഷന്മാരാണ് എഅഅഇ കേന്ദ്രകമ്മിറ്റിയെ പ്രതിനിധീകരിക്കുക. കേന്ദ്രകമ്മിറിയാണ് ഏഷ്യൻ മെത്രാൻ സമിതിയുടെ ജനറൽ സെക്രട്ടറിയെ തെരഞ്ഞെടുക്കുന്നത്. ഏഷ്യയിലെ മെത്രാൻ സമിതിയുടെ സമ്മേളനങ്ങളും, ചർച്ചകളും, വിവിധ ഓഫീസുകളും, അവയുടെ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുക അദ്ദേഹത്തിന്റെ ചുമതലയാണ്. അദ്ദേഹമാണ് സംയുക്ത മെത്രാൻ സമിതിയുടെ മുഖ്യകാര്യദർശി.

FABC യുടെ വളരെ പ്രധാനപ്പെട്ട സമിതിയാണ് 4 വർഷത്തിൽ ഒരിക്കൽ സമ്മേളിക്കുന്ന പ്ലീനറി അസംബ്ലി. ഏഷ്യൻ ഭൂഖണ്ഡത്തിന് പൊതു താൽപര്യമുള്ള ഏതെങ്കിലും ഭൗതിക-ദൈവശാസ്ത്ര പശ്ചാത്തലമുള്ള വിഷയങ്ങളായിരിക്കും പ്ലീനറി സമ്മേളനങ്ങളിൽ ചർച്ച ചെയ്യുക. ഏറ്റവും അടുത്ത പ്ലീനറി അസംബ്ലി നടന്നതു 2009 ആഗസ്റ്റ് 10-16 ആണ്. "ഏഷ്യയിലെ ദിവ്യകാരുണ്യത്തിലധിഷ്ഠിതമായ ജീവിതം" എന്നതായിരുന്ന സമ്മേളനത്തിന്റെ വിഷയം. FABC യുടെ ഉത്ഭവം 1970 ൽ ആണ്. പോൾ ആറാമൻ മാർപ്പാപ്പ 1970 ൽ തന്റെ ഏഷ്യൻ പര്യടനത്തിന്റെ അവസരത്തിൽ മാനിലായിൽ വെച്ച് ഏഷ്യൻ വൻകരയിലെ 180 മെത്രാന്മാരെ സംഘാതമായി കാണുകയുണ്ടായി. അന്ന് മാർപ്പാപ്പയുടെ നേതൃത്വത്തിൽ സമ്മേളിച്ച മെത്രാന്മാർ ഏഷ്യൻ ഭൂഖണ്ഡത്തിലെ സഭകൾക്ക് സംയുക്തമായ ഒരു പ്രവർത്തനരീതി ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു. തുടർന്നുണ്ടായ ചർച്ചകളുടേയും, കൂടിചേരലുകളുടെയും ഫലമാണ് ഏഷ്യയിലെ സംയുക്ത മെത്രാൻ സമിതി. ഏഷ്യൻ സഭകളുടെ പൊതുവായ താൽപര്യങ്ങൾ മുൻനിർത്തികൊണ്ട് സ്വതന്ത്രമായ പങ്കാളിത്തത്തോടെ ഈ സമിതി ഏഷ്യയിലെ സഭകൾക്ക് മുഴുവൻ പ്രകാശം നൽകുന്നു.

2. യേശുക്രിസ്തുവിനെ പൂർണ്ണതയിൽ അവതരിപ്പിക്കുക

യേശുക്രിസ്തുവിനെ പൂർണ്ണതയുടെ പാരമ്യത്തിൽ അവതരിപ്പിക്കുക വിശ്വാസം സ്വീകരിച്ച ഓരോ ക്രൈസ്തവന്റെയും മുഖ്യധർമ്മമാണ്. അതിനുപരിയായ മറ്റൊരു ധർമ്മമില്ല. യേശുവിന്റെ യഥാർത്ഥ ഏഷ്യൻമുഖം - ഏഷ്യയിലെ പ്രബലമായ മതാനുയായികൾക്കും, ആത്മീയപാരമ്പര്യങ്ങളിൽ ജീവിക്കുന്നവർക്കും പൂർണ്ണമായും മനസ്സിലാകണം. ഏഷ്യയിലെ ക്രൈസ്തവവെളിച്ചം ലഭിച്ച

ക്രിസ്തുദാസരുടെ ജീവിതസാക്ഷ്യംകൊണ്ടാണ് അത് സാധ്യമാകുക. ക്രൈസ്തവസഭയ്ക്ക് ഏഷ്യൻ ഭൂഖണ്ഡത്തിന് നൽകാനുള്ള വലിയ സമ്മാനമാണ് ക്രിസ്തു.

വത്തിക്കാൻ കൗൺസിലിന് മുൻപുള്ള കത്തോലിക്കാസഭയുടെ സമീപനം മിഷൻ പ്രവർത്തനം എന്നു വച്ചാൽ മതപരിവർത്തനം എന്നതായിരുന്നു. കത്തോലിക്കാസഭയിലേക്ക് പുതിയ അംഗങ്ങളുടെ ചേർക്കുക. ഇന്ന് മറ്റൊരു രീതിയിലാണ് സഭയുടെ സമീപനം. യേശുവിനെ പൂർണ്ണതയിൽ അവതരിപ്പിക്കുക, മറ്റ് മതാനുയായികൾക്ക് യേശുവിനെ നൽകുക എന്നതാണ് ഏഷ്യയിൽ സഭയുടെ മുഖ്യ ധർമ്മം. സംസ്കാരസമ്പന്നമായ പ്രബലമായ മതപാരമ്പര്യങ്ങളാണ് ഏഷ്യൻ വൻകരയിലുള്ളത്. അവയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്കുള്ള മതപരിവർത്തനം ആശാസ്യമല്ല. മറിച്ച് മനഃപരിവർത്തനമാണ് ഇവിടെ അഭികാമ്യമായിട്ടുള്ളത്. അതിനു ഏഷ്യൻ മെത്രാൻ സമിതി നിർദ്ദേശിക്കുന്നത് മറ്റ് മതാനുയായികളുമായുള്ള സമ്യക്കായ സംവാദമാണ്. ഈ സംവാദം ചിന്താതലത്തിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല; മറിച്ച് ജീവിത സാഹചര്യത്തിൽ നിറഞ്ഞു നിൽക്കണം. ഒരുമിച്ചുള്ള ജീവിതയാത്രയിൽ, കൊടുക്കൽ വാങ്ങൽ പ്രക്രിയകളിൽ നിറഞ്ഞുനിൽക്കണം.

ഏഷ്യൻ വൻകരയിൽ ഫിലിപ്പിൻസിൽ മാത്രമേ ക്രൈസ്തവർ ഭൂരിപക്ഷമുള്ളു. മറ്റ് രാജ്യങ്ങളിൽ, ക്രൈസ്തവർ ജനസംഖ്യയുടെ 2% മാത്രമേ ഉള്ളു. ഈ സാഹചര്യത്തിൽ ജീവിതസാക്ഷ്യംകൊണ്ട് ക്രിസ്തുവിനെ അവതരിപ്പിക്കുക എന്നതാണ് ഏഷ്യയിലെ ക്രൈസ്തവസമൂഹത്തിന്റെ പ്രധാനലക്ഷ്യം. ഏഷ്യയിലെ മെത്രാൻ സമിതി നിർദ്ദേശിക്കുന്ന കാഴ്ചപ്പാടും മറ്റൊന്നല്ല. ത്രിവിധസംവാദം (Triple Dialogue) ഇതാണു മെത്രാൻ സമിതി നിർദ്ദേശിക്കുന്നത്. ഏഷ്യയിലെ ദരിദ്രനാരായണന്മാരോട് സംവദിക്കുക. അവരുടെ ജീവിതപ്രതിസന്ധിയിൽ സഭയുടെ മക്കൾക്ക്, നല്ല അയൽക്കാരാകുവാൻ കഴിയുക. ആത്മീയമായും, ശാരീരികമായും അവരുടെ ജീവന്മരണസംഘട്ടനങ്ങളിൽ അവരോട് പങ്ക് ചേരുക. വെല്ലുവിളി നിറഞ്ഞ ഒരു സമീപനമാണിത്. ദരിദ്രനായ യേശുവിന്റെ മനോഭാവം സ്വീകരിക്കുന്നവർക്കേ ഈ സംവാദം എളുപ്പമാകയുള്ളു.

സമ്പന്നമായ ഏഷ്യൻ സംസ്കാരം ലോകത്തിന് തന്നെ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. വേദങ്ങളും, ഉപനിഷത്തുകളും, ശങ്കരാചാര്യദർശനങ്ങളുമെല്ലാം ഏഷ്യയുടെ വലിയ സംസ്കാര ശേഖരത്തിന്റെ ഭാഗമാണ്. ക്രൈസ്തവ ജീവിതവും, വിശ്വാസവും ഏഷ്യൻ സംസ്കാരം കൊണ്ട് സമ്പന്നമാകണം. ഏഷ്യൻ സംസ്കാരം

ഉയർത്തി പിടിക്കുന്ന ഗുരുഭക്തി, ധ്യാനം, പ്രകൃതിയോടുള്ള സ്നേഹം, ലളിതജീവിതം, ആത്മീയചിന്ത തുടങ്ങി ധാരാളം ഉൽകൃഷ്ട കാഴ്ചപ്പാടുകൾ ക്രൈസ്തവർ ഏഷ്യൻ സംസ്കാരത്തിൽ നിന്നും ഉൾകൊള്ളണം. മൂന്നാമതായി ഏഷ്യയിലെ പ്രബലമായ മതങ്ങളോട് ക്രൈസ്തവർ നല്ല സമീപനം കാഴ്ചവയ്ക്കണം. ആ മതങ്ങളുടെ ആത്മീയപൈതൃകത്തേയും സനാതമൂല്യങ്ങളേയും ബഹുമാനിയ്ക്കണം. ക്രൈസ്തവവിശ്വാത്തിന് കാര്യമായ ക്ഷതം സംഭവിക്കുന്നില്ലെങ്കിൽ ആ മതങ്ങളുടെ ധ്യാനരീതികളും, പ്രാർത്ഥനാ പാരമ്പര്യവും ക്രൈസ്തവർ സ്വീകരിക്കണം. മറ്റ് മതങ്ങളിൽ നിന്നും, ആത്മീയ പാരമ്പര്യങ്ങളിൽ നിന്നും നല്ല അംശങ്ങൾ സ്വീകരിക്കുന്ന ക്രൈസ്തവർക്ക് സുവിശേഷത്തിലെ യേശുവിന്റെ കരുണയും, സ്നേഹവും, ആർദ്രതയും, സഹനവും സ്വന്തം ജീവിത സാക്ഷ്യത്തിലൂടെ മറ്റ് മതാനുയായികൾക്ക് നൽകുവാൻ കഴിയണം.

3. ഏഷ്യയിലെ മിഷൻ കോൺഗ്രസ്സ്

ഏഷ്യയിലെ മെത്രാൻ സമിതിയുടെ, വേദപ്രചാരസംഘം 2006 ൽ സംഘടിപ്പിച്ച മിഷൻ കോൺഗ്രസ്സ് വളരെ പ്രാധാന്യമുള്ളതായിരുന്നു. ഏഷ്യൻ ഭൂഖണ്ഡത്തിലെ ഒന്നാമത്തെ മിഷൻ കോൺഗ്രസ്സായിരുന്നു അത്. മിഷൻ കോൺഗ്രസ്സ് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലാണ് അധികം സംഘടിപ്പിച്ചിട്ടുള്ളത്. 2006, ഒക്ടോ. 18-22 വരെ തായ്ലാന്റിലെ "ചിംങ്ങ് - മായ്" എന്ന നഗരത്തിലാണ് ഏഷ്യയിലെ മിഷൻഗ്രസ്സ് സമ്മേളിച്ചത്. 25 ഏഷ്യൻ രാജ്യങ്ങളിൽ നിന്നായി, 1000 -ൽ കൂടുതൽ അംഗങ്ങൾ കോൺഗ്രസ്സിൽ പങ്കെടുത്തു. ഇൻഡ്യയിൽ നിന്നും കർദ്ദിനാളന്മാർ, മെത്രാന്മാർ, വൈദീകർ, അല്മായർ ഇങ്ങനെ 50 പേരോളം പങ്കെടുത്തു. വിവിധ ഏഷ്യൻ രാജ്യങ്ങളിലെ വിഭിന്നമായ ഭാഷയിലും, സംസ്കാരത്തിലും ക്രിസ്തുവിന്റെ ജീവിതം അവതരിപ്പിക്കപ്പെട്ടപ്പോൾ അത് പങ്കെടുത്തവർക്കെല്ലാം അവാച്യമായ ആത്മീയാനുഭൂതിയായി. വിശ്വാസത്തിൽ ആഴപ്പെടുവാൻ അത് കാരണമായി. യേശു പ്രസംഗിച്ചതും, പഠിപ്പിച്ചതും, ജീവിച്ചതും, ഏഷ്യൻ സംസ്കാരത്തിലും, ഭാഷയിലും, ദർശനത്തിലുമാണ് പങ്കെടുത്തവർ അവതരിപ്പിച്ചത്. വർണ്ണങ്ങളിലും, സ്വരമാധുരിമയിലും നൃത്തചുവടുകളിൽ കൂടിയുമാണ് അംഗങ്ങൾ മിശിഹാ ചരിത്രം അവതരിപ്പിച്ചത്. യേശുവിനെ, അതിന്റെ പൂർണ്ണതയിൽ ഏഷ്യയിലെ ജനങ്ങൾക്ക് നൽകുക. അതിനുള്ള ഒരു വലിയ പരിശ്രമമാണ് മിഷൻകോൺഗ്രസ്സിൽ നിറഞ്ഞു നിന്നത്. ഇതിന്റെ ഒരു തുടർച്ചയെന്നോണം ഭാരതത്തിന്റെ പശ്ചാത്തലത്തിൽ യേശുവിനെ അവതരിപ്പിക്കുവാനുള്ള ഒരു

പരിശ്രമം ബോംബെ നഗരത്തിൽ നടന്നു.

4. പ്രഭു യേശു മഹോത്സവ്

ഇൻഡ്യയിലെ മൂന്ന് കത്തോലിക്കസഭകളുടെയും സംയുക്ത സമിതിയായ CBCI യുടെ മേൽനോട്ടത്തിലാണ് ഇൻഡ്യയിലെ മിഷൻ കോൺഗ്രസ്സ് 2009, ഒക്ടോ. 14-18 വരെ സംഘടിപ്പിച്ചത്. ബോംബെയിലെ സെന്റ് പയസ് മേജർ സെമിനാരിയായിരുന്നു കോൺഗ്രസ്സിന്റെ സമ്മേളന സ്ഥലമായി തെരഞ്ഞെടുത്തത്. ഇൻഡ്യയുടെ സംസ്കാരപാരമ്പര്യത്തിൽ യേശുക്രിസ്തുവിനെ പൂർണ്ണതയിൽ മറ്റ് മതങ്ങൾക്ക് ആദരണീയനായി അവതരിപ്പിയ്ക്കുക എന്നതായിരുന്നു മിഷൻ കോൺഗ്രസ്സിന്റെ ലക്ഷ്യം. ഭാരതീയ തനിമയിലുള്ള ഒരു ആവിഷ്കാരമെന്ന നിലയിൽ "പ്രഭു യേശു മഹോത്സവ്" എന്ന പേരാണ് കോൺഗ്രസ്സിന് നൽകിയത്. ഇൻഡ്യയിലെ എല്ലാ രൂപതകളിൽ നിന്നായി 1200 പേർ മഹോത്സവത്തിൽ പങ്കുകൊണ്ടു. എടുത്തുപറയേണ്ട ഒരു വസ്തുത, ഭാരതത്തിലെ ജനങ്ങൾ പ്രകാശത്തിന്റെ ഉത്സവമായ "ദീപാവലി" ആഘോഷിച്ച അവസരത്തിലാണ് ക്രൈസ്തവർ പ്രഭുയേശു മഹോത്സവ് ആഘോഷിച്ചത്. പ്രഭു യേശു മഹോത്സവത്തിന്റെ ആപ്തവാക്യം "നിന്നിലെ പ്രകാശം ജ്വലിക്കട്ടെ; സന്ദേശവും, സന്ദേശവാഹകരും ആയി മാറുക." ഭാരതം മുഴുവൻ പ്രകാശത്തിന്റെ ഉത്സവം കൊണ്ടാടുമ്പോൾ "യേശുവിനെ ലോകത്തിന്റെ പ്രകാശമായി" അവതരിപ്പിയ്ക്കുവാനുള്ള പരിശ്രമം എല്ലാം കൊണ്ടും അർത്ഥപൂർണ്ണമായിരുന്നു.

സമ്മേളനം പ്രകാശത്തിന്റെ നാഥനായ ക്രിസ്തുവിലുള്ള വിശ്വാസം അനാവരണം ചെയ്യുവാനുള്ള ഒരു അസുലഭ സന്ദർഭമായിരുന്നു. പ്രാർത്ഥനകൾ, അർച്ചനാരൂപങ്ങൾ, ഗാനലയങ്ങൾ, നൃത്തച്ചുവടുകൾ എല്ലാം യേശുവിനെ അതിന്റെ പൂർണ്ണതയിൽ അവതരിപ്പിക്കുവാനുള്ള ഒരു യജ്ഞം. ഭാരതത്തിൽ വ്യത്യസ്ത പാരമ്പര്യമുള്ള മൂന്നു വ്യക്തിസഭകളുണ്ട്. പ്രകാശത്തിന്റെ നാഥനായ യേശുക്രിസ്തുവിനെ അവതരിപ്പിയ്ക്കുക എന്ന ആശയത്തിനാണ് വ്യത്യസ്ത ചരിത്രപശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഈ സഭകൾ അനാവരണം ചെയ്യുവാൻ പരിശ്രമിച്ചത്.

ഇതിന്റെ Follow up എന്നവണ്ണം കേരളത്തിലും ഒരു "മിഷൻ കോൺഗ്രസ്സ്" സമ്മേളനത്തിനുള്ള സന്ദർഭം വേഗം ഉണ്ടാകട്ടെ.

5. സംസ്കാരസങ്കലനം (Inter-culturation)

രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം ദൈവശാസ്ത്രരംഗത്ത് പ്രത്യേകിച്ച് സഭയുടെ മിഷൻ ദൈവശാസ്ത്ര മേഖലയിൽ

കൂടുതൽ ഉപയോഗം കണ്ടെത്തിയ പദമാണ് സാംസ്കാരികാനുരൂപണം (Inculturation). മിഷൻ ദൈവശാസ്ത്രത്തിലും, ആരാധനശാസ്ത്രത്തിലും കൂടുതൽ സ്വീകാര്യത ലഭിച്ച ആശയം. സാംസ്കാരികാനുരൂപണം എന്ന ആശയത്തിന്റെ ഉപജ്ഞാതാക്കൾ പാശ്ചാത്യ ദൈവശാസ്ത്രജ്ഞന്മാരായിരുന്നു. അവരായിരുന്നു ഇതിന്റെ വലിയ വക്താക്കളായി രംഗത്ത് വന്നത്. ഭാരതീയ ദൈവശാസ്ത്രന്മാരും ഈ ചിന്താധാരയ്ക്ക് വളരെ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.

ഇന്ന് ദൈവശാസ്ത്രരംഗത്ത്, പ്രത്യേകിച്ചു ഏഷ്യയുടെ മത-സാംസ്കാരിക പാരമ്പര്യത്തിൽ കൂടുതൽ അനുയോജ്യമായ കാഴ്ചപ്പാടായി സ്വീകരിക്കപ്പെട്ടിരിക്കുന്നതു "സംസ്കാരസങ്കലനം" (Inter-culturation) ആണെന്നു തോന്നുന്നു. ഏഷ്യയിലെ പ്രബലമായ മതങ്ങൾക്കും, കുലീന സംസ്കാര പാരമ്പര്യങ്ങൾക്കും ക്രൈസ്തവർക്ക് പ്രാർത്ഥനാരീതിയിലും, ധ്യാനചിന്തയിലും ധാരാളം ഉൾകാഴ്ചകൾ നൽകുവാൻ കഴിയും. അവ യേശുവിന്റെ സുവിശേഷ മൂല്യങ്ങൾക്ക് ഒരു തരത്തിലും വിഘാതമായിരിക്കയില്ല. അതേസമയം ഏഷ്യയിലെ മത-ആത്മീയ പാരമ്പര്യങ്ങൾക്ക് യേശുവിന്റെ പഠനങ്ങളിൽ നിന്നും, ക്രൈസ്തവരുടെ ജീവിതസാക്ഷ്യത്തിൽ നിന്നും വളരെയേറെ സാംശീകരിക്കുവാനുണ്ട്. മതപരിവർത്തനമല്ല ഇവിടെ അത്യന്തിക ലക്ഷ്യം. മറിച്ച് മറ്റ് മതങ്ങളിലെ നല്ല മൂല്യങ്ങളെ ആർജ്ജിയ്ക്കുവാനുള്ള മനഃപരിവർത്തനം. ഈ അർത്ഥത്തിൽ ഏഷ്യയിൽ മതങ്ങൾക്ക് - ക്രൈസ്തവമതവും മറ്റു മതങ്ങളും - പരസ്പരം പൂരകങ്ങളായി വർത്തിക്കുവാൻ കഴിയും. പരസ്പര വിശ്വസ്തതയിലും പങ്കുവെയ്ക്കലിലും കൂടി വളർന്ന് ഫലസമൃദ്ധമാകുവാൻ മതങ്ങൾക്ക് സാധിക്കും. ഇവിടെയാണ് "സംസ്കാരസങ്കലനം" നടക്കുക. വിശ്വാസത്തിന്റെ പാതയിൽ മതങ്ങൾ പരസ്പരം പൂരകങ്ങളാകുക.

സമാപനം

ഏഷ്യയിലെ സഭ ഇന്ന് ആഗ്രഹിക്കുന്നത് മതപരിവർത്തനമല്ല. മറിച്ച് മനഃപരിവർത്തനമാണ്. മറ്റ് മതസ്ഥർക്ക്, സംസ്കാരങ്ങൾക്ക് യേശുവിനെ അറിയുവാനും, അനുഭവിയ്ക്കുവാനുള്ള അവസരമുണ്ടാകുക. ഏഷ്യൻ ജനസംഖ്യയിൽ 2% മാത്രമേ ക്രൈസ്തവരുള്ളു. ഏഷ്യയുടെ മുഴുവൻ 'പുളിമാവായി ഏഷ്യകാർക്കു മനസ്സിലാകത്തക്കവിധത്തിൽ യേശുവിനെ അവതരിപ്പിക്കുവാൻ ഏഷ്യയിലെ സഭയ്ക്ക് സാധിക്കട്ടെ.

* * * * * * * * * *

"താലി ഒരു ഹൈന്ദവമൂർത്തിയുടെ പ്രതീകമാണ്. അതുവഴിയായി പിശാച് മനുഷ്യഹൃദയങ്ങളിൽ കടന്നു കൂടുന്നു" എന്നാണ് അവരുടെ പ്രബോധനം. ക്രൈസ്തവർ ഉപയോഗിക്കുന്ന താലിയിൽ കുരിശിന്റെ രൂപം വെച്ച് അതിനെ ക്രൈസ്തവീകരിച്ചുകൊണ്ടാണ് നമ്മുടെ പൂർവികർ ഉപയോഗിച്ചിരുന്നത്. ഇന്നു കേരളസഭയിലെ അംഗങ്ങളെല്ലാം താലികെട്ട് വിവാഹത്തിൽ ജനിച്ചവരാണ്. നമ്മുടെ പൂർവികർ വളരെ പ്രാധാന്യം കൊടുക്കുന്ന ഈ പ്രതീകത്തെ കുറേപേർ കടന്നാക്രമിക്കുകയാണ്. താലികഴുത്തിലുള്ളവരുടെ തലയിൽ കൈവച്ച് വൈദികൻ പ്രാർത്ഥിക്കുകയില്ല. പ്രാർത്ഥിക്കണമെങ്കിൽ താലിമാല മാറ്റിവയ്ക്കണം. താലി സാത്താന്റെ പ്രതീകമാണ്. ഇങ്ങനെ പോകുന്നു ഇത്തരക്കാരുടെ പഠനങ്ങൾ.

ഭാരതീയ പ്രതീകങ്ങളും ക്രൈസ്തവ വിശ്വാസവും*

ആദ്യം നിങ്ങൾ ഇതു മനസ്സിലാക്കുവിൻ. വി.ലിഖിതത്തിലെ വചനങ്ങൾ ആരുടേയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല" (2 പത്രോ. 1:20). ഓരോ വ്യക്തിയും സ്വന്തം ബോധ്യങ്ങളും അറിവും വച്ച് സുവിശേഷ വ്യാഖ്യാനം നടത്തിയാൽ സഭയിൽ ഭിന്നത മാത്രമേ ശേഷിക്കയുള്ളു. പ്രൊട്ടസ്റ്റന്റ് വിപ്ലവത്തെ തുടർന്നുണ്ടായ സ്വതന്ത്ര ദൈവവചന വ്യാഖ്യാനമാണ് ധാരാളം സഭകൾക്ക് രൂപം നൽകിയത്. പരസ്പരം മത്സരിച്ച്, ഭിന്നിപ്പ് പടർത്തി തങ്ങളുടെ മാത്രമാണ് പൂർണമായ സുവിശേഷ വ്യാഖ്യാനം എന്ന് ഉദ്ഘോഷിക്കുന്ന നൂറു കണക്കിനു സഭകളുണ്ട്. അവരുടെ പ്രഘോഷണത്തിൽ വലിയ കഴമ്പൊന്നും കാണാനാവില്ല. ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാനാണ് സഭ

---

* ഡോ. കുരിയാക്കോസ് മുണ്ടാടൻ (Ed.); വഴിതെറ്റുന്ന വിശ്വാസം എസ്.എച്ച്.ലീഗ്, ആലുവ 2009, പേജ് 283-289.

യുടെ ആരംഭത്തിൽ തന്നെ വി.പൗലോസ് ശ്ലീഹായുടെ വാക്കുകളിലൂടെ സുവിശേഷത്തിന്റെ സ്വതന്ത്രമായ വ്യാഖ്യാനത്തെ പരിശുദ്ധാത്മാവ് നിഷേധിച്ചത്. ആത്മാവിനാൽ പ്രചോദിതരായവർക്കു മാത്രമേ സുവിശേഷം വ്യാഖ്യാനിക്കുവാൻ അധികാരമുള്ളു. അത് ഒരിക്കലും സ്വന്തം പ്രബോധനങ്ങൾ അനുസരിച്ചാകരുത്.

നിലവിളക്ക്, താലി, ദീപാരതി എന്നിവ കേരളസഭയുടെ ഭക്താനുഷ്ഠാനങ്ങളുടെ ഭാഗമായി ദേവാലയങ്ങളിൽ ഉപയോഗിക്കാൻ തുടങ്ങിയിട്ട് നൂറ്റാണ്ടുകളായി. അൾത്താരയും മറ്റും അലങ്കരിക്കാൻ ചെമ്പരത്തി, ആന്തൂറിയം തുടങ്ങിയ പുഷ്പങ്ങളും ഉപയോഗിക്കാറുണ്ട്. കേരളത്തിലെ സഭ ഒരു സംശയവും കൂടാതെ അനേകവർഷങ്ങളായി ആരാധനയിലും കൂദാശകളിലും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രതീകങ്ങളാണ് ഇവ. ആരുമിതിൽ ഒരു പൈശാചിക പ്രേരണയോ ലൈംഗികാസക്തിയോ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഇന്ന് ഇത്തരം പ്രതീകങ്ങൾ പൈശാചികമാണെന്ന് പ്രസംഗിച്ച് വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രവണത വളരെ ശക്തിപ്പെട്ടിട്ടുണ്ട്. ഏതാനും ചില സ്വതന്ത്ര സുവിശേഷ വ്യാഖ്യാതക്കളുടെ കണ്ടുപിടിത്തമാണിതെല്ലാം.

നിലവിളക്ക്

ആദ്യനൂറ്റാണ്ടു മുതലേ കേരളസമൂഹത്തിൽ ഹൈന്ദവരും ക്രൈസ്തവരും ഒരു പോലെ മതകർമ്മങ്ങൾക്കും മറ്റ് പൊതുപരിപാടികൾക്കും ഉപയോഗിക്കുന്ന നിലവിളക്കിന് സത്യപ്രകാശമായ ഈശ്വരന്റെ പ്രതീകാത്മകതയാണുള്ളത്. പ്രകാശം എല്ലാ സംസ്കാരങ്ങളിലും ദൈവത്തിന്റെ സാന്നിധ്യമാണ്. ക്രിസ്തുതന്നെ പറഞ്ഞിട്ടുണ്ട് "ഞാൻ ലോകത്തിന്റെ പ്രകാശമാണ്; എന്നെ പിന്തുടരുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല" (യോഹ 8:12). ദൈവത്തിന്റെ സാന്നിധ്യമായിട്ടാണ് എല്ലാവരും നിലവിളക്കിനെ മനസ്സിലാക്കിയിരുന്നത്. വിളക്കിന്റെ പ്രാധാന്യത്തിലേറെ പ്രകാശത്തിനാണ് പ്രാധാന്യം നൽകിയിരുന്നത്.

അടുത്തകാലത്ത് കുറേപ്പേർ കേരളസഭയിൽ, "ഈ വിളക്ക് ശിവലിംഗത്തെയാണ് സൂചിപ്പിക്കുന്നത്; ഇതുപയോഗിക്കുന്ന ക്രൈസ്തവർ ശിവലിംഗത്തെ പൂജിക്കുകയാണ്" എന്ന പ്രസ്താവനയുമായി രംഗത്തു വന്നു. ഈ വിളക്ക് നിർമ്മിച്ച കലാകാരന് ഇങ്ങനെയൊരു ചിന്തയോ, ഭാവനയോ ഉണ്ടായിരിക്കണമെന്നില്ല. കാലങ്ങളായി ഇതുപയോഗിച്ചിരുന്ന ആർക്കും ഇതിൽ ഒരു തെറ്റും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. ഇങ്ങനെയുള്ള അന്ധവിശ്വാസം പുലർത്തുന്നവർ ആട്ടു

കല്ലും, അമ്മിക്കല്ലുമെല്ലാം ശിവലിംഗമാണെന്ന വിശ്വാസത്തിൽ അതെല്ലാം വീട്ടിൽ നിന്ന് എടുത്തുമാറ്റേണ്ടിവരും.

നമ്മുടെ ഹൈന്ദവ സഹോദരങ്ങൾ ശിവലിംഗത്തെ പൂജിക്കുന്നു എന്ന വസ്തുത ശരിയാണ്. എന്നാൽ അതിന്റെ മാതൃകയിലുള്ള തെ ല്ലാം ശിവലിംഗമാണെന്ന ധാരണ കൊണ്ടുവന്നാൽ ജീവിതം തന്നെ ബുദ്ധിമുട്ടാകും. ശിവലിംഗം വിശ്വാസിയുടെ ഉള്ളിലാണ് രൂപം കൊള്ളുന്നത്. തെറ്റായ പ്രബോധനം മനസ്സിൽ സൂക്ഷിക്കുമ്പോൾ തെറ്റായ വീക്ഷണങ്ങളും തോന്നലുകളും ആണ് മനസ്സിൽ രൂപപ്പെടുക.

ഹൈന്ദവർ ആരാധനയ്ക്ക് നിലവിളക്ക് ഉപയോഗിക്കുന്നതിനാൽ ക്രൈസ്തവർ അതുപയോഗിക്കാൻ പാടില്ല എന്നു പറയുന്നത് ഭോഷത്തമാണ്. അങ്ങനെയെങ്കിൽ പശു ഹൈന്ദവരുടെ പൂജ്യമൃഗമാണ്, അതിനെ ക്രൈസ്തവരുടെ മുറ്റത്തു കെട്ടുന്നതെങ്ങനെ? പശുവിന്റെ പാൽ ക്രൈസ്തവനു കുടിക്കുവാൻ കഴിയുന്നതെങ്ങനെ? അഗ്നി ഹൈന്ദവർ ഹോമത്തിനുപയോഗിക്കുന്നു. അഗ്നിയിലാണ് ഹോമത്തിനാവശ്യമായവ നിക്ഷേപിക്കുന്നത്. അഗ്നിദേവന്മാരുടെ മുഖമാണ് എന്നു ഋഗ്വേദ മന്ത്രമുണ്ട്. ക്രൈസ്തവരുടെ വീടുകളിൽ നിന്നും അഗ്നി അപ്പാടെ നീക്കികളയുവാൻ സാധിക്കുമോ?

ഇവിടെയെല്ലാം മനുഷ്യമനസ്സിൽ രൂപപ്പെടുന്ന ബോധ്യങ്ങൾക്കാണ് പ്രാധാന്യം. ബോധ്യങ്ങൾ സംസ്കാരത്തിന്റെയും, വിശ്വാസത്തിന്റെയും, ശരിയായ പഠനങ്ങളുടെയും പശ്ചാത്തലത്തിലാണ് രൂപപ്പെടേണ്ടത്. അല്ലാതെ ഹൈന്ദവർ ഉപയോഗിക്കുന്നതുകൊണ്ട് ക്രൈസ്തവനു നിഷിദ്ധമാണ് എന്നു പറയുന്നതിൽ ഒരർത്ഥമില്ല. ഇന്ന് ക്രൈസ്തവർ ഉപയോഗിക്കുന്ന നിലവിളക്കിൽ കുരിശിന്റെ രൂപം വെയ്ക്കാറുണ്ട്. ക്രൈസ്തവീകരിക്കുന്നതിനു വേണ്ടിയാണ് അപ്രകാരം ചെയ്യുന്നത്. അങ്ങനെയെങ്കിൽ നിലവിളക്ക് പള്ളിയിൽ ഉപയോഗിക്കുന്തിൽ ഒരു തെറ്റുമില്ല.

താലികെട്ട്

വിവാഹത്തിലെ താലികെട്ടൽ കർമ്മം വിശ്വസ്തതയുടെയും അർപ്പണത്തിന്റെയും പ്രതീകമായിട്ടാണ് ഭാരതീയർ മനസ്സിലാക്കിയിട്ടുള്ളത്. വളരെ അർത്ഥവത്തായ പ്രതീകമാണ് ഇത്. വിവാഹം ക്രൈസ്തവ പാരമ്പര്യത്തിൽ ഒരു ഉടമ്പടിയാണ്; രണ്ടു വ്യക്തികൾ തമ്മലുള്ള ഉടമ്പടി. ഇതു ജന്മമെടുക്കുന്നതും പുഷ്പിക്കുന്നതും ദൈവത്തിന്റെ അനന്തകാരുണ്യത്താലാണ്.

കേരളത്തിലെ ക്രൈസ്തവർ വളരെ പ്രാധാന്യം കൊടുക്കുന്ന

താലികെട്ടിന് എതിരായി ഏതാനും ആക്ഷേപങ്ങൾ അടുത്തകാലത്ത് ഉയർന്നവന്നിട്ടുണ്ട്. പുതിയ ചില സഭകളിലെ വൈദികരാണ് ഇതിന്റെ പ്രചാരകർ. "താലി ഒരു ഹൈന്ദവമൂർത്തിയുടെ പ്രതീകമാണ്. അതു വഴിയായി പിശാച് മനുഷ്യഹൃദയങ്ങളിൽ കടന്നു കൂടന്നു" എന്നാണ് അവരുടെ പ്രബോധനം. ക്രൈസ്തവർ ഉപയോഗിക്കുന്ന താലിയിൽ കുരിശിന്റെ രൂപം വെച്ച് അതിനെ ക്രൈസ്തവീകരിച്ചുകൊണ്ടാണ് നമ്മുടെ പൂർവ്വികർ ഉപയോഗിച്ചിരുന്നത്. ഇന്നു കേരളസഭയിലെ അംഗങ്ങളെല്ലാം താലികെട്ട് വിവാഹത്തിൽ ജനിച്ചവരാണ്. നമ്മുടെ പൂർവികർ വളരെ പ്രാധാന്യം കൊടുക്കുനന ഈ പ്രതീകത്തെ കുറേ പ്പേർ കടന്നാക്രമിക്കുകയാണ്. താലി കഴുത്തിലുള്ളവരുടെ തലയ്ക്ക് കൈവെച്ച് വൈദികൻ പ്രാർത്ഥിക്കുകയില്ല, പ്രാർത്ഥിക്കണമെങ്കിൽ താലിമാല മാറ്റിവയ്ക്കണം. താലി സാത്താന്റെ പ്രതീകമാണ്. ഇങ്ങനെ പോകുന്നു ഇത്തരക്കാരുടെ പഠനങ്ങൾ.

വിശ്വസ്തതയുടെയും, സമർപ്പണത്തിന്റെയും പ്രതീകമായ താലി ഒരു കാരണവശാലും ക്രൈസ്തവർ ഉപേക്ഷിക്കേണ്ടതില്ല. മാത്ര മല്ല സാംസ്കാരിക അനുരൂപണം വളരെ പഴയ കാലം മുതല്ക്കേ കേരളസഭയിൽ ഉണ്ടായിരുന്നു എന്നതിന്റെ തെളിവു കൂടിയാണ് വിവാഹത്തിനുപയോഗിക്കുന്ന താലി.

ദീപ, ധൂപ, പുഷ്പ ആരതി

ഭാരതസംസ്കാരത്തിലും, പൈതൃകത്തിലും അടിസ്ഥാനമുറപ്പി ച്ചിട്ടുള്ള ഒരു പ്രതീകമാണ് ഗുരുക്കന്മാരേയും, മഹത് വ്യക്തികളേയും, വിവാഹാവസരത്തിൽ വധുവരന്മാരെയും ധൂപ, ദീപ, പുഷ്പ ആര തിയോടെ സ്വീകരിക്കുക എന്നത്. കുലീനത്വമുള്ള ഒരു ആചാരമാണി ത്. ഭാരതീയർ വലിയ മഹത്ത്വം കല്പിക്കുന്നത പ്രതീകം. ഈ ആച രണത്തിന്റെ കൂടെ സാധാരണ ചന്ദനലേപനവും നടത്താറുണ്ട്. ചന്ദ നം ഐശ്വര്യത്തിന്റെ സുഗന്ധക്കൂട്ടാണ്. ഈ ആചരണം അമ്പല ങ്ങളിലും തീർത്ഥകേന്ദ്രങ്ങളിലും മൂർത്തിക്ക് നൽകാറുണ്ട്. മതകർമ്മ ങ്ങളിൽ ഈ കർമ്മം അനുഷ്ഠിക്കുമ്പോൾ ദേവൻ കണ്ണുതുറന്ന്, സാധകരിൽ സംപ്രീതനായി, അവരിൽ അനുഗ്രഹമഴ വർഷിക്കുന്നു എന്നതാണ് വിശ്വാസം.

ഭാരതസഭയിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സാം സ്കാരിക അനുരൂപണത്തിന്റെ വെളിച്ചത്തിൽ ധൂപ, ദീപ, പുഷ്പാ രതി നടപ്പിൽ വന്നു. ഇന്ന് കേരള സഭയിൽ പ്രധാന തിരുനാളുകളി ലും, പ്രത്യേകിച്ച് വി. കുർബ്ബാനയുടെ ആരാധനയ്ക്കും ഈ പ്രതീകം സാധാരണയായി ഉപയോഗിക്കുന്നുണ്ട്. ദൈവത്തിനുള്ള ആരാധ

നയുടെ, ബഹുമാനത്തിന്റെ സൂചനയാണിത്. പ്രകൃതിയിൽ നിന്നും എടുത്ത വിശിഷ്ട വസ്തുക്കളാണ് ധൂപവും ദീപവും പുഷ്പവും. ഭാരതീയ പൈതൃകത്തിലധിഷ്ഠിതമായ ഈ പ്രതീകത്തിന്റെ അർത്ഥം മനസ്സിലാക്കാത്തവരാണ് ഇതിനെ അന്ധവിശ്വാസമെന്നും ഹൈന്ദവപൂജയുടെ ഭാഗമെന്നും പറഞ്ഞ് മുറവിളികൂട്ടുന്നത്. ഭാരതത്തിന്റെ പൈതൃകത്വത്തിലുള്ള ഈ ആചരണത്തെ ഭാരതത്തിലെ ക്രൈസ്തവസഭ വളരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ആരാധനയുടെ ശേഖരണത്തിൽ ഭാരതത്തിന്റെ സംഭാവനയായി ഈ പ്രതീകത്തെ മനസ്സിലാക്കാവുന്നതാണ്.

പ്രതീകങ്ങൾ

മനുഷ്യജീവിതത്തിലെ മേഖലകളും പ്രതീകങ്ങൾകൊണ്ട് നിറഞ്ഞതാണ്. നമ്മുടെ അനുദിന ജീവിതത്തിൽ തന്നെ നാം ധാരാളം പ്രതീകങ്ങൾ ഉപയോഗിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ അതിഥികളെ സ്വീകരിക്കുന്നത് കൈകൂപ്പി അഞ്ജലിമുദ്രയോടെയാണെങ്കിൽ പടിഞ്ഞാറൻ രാജ്യങ്ങളിൽ അത് ഷേക്ക്ഹാന്റ്സ് ആചരണത്തിലൂടെയാണ്. ഒരു മതത്തെ അതിന്റെ ആഴത്തിൽ മനസ്സിലാക്കുന്നത് അതിന്റെ പ്രബോധനങ്ങളേക്കാളുപരി അത് വിലമതിക്കുന്ന പ്രതീകങ്ങളിലൂടെയാണ്.

ദൈവാരാധനയിലും പ്രതീകങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. ദൈവാരാധന പ്രതീകങ്ങളിലൂടെയാണ് അനാവരണം ചെയ്യപ്പെടുന്നത്. പ്രതീകങ്ങളിലൂടെയല്ലാതെ അരൂപിയായ ദൈവത്തെ സമീപിക്കുക സാധ്യമല്ല. പ്രതീകങ്ങൾ വെറും അടയാളമല്ല, അത് എന്തിനെ പ്രതിനിധാനം ചെയ്യുന്നുവോ, ഒരു പരിധിവരെ അതിനെ സംവഹിക്കുന്നു. ഉദാഹരണത്തിന് ദേശീയ പതാക കാണുമ്പോൾ, അതിനെ ബഹുമാനിക്കുമ്പോൾ സ്വന്തം രാജ്യത്തെ ബഹുമാനിക്കുന്നു എന്ന പ്രതീതിയാണ് ഉത്തമ ദേശഭക്തനിൽ അങ്കുരിക്കുക. ദേശീയ പതാക രാജ്യത്തെ പ്രതിനിധീകരിക്കുന്നു.

യേശു അപ്പത്തിന്റേയും വീഞ്ഞിന്റേയും പ്രതീകങ്ങളിലൂടെയാണ് തന്നെത്തന്നെ നമുക്ക് നൽകിയത്. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും യേശു നൽകിയ പ്രതീകങ്ങൾക്ക് മാറ്റമില്ല. എന്നാൽ യേശു നൽകിയ ശുശ്രൂഷ ഓരോ സംസ്കാരത്തിലും വ്യത്യസ്ത രീതിയിലാണ്, വ്യത്യസ്ത ഭാഷയിലാണ് വളർന്നുവന്നത്. നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ എന്റെ ഓർമ്മക്കായി ഇത് അനുഷ്ഠിക്കുവിൻ എന്നുമാത്രമേ യേശു പറഞ്ഞിട്ടുള്ളു. ഓരോ സംസ്കാരത്തിലും ആ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ദൈവാരാധന രൂപംകൊണ്ടു. അങ്ങനെയാണ് സഭ

യിൽ വ്യത്യസ്ത റീത്തുകൾ ആവിർഭവിച്ചത്. വിശ്വാസം ജീവിക്കുന്ന രീതിയാണ് റീത്ത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രതീകങ്ങൾക്ക് ദൈവാരാധനയിൽ വലിയ സ്ഥാനമുണ്ട്.

ക്രൈസ്തവീകരണം

മെഴുകുതിരി കത്തിക്കുന്നതും, ധൂപം വീശുന്നതും ക്രൈസ്തവം, നിലവിളക്ക് കത്തിക്കുന്നത് അക്രൈസ്തവം എന്നാണ് ചിലർ പഠിപ്പിക്കുന്നത്. ക്രൈസ്തവസഭയുടെ ചരിത്രം പരിശോധിച്ചാൽ മേൽപറഞ്ഞ രണ്ട് ആചാരങ്ങളും പേഗൻ മതത്തിൽ നിന്നാണ് ക്രൈസ്തവസഭ സ്വീകരിച്ചിട്ടുള്ളത്. പേഗൻ ആരാധനയിൽ വിഗ്രഹത്തിനുമുമ്പിൽ ധൂപം വീശിയിരുന്നു. ക്രൈസ്തവസഭ കുറച്ചുനൂറ്റാണ്ടുകൾക്ക് ശേഷം മാത്രമേ മെഴുകുതിരിയും ധൂപാർപ്പണവും സ്വീകരിച്ചുള്ളു. കാലാന്തരത്തിൽ ക്രൈസ്തവസഭ വളരുകയും പേഗൻമതം ഇല്ലാതാകുകയും ചെയ്തപ്പോൾ പല പേഗൻ ആചാരങ്ങളും ക്രൈസ്തവീകരിക്കപ്പെട്ടു.

മറ്റൊരു ഉദാഹരണമാണ് ക്രിസ്മസ്. ഡിസംബർ 25 സൂര്യദേവന്റെ ജന്മദിനമായിട്ടാണ് റോം ആഘോഷിച്ചിരുന്നത്. പേഗൻ മതം ഇല്ലാതായപ്പോൾ നീതിസൂര്യനായ ക്രിസ്തു സൂര്യദേവന്റെ സ്ഥാനത്തു വന്നു. നാലാം നൂറ്റാണ്ടോടുകൂടി ഡിസംബർ 25 ക്രിസ്മസ് ആയി ലോകം ആസകലം ആഘോഷിക്കപ്പെട്ടു. ക്രൈസ്തവമതം ഒരു സംകാരത്തിന്റേയോ ഒരുജനതയുടേയോ കൂത്തകയല്ല. എല്ലാ ദേശങ്ങളിലും, സംസ്കാരങ്ങളിലും സഭ വളരുകയും അവിടത്തെ സംസ്കാരവും ആചാരരീതികളും സ്വന്തമാക്കുകയും ചെയ്യുന്ന അവസ്ഥയാണ്. ആചരണത്തിലുള്ള വൈവിധ്യമാണ് സഭയിൽ ആദ്യകാലം മുതല്ക്കേ നാം കാണുന്നത്. അതുകൊണ്ടാണ് കത്തോലിക്കാ സഭ 22 വ്യക്തിസഭകളുടെ കൂട്ടായ്മയായി നാം മനസ്സിലാക്കുന്നത്. എല്ലാ സഭകളുടെയും വിശ്വാസം ഒന്നാണ്. എന്നാൽ വിശ്വാസം ജീവിക്കുന്നത് വ്യത്യസ്ത രീതിയിൽ, വ്യത്യസ്ത ആചാരങ്ങളിലൂടെയാണ്. അക്രൈസ്തവ സംസ്കാരങ്ങളെ സഭ അപ്പാടെ തള്ളിക്കളയുന്നില്ല. അവയിൽ നന്മയായിട്ടുള്ളതെല്ലാം സ്വീകരിക്കുവാനും, വളർത്തുവാനും സഭയ്ക്ക് അവകാശമുണ്ട്. സുവിശേഷം സംസ്കാരങ്ങളെ നശിപ്പിക്കുകയല്ല, മറിച്ച് ആ സംസ്കാരങ്ങളെ സമ്പന്നമാക്കുകയും, ആ സംസ്കാരങ്ങളിൽ നിന്നും നല്ല അംശങ്ങൾ സ്വീകരിച്ചുകൊണ്ട് സഭ വളരുകയും ചെയ്യുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ അക്രൈസ്തവമതങ്ങളെപ്പറ്റി പഠിപ്പിക്കുന്നത്, ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ

സഭ തിരസ്കരിക്കുന്നില്ല: മറ്റു മതങ്ങളിലെ പ്രവർത്തനരീതികളും ജീവിതമുറകളും പഠിപ്പിക്കുകയും ചെയ്യുന്നതിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസഭ അവയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടെയാണ് നിരീക്ഷിക്കുന്നത്. കാരണം സർവ മനുഷ്യരേയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട് (അക്രൈസ്തവമതങ്ങൾ: 2)

സഭയുടെ ആധുനിക കാഴ്ചപ്പാട്

കാലം ചെയ്ത ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ സുപ്രധാനങ്ങളായ രണ്ടു തിരുവെഴുത്തുകളിൽ ഏഷ്യയിലെ സഭയെക്കുറിച്ച് പ്രത്യേകിച്ച് ഭാരതത്തിലെ സഭയെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്: ഒന്ന്: 1998 ൽ പുറത്തിറങ്ങിയ വിശ്വാസവും യുക്തിയും എന്ന ചാക്രികലേഖനം; രണ്ട്: 1999 ൽ പുതിയ സഹസ്രാബ്ദം പ്രമാണിച്ച് ഏഷ്യയിലെ സഭയ്ക്കു വേണ്ടി, ഏഷ്യൻ സിനഡിന്റെ വെളിച്ചത്തിൽ പ്രത്യേകം തയ്യാറാക്കിയ 'സഭ ഏഷ്യയിൽ' എന്ന അപ്പസ്തോലിക പ്രബോധനം.

ഇന്ന് വചനപ്രഘോഷണം പുതിയ മേഖലകളിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. ആദിമ നൂറ്റാണ്ടിലെപ്പോലെ ക്രൈസ്തവസമൂഹം പുതിയ സംസ്കാരങ്ങളെ, പുതിയ ആദ്ധ്യാത്മികപാരമ്പര്യങ്ങളെ കണ്ടുമുട്ടുകയാണ്. പുതിയ സാഹചര്യങ്ങളിൽ ക്രിസ്തുവിനെ അവതരിപ്പിക്കുക, ക്രിസ്തുവിന്റെ സന്ദേശം അവരുടെ പ്രതീകങ്ങളിൽ കൂടിയും അടയാളങ്ങളിൽ കൂടിയും നൽകുക എന്നത് ഇന്ന് ക്രിസ്തുശിഷ്യരുടെ വലിയ കടമയാണ്. പരി. പിതാവ് എഴുതുന്നു (വിശ്വാസവും യുക്തിയും നമ്പർ 72) "ഈ അവസരത്തിൽ എന്റെ ചിന്തകൾ പൂർവ്വ ദിക്കുകളിയേക്ക്, പ്രത്യേകിച്ച് ഭാരതത്തിന്റെ ആദ്ധ്യാത്മികതയിലേക്ക് തിരിയുകയാണ്. പഴമയും പ്രതാപവും പേറുന്ന സമ്പന്നമായ ഒരു ദർശനം അവിടെ കാണാം. ആ സംസ്കാരത്തിൽ ഭാരതത്തിന് പ്രഥമസ്ഥാനമുണ്ട്. മനുഷ്യാത്മാവിനെ ഈ ലോകത്തിന്റെ കെട്ടുപാടുകളിൽ നിന്നും ദുഃഖങ്ങളിൽ നിന്നും വിമുക്തമാക്കി സ്വാതന്ത്ര്യത്തിന്റെ മഹോന്നത പദവിയിലേയ്ക്ക് നയിക്കുന്ന ഒരു അന്തർദാഹം ഭാരതീയ ഗ്രന്ഥങ്ങളിൽ ഉടനീളം കാണുവാൻ സാധിക്കും." ഈ ഉല്ക്കട ആഗ്രഹം ഭാരതീയ ദർശനത്തിന്റെ മുഖമുദ്രയാണ്.

സഭ ഏഷ്യയിൽ' എന്ന പ്രബോധനത്തിൽ പരി.പിതാവ് ഏഷ്യൻ ഭൂഖണ്ഡത്തിന്റെ ആത്മീയതയെത്തന്നെയാണ് ഉയർത്തിക്കാണിക്കുന്നത്. പ്രാധാന്യമുള്ള രേഖയിൽ രണ്ടു പ്രധാന കാര്യങ്ങൾ പരി.പി

താവ് മുന്നോട്ടുവയ്ക്കുന്നു. ഒന്ന്, സാസ്കാരിക അനുരൂപണത്തിന്റെ ആവശ്യകത; രണ്ട് ഏഷ്യൻ മൂല്യങ്ങൾ ആഴത്തിൽ പഠിപ്പിക്കുകയും, ജീവിക്കുകയും ചെയ്യുന്ന ക്രിസ്തുദാസരെ ഒരുക്കുന്നതിന്റെ ആവശ്യകത. ഏഷ്യൻ സംസ്കാരങ്ങളിലും, മതങ്ങളിലും ധാരാളം നല്ല മൂല്യങ്ങൾ ഉണ്ട്. ആത്മീയവീക്ഷണം, ലളിതജീവിതം, കഠിനാദ്ധ്വാനം, ഗുരുഭക്തി, പ്രകൃതിയോടുള്ള സ്നേഹ, യോഗ, ഭജൻ, ഈശ്വരപ്രണിധാനം. സമ്പന്നമായ ഈ മൂല്യങ്ങളെല്ലാം ഏഷ്യയിലെ സഭാതത്ത്വത്തിൽ സ്വീകരിച്ചാൽ പോരാ, ജീവിതം കൊണ്ടു സാക്ഷാത്കരിക്കണം എന്നാണ് പരി.പിതാവിന്റെ പ്രബോധനം. ഭാരതത്തിലെ ക്രൈസ്തവസഭ സ്വന്തം വിശ്വാസം ഭാരതീയ സംസ്കൃതിയിൽ പടുത്തുയർത്തണം. സാസ്കാരിക അനുരൂപണം നടക്കാതെ ക്രൈസ്തവസഭകൾക്ക് യേശുവിന്റെ സ്നേഹം ഭാരതത്തിന് നൽകുക സാധ്യമല്ല.

* * * * * * * * * *

ഉച്ചനീചത്വങ്ങൾകൊണ്ടു പൊറുതിമുട്ടിയ ആ നൂറ്റാണ്ടിൽ അസമത്വങ്ങളോടു സന്ധിയില്ലാസമരം ചെയ്ത് എല്ലാവർക്കും സംലഭ്യനായി കാരുണ്യത്തിന്റെ മന്ദമാരുതനായി, നടന്നുനീങ്ങിയ ഒരു തപോധനനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. പ്രതിസന്ധികളിൽ നഷ്ടധൈര്യനാകാതെ, സർവതും സർവേശ്വരസന്നിധിയിൽ സമർപ്പിച്ചുകൊണ്ടു ജാതിമതവ്യത്യാസം കൂടാതെ കേരളത്തിലെ ജനതയെ സംസ്കാരസമ്പന്നരാക്കി രാജ്യത്തിനു വേണ്ടി സമർപ്പിക്കുവാൻ അക്ഷീണം യത്നിച്ച ആ മനുഷ്യസ്നേഹിയുടെ 139-ാം ചരമവാർഷികമാണ് 2010 ജനുവരി 3 ന്.

വാഴ്ത്ത. ചാവറയച്ചൻ പഠിപ്പിച്ചതു ഭാരതസംസ്കാര മൂല്യങ്ങൾ*

പത്തൊമ്പതാം നൂറ്റാണ്ട് കൊച്ചുകേരളം പല നവോത്ഥാനനായകർക്കും ജന്മം നൽകി. കേരള സമൂഹത്തിൽ പല മാറ്റങ്ങൾക്കും തുടക്കം കുറിച്ച കാലമായിരുന്നു 19-ാം നൂറ്റാണ്ട്. ദാരിദ്ര്യം, അജ്ഞത, അന്ധവിശ്വാസം, ശൈശവവിവാഹം, തൊട്ടുകൂടായ്മ, താഴ്ന്ന ജാതിക്കാരനെ ചണ്ഡാലനായി കാണുക തുടങ്ങി ഒട്ടേറെ മുറിവുകൾ കേരളജനതയെ തീവ്രമായി വ്രണപ്പെടുത്തിയിരുന്നു.

ഉച്ചനീചത്വങ്ങൾകൊണ്ടു പൊറുതിമുട്ടിയ ആ നൂറ്റാണ്ടിൽ അസമത്വങ്ങളോടു സന്ധിയില്ലാസമരം ചെയ്ത് എല്ലാവർക്കും സംലഭ്യനായി കാരുണ്യത്തിന്റെ മന്ദമാരുതനായി, നടന്നുനീങ്ങിയ ഒരു തപോധനനായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. പ്രതിസന്ധികളിൽ നഷ്ടധൈര്യനാകാതെ സർവ്വതും സർവ്വേശ്വര സന്നിധിയിൽ സമർപ്പിച്ചുകൊണ്ടു ജാതിമതവ്യത്യാസം കൂടാതെ കേരളത്തിലെ ജനതയെ സംസ്കാരസമ്പന്നരാക്കി രാജ്യത്തിനുവേണ്ടി സമർപ്പിക്കുവാൻ ആ മനുഷ്യസ്നേഹി അക്ഷീണം യത്നിച്ചു. ആ വന്ദ്യപുരുഷന്റെ തപ

* സത്യദീപം: പുസ്തകം 83, ലക്കം 21, 2010 ജനുവരി 6, പേജ് 4,8.

സ്യയുടെ ഫലമാണ് കേരളത്തിലെ ജനത വിദ്യാഭ്യാസരംഗത്തും മറ്റു മേഖലകളിലും ഇന്ന് ആസ്വദിക്കുന്നത്. വരുന്ന ജനുവരി മൂന്നാം തീയതി ചാവറയച്ചന്റെ 139-ാം സമാധി അനുസ്മരിക്കുകയാണ്. ആ ധന്യജീവിതത്തിലെ ചില രംഗങ്ങളിലേക്കു മാത്രം ഇവിടെ വെളിച്ചം വീശുകയാണ്.

1. 'ദർശനഭവനം' സ്വപ്നം കണ്ട താപസശ്രേഷ്ഠൻ

കേരളത്തിലെ ആദ്യത്തെ രണ്ടു ഏതദ്ദേശീയ സന്ന്യാസസഭകളുടെ (സി.എം.ഐ.-സി.എം.സി.) സ്ഥാപകൻ വാഴ്ത്തപ്പെട്ട ചാവറയച്ചനാണ്. എന്നാൽ ചാവറയച്ചന്റെ മനോമുകുരത്തിൽ ആദ്യം വിരിഞ്ഞത് ഒരു വലിയ സന്ന്യാസ സമൂഹമായിരുന്നില്ല. മറിച്ചു ഭാരതത്തിലെ ഋഷിമാരുടെ തപോവനങ്ങളുടെ മാതൃകയിൽ ഒരു 'ദർശനഭവനം'. എന്തെങ്കിലും കുറേ ജോലി ചെയ്തുതീർക്കുക എന്നതല്ല അവിടെ പ്രധാനം. ദൈവവുമായി ഏകാന്തതയിൽ ഐക്യപ്പെടുവാനുള്ള തപസ്യ. രാത്രിയാമങ്ങളിൽ മലമുകളിൽ പിതാവുമായി പ്രാർത്ഥനയിൽ മുഴുകിയ യേശുവിന്റെ രൂപമായിരുന്നു ചാവറയച്ചന്റെ മുമ്പിൽ ഉണ്ടായിരുന്നത്.

തപസിന്റെ ലക്ഷ്യം ലൗകിക നേട്ടമായിരുന്നില്ല. ആത്മരക്ഷ, അതിനുവേണ്ടി ലൗകികമായ എന്തിനെയും ഉപേക്ഷിച്ച് ആത്മീയത തേടി മലമുകളിൽ പ്രാർത്ഥനയിൽ ചിലവഴിക്കുവാൻ ചാവറയച്ചൻ ആഗ്രഹിച്ചു. ഈ വിഷയത്തിൽ തന്റെ ഗുരുഭൂതരുടെ വിലപ്പെട്ട ഉപദേശം ചാവറയച്ചനു വലിയ പ്രേരണയായിരുന്നു. "ലോകത്തു ജീവിച്ച് ആത്മരക്ഷ നേടുക വളരെ പ്രയാസം. അതുകൊണ്ട് ഏതെങ്കിലും തപോവനത്തിൽ പോയി താപസനുഷ്ഠിച്ചു ജീവിക്കുക നന്നായിരിക്കും." ഈ ഈശ്വരസാക്ഷാത്ക്കാരമാണു ജീവിതത്തിന്റെ സർവതോന്മുഖ ലക്ഷ്യമെന്നു ചാവറയച്ചൻ ഉറച്ചു വിശ്വസിച്ചിരുന്നു.

എന്നാൽ കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച അന്നത്തെ മേലധികാരികൾ ചാവറയച്ചനെയും സഹപ്രവർത്തകരെയും അത്തരമൊരു ജീവിതരീതിക്കു നിയോഗിച്ചില്ല. ജനമദ്ധ്യത്തിൽ ഒരു 'ദർശനഭവനം' പണിത്, ജനങ്ങൾക്കു സംലഭ്യരായി, അവരെ ആത്മീയരായി വളർത്തുവാൻ ചാവറയച്ചനോട് ആവശ്യപ്പെട്ടു. അതാണു ഏറ്റവും ആവശ്യമെന്ന് അന്നത്തെ വികാരി അപ്പസ്തോലിക്ക ചാവറയച്ചനെയും സഹപ്രവർത്തകരെയും അറിയിച്ചു. അധികാരികളുടെ ആഗ്രഹം ദൈവനിശ്ചയമായി സ്വീകരിച്ച ചാവറയച്ചൻ രണ്ടു സന്ന്യാസ സമൂഹങ്ങൾക്കു രൂപം നൽകി. അന്നത്തെ പ്രത്യേക സാഹചര്യ

ത്തിൽ കേരളത്തിലെ ക്രൈസ്തവർക്കു മാർഗദർശനം നൽകുന്നതിനും അവരെ വിശ്വാസത്തിൽ വളർത്തുന്നതിനും ചാവറയച്ചൻ കൈകൊണ്ട വഴി ഭക്തി-കർമ മാർഗങ്ങളായിരുന്നു. "അഗാധമായ പ്രാർത്ഥന അതിൽനിന്നുത്ഭൂതമാകുന്ന തീക്ഷ്ണമായ പ്രേഷിതവൃത്തി." കർമലീത്ത സന്ന്യാസകൂട്ടായ്മയുടെ ചൈതന്യവും ആദർശവും ഇന്നും ഇതുതന്നെയാണ്.

2. മതസൗഹാർദം, മാനവീകത:

സി.എം.ഐ. സഭയുടെ മാതൃഭവനം മാന്നാനം ആശ്രമമാണ്. എന്നാൽ മാന്നാനം ആശ്രമസ്ഥാപനത്തിനു പിറകിൽ ശ്രദ്ധേയമായ ഒരു സംഭവമുണ്ട്.

ചാവറയച്ചനും സഹപ്രവർത്തകരും കൊവേന്ത സ്ഥാപനത്തിനായി പല സ്ഥലങ്ങൾ പോയി കണ്ടു. ദീർഘകാലത്തെ അന്വേഷണത്തിനുശേഷം ആശ്രമസ്ഥാപനത്തിനായി ഒരു സ്ഥലം കണ്ടെത്തി - "പുല്ലരികുന്ന്." അതാണ് എല്ലാവർക്കും ഇഷ്ടപ്പെട്ടത്. പുല്ലരികുന്നിൽ ആശ്രമം-പള്ളി സ്ഥാപിക്കുവാൻ ആർക്കെങ്കിലും തടസ്സമുണ്ടോ എന്നു ചാവറയച്ചൻ തഹസീൽദാരെക്കൊണ്ട് അന്വേഷിപ്പിച്ചു. ആദ്യം ആർക്കും തടസ്സമൊന്നുമുണ്ടായില്ല. പിന്നീടു കുമാരനെല്ലൂർ ദേവീ ക്ഷേത്രത്തിലെ ഭക്തജനങ്ങൾക്ക് അത് ഇഷ്ടമായില്ല. ക്ഷേത്രനടതുറന്നാൽ ദേവിയുടെ ദൃഷ്ടി പതിയുന്ന 'പുല്ലരി'കുന്നിൽ ഒരു ക്രിസ്ത്യൻപള്ളി ഉണ്ടാകുന്നതു ദേവീകടാക്ഷത്തിനു വിഘ്നമാണ് എന്ന് അഭിപ്രായമുണ്ടായി. പിന്നീട് അത് ഒരു സംസാരമായി മാറി. അവസരം മുതലെടുക്കുവാൻ കുറേപ്പേർ ചാവറയച്ചന്റെ വശത്തു കൂടി.

ഇവിടെയാണു ചാവറയച്ചനിലെ മതസൗഹാർദത ഉണർത്തുപാട്ടായി മുഴങ്ങിയത്. ദേവീക്ഷേത്രത്തിലെ ഭക്തജനത്തിന് എതിർപ്പുണ്ടെങ്കിൽ പുല്ലരികുന്നിൽ ആശ്രമം പണിയുന്ന പ്രശ്നമില്ല. അന്യമതസ്ഥരുടെ വികാരങ്ങളെ മുറിപ്പെടുത്തിക്കൊണ്ട് ഒരു സംരംഭവും വേണ്ട എന്നു ചാവറയച്ചൻ അസന്ദിഗ്ദ്ധമായി പറഞ്ഞു. അതിനുശേഷമാണ് മാന്നാനംകുന്ന് കൊവേന്തസ്ഥാപനത്തിനായി തിരഞ്ഞെടുത്തത്. 'പുല്ലരി'കുന്നിനു നഷ്ടമായതു 'മാന്നാനം'കുന്നിനു നേട്ടമായി. കാലാന്തരത്തിൽ മാന്നാനംകുന്നു സി.എം.ഐ.സഭയുടെ മാതൃഭവനമായിത്തീർന്നു.

മാന്നാനം ആശ്രമസ്ഥാപനത്തിനുശേഷം ചാവറയച്ചന്റെ ശ്രദ്ധതിരിഞ്ഞത് ആശ്രമത്തിനു ചുറ്റുമുള്ള പാവപ്പെട്ടവരുടെ ജീവിതത്തി

ലേക്കാണ്. ദാരിദ്ര്യം, അജ്ഞത, അന്ധവിശ്വാസം, തീണ്ടൽ തുടങ്ങി ഒട്ടേറെ രംഗങ്ങളിൽ മാറ്റം അനിവാര്യമാണെന്ന് ആ ക്രാന്തദർശിക്കു ബോദ്ധ്യമായി. ചാവറയച്ചനും അച്ചന്റെ സഹസന്ന്യാസികളും ജന മദ്ധ്യത്തിലേക്കിറങ്ങി. ദൈവാശ്രയബോധമായിരുന്നു സമൂഹത്തിന്റെ ബലം. പ്രാർത്ഥനയിൽ നിന്നും ആർജ്ജിച്ചെടുത്ത ആത്മീയശക്തി പ്രതിസന്ധികളിൽ കരുത്തേകി.

വിദ്യാഭ്യാസമേഖലയായിരുന്നു ചാവറയച്ചന്റെ പ്രധാന ലക്ഷ്യം. വിദ്യ മനുഷ്യനെ സംസ്കാരമുള്ളവനാക്കുന്നു. സംസ്കാരമുള്ള വ്യക്തി ഈശ്വരന്റെ അടുത്താണ്. ഭാരതീയരുടെ പ്രമാണമാണ് ഇത്. വിദ്യാദാനത്തിന്റെ കാര്യത്തിൽ ചാവറയച്ചനു മുഖംനോട്ടമില്ലായി രുന്നു. ജാതിയോ മതമോ, സവർണനോ അവർണനോ ഒരു വ്യത്യാ സവുമില്ല. പ്രത്യേകിച്ചു നിർദ്ധനരുടെ പക്കലേക്കാണ് ആ ധന്യന്റെ ശ്രദ്ധ കൂടുതൽ പതിഞ്ഞത്.

ദളിതരുടെ വിദ്യാഭ്യാസം ചാവറയച്ചൻ മനസ്സിൽ കണ്ടു. അതി നായി പരിശ്രമിച്ചു. പാവപ്പെട്ടവരുടെ കുട്ടികളെ വിദ്യ അഭ്യസിപ്പി ക്കുക മാത്രമല്ല, അവർക്കുവേണ്ടി അദ്ദേഹം ഭക്ഷണം, വസ്ത്രം, പഠനത്തിന് ആവശ്യമായ സാമഗ്രികൾ എന്നിവ നൽകിയിരുന്നു. അതി നുവേണ്ടി 'പിടിയരി' ശേഖരിച്ചും സമ്പന്നരുടെ പക്കൽ നിന്നും പണം സമാഹരിച്ചും ചാവറയച്ചൻ പല വഴികൾ കണ്ടെത്തി.

1861-ൽ മാർത്തോമാ ക്രിസ്ത്യാനികളുടെ വികാരി ജനറളായി രിക്കുമ്പോൾ, അന്നത്തെ വികാരി അപ്പസ്തോലിക്കയുടെ അനുവാ ദത്തോടെ ചാവറയച്ചൻ ഒരു കല്പന പുറപ്പെടുവിച്ചു. "മാർത്തോമാ കത്തോലിക്കരുടെ പള്ളികളോടു ചേർന്നു നിർബന്ധമായും പള്ളി ക്കൂടങ്ങൾ സ്ഥാപിച്ചിരിക്കണം. അതു നടപ്പിലാക്കിയില്ലെങ്കിൽ വികാ രിമാർക്ക് അംശമുടക്കു കല്പിക്കും." അതുവഴി കേരളത്തിൽ പള്ളി കളോടു ചേർന്നു ധാരാളം പള്ളിക്കൂടങ്ങൾ നിലവിൽ വന്നു. കേരള ത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ വ്യതിയാനങ്ങൾ ക്കു തുടക്കം കുറിച്ച കല്പനയായിരുന്നു ചാവറപിതാവിന്റേത്.

കേരളത്തിലെ അന്നത്തെ ജാതിവ്യവസ്ഥയിൽ, സവർണർക്കു മാത്രം വിദ്യാഭ്യാസത്തിന് അവസരമുണ്ടായിരുന്നപ്പോൾ, സമുദായ ത്തിലെ താഴെക്കിടയിലുള്ളവർക്കും വിദ്യാസമ്പാദനത്തിന് അവകാ ശമുണ്ടെന്ന് കാണിച്ചുകൊടുത്ത കേരളത്തിലെ നവോത്ഥാന നായ കരിൽ സമുന്നതസ്ഥാനം ചാവറയച്ചനുണ്ട്. "ലോകാഃ സമസ്തഃ സുഖിനോ ഭവന്തുഃ" - ഈ ലോകം എല്ലാവരുടെയും ക്ഷേമത്തി നായി ഈശ്വരൻ നല്കിയിട്ടുള്ളതാണ്. ഭാരതത്തിലെ മഹർഷിമാ

രുടെ ഈ മന്ത്രം തന്നെയായിരുന്നു ചാവറയച്ചന്റേതും. മാനവീകത യുടെ മഹനീയ മാതൃകയായിരുന്നു ചാവറയച്ചന്റെ പ്രവർത്തനങ്ങൾ.

3. മാർത്തോമാ ക്രിസ്ത്യാനികളുടെ കുലാചാര്യൻ:

ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽ ചാവറയച്ചന്റെ ഉദയം വി.തോമസ് അപ്പസ്തോലനിൽ നിന്നും വിശ്വാസവെളിച്ചം സ്വീക രിച്ച കേരളത്തിലെ ആദിമ ക്രൈസ്തവസമൂഹത്തിൽ നിന്നാണ്. അതു കൊണ്ടുതന്നെ ആ സമൂഹത്തോട് ഒരുകടപ്പാടു ചാവറയച്ചന്റെ വീക്ഷണത്തിലും പ്രവർത്തനങ്ങളിലും ഉടനീളം നിഴലിച്ചിരുന്നു. ഒന്നാം നൂറ്റാണ്ടിൽ വിശ്വാസവെളിച്ചം സ്വീകരിച്ച ഈ അപ്പസ്തോ ലികസഭ സമ്പന്നമായ ഭാരതീയ സംസ്കാരത്തോട് ഇടപഴകി, വിശ്വാസം ദൃഢപ്പെടുത്തി, ഉത്കൃഷ്ടമായ രീതിയിൽ വളർന്നുവ ന്നില്ല.

19-ാം നൂറ്റാണ്ടുവരെയുള്ള സഭയുടെ ചരിത്രത്തിൽ അറിയപ്പെ ടുന്ന ഒരു സഭാപിതാവോ ആരാധനക്രമപണ്ഡിതനോ വി. ബെന ഡിക്ടിനെപ്പോലെ ഒരു സന്യാസശ്രേഷ്ഠനോ ഉദയം ചെയ്തില്ല. മദ്ധ്യപൂർവ്വ ദേശത്തെ സുറിയാനി സഭയുമായുള്ള ദീർഘകാല ബന്ധം (4-16 നൂറ്റാണ്ട്) തനതായ ഒരു ദൈവശാസ്ത്രമോ ഒരു ആരാ ധനക്രമമോ ഇവിടെ വളരുവാൻ അനുവദിച്ചില്ല. പേർഷ്യയിൽ നിന്നും ഇവിടെ വന്നിരുന്ന മെത്രാന്മാർ സുറിയാനിക്രമത്തിൽ കുർബാനയും മറ്റു കൂദാശകളും പരികർമം ചെയ്യുന്നവരായി മാത്രം നിലകൊണ്ടു. ഇവിടത്തെ ഭാഷയോ സമ്പന്നമായ സംസ്കാരമോ പഠിക്കുവാൻ അവർ ഒരു പരിശ്രമവും നടത്തിയിട്ടില്ല. കുടിയേറ്റക്കാരായ സുറി യാനി ക്രിസ്ത്യാനികളുടെ മെത്രാന്മാരായ അവർക്കു ഭാരതീയ പൈതൃകത്തിലുള്ള ഒരു സഭയോ ആരാധനരീതിയോ വിഭാവനം ചെയ്യുവാൻപോലും കഴിഞ്ഞില്ല.

16-ാം നൂറ്റാണ്ടിൽ കേരളത്തിലേയ്ക്ക് വന്ന പോർച്ചുഗീസ് മിഷ നറിമാർ നിലവിലുള്ള സുറിയാനി ആരാധനക്രമം ലത്തീൻ രീതിയി ലാക്കാൻ പരിശ്രമിച്ചു. അതിൽ അവർ ഒരു പരിധിവരെ വിജയിക്കു കയും ചെയ്തു. പക്ഷേ, എല്ലാം നഷ്ടമായതു കേരളത്തിൽ ജന്മം കൊണ്ട അപ്പസ്തോലിക സഭയ്ക്കായിരന്നു. ഇരുപതു നൂറ്റാണ്ടു കൾ പിന്നിട്ടിട്ടും സ്വന്തമെന്നു പറയുവാൻ ഒന്നുമില്ലാത്ത ഒരവസ്ഥ!

19-ാം നൂറ്റാണ്ടിൽ ഒരു നവോത്ഥാനനായകനായി, അതിലുപരി ഒരു കർമയോഗിയായ സന്യാസിയായി രംഗത്തുവന്ന ചാവറയച്ചൻ മാർത്തോമാ ക്രിസ്ത്യാനികളുടെ ഈ ദുരവസ്ഥ നേരിൽക്കണ്ടു മന

സ്സിലാക്കി. ആർഷഭാരതസംസ്കാരത്തിൽ ഉദയംകൊണ്ട അപ്പസ്തോലികസഭയ്ക്ക്, സാർവ്വത്രികസഭയുടെ കൂട്ടായ്മയിലേക്കു ദൈവശാസ്ത്രമേഖലയിലോ ആരാധനക്രമരംഗത്തോ ഒരു സംഭാവനയും നൽകുവാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ചാവറപിതാവിനെ വല്ലാതെ വേദനിപ്പിച്ചു. എങ്കിലും അദ്ദേഹം ഒരിക്കലും നഷ്ടധൈര്യനായില്ല. ക്രാന്തദർശിയായ ആ കർമധീരൻ വീണുകിട്ടിയ അവസരം ദൈവത്തിന്റെ പദ്ധതി നടപ്പിലാക്കുവാൻ അശ്രാന്തം യത്നിച്ചു. മാർത്തോമാ സമൂഹത്തിന് അദ്ദേഹം ഒരു ദിശാബോധം നൽകി. പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് എല്ലാവർക്കും വിദ്യ നൽകി. അധികാരികളുടെ സമ്മതത്തോടെ സെമിനാരികൾ തുടങ്ങി നല്ല വൈദികരെ സജ്ജമാക്കി; വൈദികർക്കുവേണ്ടി യാമപ്രാർത്ഥന ക്രമീകരിച്ചു. സഭയുടെ ആരാധനക്രമം ചിട്ടപ്പെടുത്തി; ഇടവകകളിൽ ജനങ്ങൾക്കു വാർഷികധ്യാനവും ആദ്ധ്യാത്മികനവീകരണവും നടപ്പിലാക്കി; ക്രിസ്തീയ പുസ്തകപ്രചരണത്തിനായി മാന്നാനത്ത് ഒരു പ്രസ്സ് സ്ഥാപിച്ചു. ഇതെല്ലാം ആ കർമധീരൻ നടപ്പിലാക്കിയത് ഒരേയൊരു ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടായിരുന്നു. മാർത്തോമാ ശ്ലീഹാ സ്ഥാപിച്ച കേരളസഭയുടെ ദൈവോന്മുഖമായ വളർച്ച, അതു മാത്രം!

ക്രാന്തദർശിയായ ചാവറയച്ചന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു സംഭവം, 1846 ൽ അദ്ദേഹം മാന്നാനത്ത് ഒരു സംസ്കൃതസ്കൂൾ സ്ഥാപിച്ചു എന്നുള്ളതാണ്. ബ്രാഹ്മണർക്കു മാത്രം സംസ്കൃതം പഠിക്കുവാൻ അവകാശമുണ്ടായിരുന്ന അക്കാലത്ത്, ഒരു ക്രൈസ്തവ പുരോഹിതൻ ക്രൈസ്തവർക്കുവേണ്ടി, ഒരു സംസ്കൃതസ്കൂൾ സ്ഥാപിക്കുക എന്നുള്ളതു ചിന്തിക്കുവാൻ പോലും വിഷമം! ചാവറയച്ചന്റെ ദീർഘവീക്ഷണത്തെയാണ് നാം ഇവിടെ അഭിനന്ദിക്കേണ്ടത്. സംസ്കൃതഭാഷ ഉയർന്ന ജാതിയുടെ ഭാഷയായിരുന്നു. മാർത്തോമാ ക്രിസ്ത്യാനികൾ ആ ഭാഷ പഠിച്ച് ഭാരതസംസ്കാരത്തിന്റെ മുഖ്യധാരയിൽ വളർന്നുവരണമെന്നു ചാവറയച്ചനു നിർബന്ധമായിരുന്നു. സംസ്കൃതസ്കൂളിൽ ഇടവക വൈദികരും ശെമ്മാശ്ശന്മാരും ഇടവകയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട അല്മായരും വിദ്യാർത്ഥികളായിരുന്നു. മാർത്തോമാ ക്രിസ്ത്യാനികൾ വിശ്വാസത്തിൽ ക്രൈസ്തവരും, സംസ്കാരത്തിൽ തികച്ചും ഭാരതീയരുമായിരിക്കണമെന്ന് ആ തപോധനൻ ചിന്തിച്ചതിന്റെ ഫലമാണ് മാന്നാനത്തു സ്ഥാപിച്ച ആദ്യത്തെ സംസ്കൃത സ്കൂൾ. മാന്നാനംകുന്നിൽ സംസ്കൃത വിദ്യാലയം സ്ഥാപിക്കുവാൻ ചാവറയച്ചൻ കാണിച്ച താൽപര്യം അദ്ദേഹത്തെ ഭാരതസംസ്കാരപാരമ്പര്യ

ത്തിന്റെ ഓഹരിക്കാരനാക്കിത്തീർത്തു.

അങ്ങനെ നോക്കുമ്പോൾ, കേരളത്തിലെ അപ്പസ്തോലികസഭ, മാർത്തോമാ ക്രസ്ത്യാനികൾ എപ്പോഴും ചാവറയച്ചന്റെ ചിന്തയിലും പ്രവർത്തനത്തിലും ഉണ്ടായിരുന്നു. സംസ്കാരസമ്പന്നമായ ഒരു ജനത, ഭാരതസഭയ്ക്കു മുഴുവൻ ആത്മീയപ്രകാശം നൽകുവാൻ കെൽപുള്ള ഒരു സമൂഹം, ചാവറയച്ചൻ മാർത്തോമാ ക്രൈസ്തവരിൽ സ്വപ്നം കണ്ടിരുന്നു. അതിനുവേണ്ടിയാണു തന്റെ ആരോഗ്യവും സമയവും ആ ധന്യൻ ചെലവഴിച്ചത്. ഈ അർത്ഥത്തിൽ "മാർത്തോമാ ക്രിസ്ത്യാനികളുടെ കുലാചാര്യൻ" എന്ന സ്ഥാനപ്പേരിനു വാഴ്ത്തപ്പെട്ട ചാവറയച്ചൻ തികച്ചും അർഹനാണ് എന്ന് കരുതുന്നു.

4. തിരി തെളിച്ചു സദാ സർവ്വേശ്വരസന്നിധിയിൽ

തിരുസന്നിധിയിൽ നിന്നാണു ചാവറയച്ചൻ തന്റെ പ്രേഷിതവേലയ്ക്ക് ആത്മീയശക്തി സമ്പാദിച്ചെടുത്തത്. ദീർഘനേരം ആ ധന്യൻ പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു. ശാന്തമായി ദിവ്യകാരുണ്യനാഥന്റെ പക്കൽ മണിക്കൂറുകൾ ചെലവഴിച്ചിരുന്നുവെന്നു കൂടെ ജീവിച്ചിരുന്ന സന്യാസികൾ പറയുമായിരുന്നു. ഏതു ബുദ്ധിമുട്ടുള്ള പ്രശ്നവും, ചാവറയച്ചൻ ആദ്യം ദിവ്യകാരുണ്യനാഥന്റെ പക്കൽ സമർപ്പിച്ചിട്ടേ ആലോചനയ്ക്ക് എടുത്തിരുന്നുള്ളു. ചാവറയച്ചൻ രചിച്ചിട്ടുള്ള 'ധ്യാനസല്ലാപം' 'ആത്മാനുതാപം' ആത്മീയശാസ്ത്രത്തിലെ ഉത്തമഗീതങ്ങളാണ്.

ധ്യാനസല്ലാപത്തിൽ ചാവറയച്ചൻ പിതാവായ ദൈവത്തെ "എന്റെ അപ്പാ' എന്നാണു സംബോധന ചെയ്യുന്നത്. "ഇതാ എന്റെ അപ്പന്റെ തിരുമുമ്പിൽ ഞാൻ വരുന്നു. പ്രിയമുള്ള അപ്പാ, നിന്റെ മുമ്പിൽ ഞാൻ മുട്ടുകുത്തിയിരിക്കുന്നു." യേശുവിന്റെ "ആബാ" അനുഭവമായിരുന്നു, ചാവറയച്ചന്റേതും. ധന്യനായ ചാവറയച്ചൻ രചിച്ചിട്ടുള്ള കീർത്തനങ്ങൾ പരിശുദ്ധിയുടെ പരിമളം പരത്തുന്നുണ്ട്. സർവേശ്വരന്റെ മുഖം ദർശിപ്പാറാകണം എന്ന് ഉള്ളുരുകി പ്രാർത്ഥിക്കുകയാണ് കവി. ഹൈന്ദവ ക്ഷേത്രങ്ങളിൽ നിന്നു പ്രഭാതത്തിൽ കേൾക്കുന്ന ഭക്തികീർത്തനങ്ങൾ പോലെയാണ് ഇതിന്റെ വരികൾ.

"കാരുണ്യനാഥനാം
ദൈവകുമാരന്റെ
ആരണ്യശോഭയേ

കാണാകേണം
മാനുഷ്യനീചവേഷത്തെ
ധരിച്ചൊരു
മാനുഷ്യത്രാതാവേ
കാണാകേണം."

യേശുവിനെ മനസ്സിൽ ധ്യാനിച്ച്, പൂജിച്ച് എപ്പോഴും അവിടുത്തെ തിരുമുഖം ദർശിക്കാനാകണം എന്നാണു ചാവറയച്ചൻ പ്രാർത്ഥിച്ചിരുന്നത്. ഭക്തകവിയായ പൂന്താനത്തിന്റെ 'ജ്ഞാനപ്പാന'യോടോ എഴുത്തച്ഛന്റെ 'ആദ്ധ്യാത്മരാമായണ'ത്തിലെ ഈരടികളോടോ ഇതിനെ ഉപമിക്കാം. ഭക്തിയിൽ സദാ ഈശ്വരനെ ചിന്തിച്ച് ധ്യാനിച്ച് ഈശ്വരനുമായി ഒന്നുചേരാനുള്ള ജീവാത്മാവിന്റെ ഉത്ക്കടമായ ആഗ്രഹമാണ് ഇതിനു പിറകിലുള്ളത്.

നിർമലനായി വ്രതശുദ്ധിയോടെ ജീവിച്ച ചാവറയച്ചൻ തനിക്കു ജ്ഞാനസ്നാനത്തിൽ ലഭിച്ച "വിശുദ്ധിയുടെ വെള്ളവസ്ത്രം" ഒരിക്കലും മലിനപ്പെടുത്തിയിട്ടില്ല എന്നു ജീവിതത്തിന്റെ അവസാനത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താൻ ഏറ്റവും പാപിയാണ്, മൂഢനാണ് എന്നാണ് ജീവിതകാലത്തു ചാവറയച്ചൻ പാടുന്നത്.

"വെണ്മയായ് നടപ്പാനായ്
തന്നൊരു വെള്ളവസ്ത്രം
നന്മയും കളഞ്ഞല്ലോ പാപി
ഞാൻ മഹാമൂഢൻ."

ഭക്തിയുടെ ദീപം തെളിച്ചു സർവ്വേശ്വരന്റെ രൂപം മനസ്സിൽ നിനച്ച്, ആ മുഖം എന്നും ദർശിക്കണം എന്ന് ആഗ്രഹിച്ച ചാവറയച്ചൻ ഭാരതത്തിലെ ഭക്തകവികളുടെ മാർഗം തന്നെയാണു തന്റെയും വഴിയായി സ്വീകരിച്ചത്.

സമാപനം:

മനുഷ്യനന്മയ്ക്കും മതസൗഹാർദ്ദതയ്ക്കും വേണ്ടി നിലകൊണ്ട അമൂല്യ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ചാവറയച്ചൻ. 19-ാം നൂറ്റാണ്ടിൽ കേരളത്തിൽ മാറ്റത്തിന്റെ ശംഖൊലി മുഴക്കിയവരിൽ ചാവറയച്ചൻ മുൻനിരയിലുണ്ട്. ജാതിമതഭേദം കൂടാതെ എല്ലാവർക്കും വേണ്ടി ആ മനുഷ്യസ്നേഹി വിദ്യയുടെ വാതിൽ തുറന്നുകൊടുത്തു. കേരളം ഇന്നു വിദ്യയുടെ ലോകത്തു മറ്റു സംസ്ഥാനങ്ങളേക്കാൾ മുൻപന്തിയിലാണെങ്കിൽ ആ നേട്ടത്തിനു പിറകിൽ ചാവറയച്ചന്റെ ബലിഷ്ഠങ്ങളായ കരങ്ങളുണ്ടായിരുന്നു. ചാവറയച്ചന്റെ പ്രവർത്ത

നമേഖല കേവലം സി.എം.ഐ.-സി.എം.സി. സഭകളെ കെട്ടിപ്പടുക്കുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. അക്ഷരങ്ങളുടെ ലോകത്തിലേക്കു കേരളത്തിലെ ജനതയെ നയിക്കുവാൻ തന്റെ കീഴിലുള്ള സഹസന്യാസികളെ അദ്ദേഹം ഉപകരണമാക്കി, അവരുടെ വിവിധ സിദ്ധികൾ കേരളജനതയ്ക്കുവേണ്ടി അദ്ദേഹം സംലഭ്യമാക്കി. അതാണു ചാവറയച്ചന്റെ വ്യക്തിവൈശിഷ്ട്യം. ധന്യനായ ആ തപോധനന്റെ ദർശനം ഇനിയും വിദ്യാകേരളത്തിനു പ്രകാശഗോപുരമായി നിലകൊള്ളട്ടെ.

* * * * * * * * * *

സഭകളിലെല്ലാം ദൈവാരാധന രൂപംകൊണ്ടത് ക്രൈസ്തവവിശ്വാസവും അതതു സ്ഥലത്തെ സംസ്കാരവും ഇടപഴകിയതിന്റെ പരിണതഫലമായാണ്. ക്രൈസ്തവവിശ്വാസം ഒരു പ്രത്യേക സാംസ്കാരത്തിലെ ജനതയ്ക്ക് അപ്പസ്തോലൻ വഴി നൽകപ്പെടുമ്പോൾ, ആ ജനതയ്ക്കു വിശ്വാസത്തോടുള്ള പ്രത്യർപ്പണമാണ് അഥവാ മറുപടിയാണ് ദൈവാരാധന.

സീറോ-മലബാർ സഭയുടെ ലിറ്റർജി നവീകരണത്തിൽ വേണ്ട ഭാരതവത്ക്കരണം*

സീറോ-മലബാർ സഭയെ പലപ്പോഴും കൽദായസഭയുടെ ഒരു പുത്രീസഭയായി (off-shoot) വ്യാഖ്യാനിക്കാറുണ്ട്. ഇപ്പോഴത്തെ കൽദായസഭയുടെ മാതൃസഭയായ അസ്സീറിയൻ (പേർഷ്യൻ) സഭയുടെ ഉത്ഭവം രണ്ടും മൂന്നും നൂറ്റാണ്ടുകളിലാണ്. ഏ.ഡി. 410-ൽ മാത്രമാണു പേർഷ്യൻ സഭ ഒരു കേന്ദ്രഭരണത്തിനു കീഴിലായത്. എന്നാൽ കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികളുടെ സഭ ഒന്നാം നൂറ്റാണ്ടിൽ ആരംഭിച്ചതാണ്. "മാർത്തോമയുടെ മാർഗ്ഗവും വഴിപാടു"മാണ് ഈ സഭയുടെ നിയമവും ജീവിത വ്യവസ്ഥയും. മാർത്തോമാശ്ലീഹായാണ് ഇവിടത്തെ പൂർവ്വികരെ യേശുവിന്റെ മാർഗ്ഗം പഠിപ്പിച്ചത്. ഈ മാർഗ്ഗം അന്നത്തെ കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലത്തിൽ ജീവിച്ചു ക്രിസ്തുവിനു സാക്ഷ്യം വഹിച്ചു വളരുക എന്നതായിരുന്നു അവരുടെ ജീവിതലക്ഷ്യം. അതിന്റെ വെളിച്ചത്തിൽ വി.തോമാശ്ലീഹായുടെ ഇന്ത്യയിലെ സഭ ഒരു പൗരാണികസഭ തന്നെയാണ്. അതിനെ പുത്രീസഭയായി മനസ്സിലാക്കേണ്ട ആവശ്യമില്ല.

---

* സത്യദീപം: പുസ്തകം 82, ലക്കം 10, 2008 ഒക്ടോ. 15, പേജ് 5, 12.

1. അപ്പസ്തോലിക ദൈവാരാധന:

ഒന്നാം നൂറ്റാണ്ടിൽ വി. തോമാശ്ലീഹാ കേരളത്തിലെ ക്രിസ്തു ശിഷ്യർക്കുവേണ്ടി അർപ്പിച്ച ദൈവാരാധനയുടെ രൂപം എന്തായിരുന്നു? ഇവിടത്തെ പൂർവ്വികർക്കു വേണ്ടി ശ്ലീഹ നടത്തിയ "അപ്പം മുറിക്കൽ ശുശ്രൂഷ" ഏതു രൂപത്തിലായിരുന്നു? പ്രാധാന്യമുള്ള ചോദ്യങ്ങളാണിത്. അത് ഈ നാടിന്റെ സംസ്കാര പൈതൃകത്തിൽ അലിഞ്ഞു ചേർന്നതായിരിക്കണം. കാരണം, അതായിരുന്നു അപ്പസ്തോലന്മാരുടെയെല്ലാം പാരമ്പര്യം. കേരളത്തിന്റെ, ഭാരതത്തിന്റെ സാസ്കാരികതനിമയുള്ള ഒരു ശുശ്രൂഷയായിരിക്കണം വി.തോമസ് ഇവിടത്തെ ജനങ്ങളെ പഠിപ്പിച്ചത്. നിർഭാഗ്യകരമെന്നു പറയട്ടെ അതിന്റെ ആദ്യരൂപങ്ങൾ ഇവിടെ ലഭിക്കാതെ പോയി. അതിനു കാരണം വിദേശികളുടെ ഇവിടേക്കുള്ള ശക്തമായ കുടിയേറ്റമായിരുന്നു.

നാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലുണ്ടായ പേർഷ്യൻ കുടിയേറ്റം തദ്ദേശരൂപങ്ങൾ ഉപേക്ഷിച്ച്, സുറിയാനി ആരാധനാ രീതികൾ സ്വീകരിക്കുവാൻ മാർത്തോമാ ക്രിസ്ത്യാനികളെ നിർബന്ധിച്ചു കാണും. ആദ്യ നൂറ്റാണ്ടുകളിൽ ഇവിടത്തെ ആരാധനാരീതികൾ ഭാരതീയ പാരമ്പര്യത്തിലായിരുന്നു എന്നതിനു ചില തെളിവുകളുണ്ട്. ഏ.ഡി.350 -ൽ ഇന്ത്യ സന്ദർശിച്ച തെയോഫിലസ് എന്ന ഗ്രീക്ക് സന്ന്യാസി കേരളത്തിലെ ആരാധനാ സമ്പ്രദായത്തിൽ തെറ്റു കണ്ടെത്തി അതു തിരുത്തി എന്നു രേഖപ്പെടുത്തിയിരിക്കുന്നു. മലബാറിലെ (കേരളത്തിലെ) ക്രിസ്ത്യാനികൾ നിലത്തിരുന്നുകൊണ്ടാണ് സുവിശേഷം ശ്രവിച്ചിരുന്നത്. അത് അദ്ദേഹം തിരുത്തി. ഇരുന്നുകൊണ്ട് സുവിശേഷം ശ്രവിച്ചിരുന്നുവെങ്കിൽ അതു മലബാറിലെ നാട്ടുനടപ്പായിരിക്കണം. ഇരുന്നുകൊണ്ട് ദൈവവചനം ശ്രവിക്കുക അന്നും ഇന്നും ഭാരതീയ രീതിയാണ്.

സാംസ്കാരികനരൂപണത്തെപ്പറ്റി മറ്റൊരു സൂചന 16-ാം നൂറ്റാണ്ടിൽ കേരളത്തിൽ വന്ന പോർച്ചുഗീസ് മിഷമറിമാരുടെ രേഖകളിലുണ്ട്. അതിലൊരിടത്ത് ഇപ്രകാരം പറയുന്നു. മലബാറിൽ ബലിയപ്പം ഉണ്ടാക്കിയിരുന്നതു പ്രത്യേക വിധത്തിലായിരുന്നു. അരിപ്പൊടി ഉപയോഗിച്ചാണ് അവർ അപ്പം ഉണ്ടാക്കിയിരുന്നത്. വലിയ ഒരപ്പം (കേക്കിന്റെ ആകൃതിയിൽ) നടുക്ക്. മറ്റു ചെറിയ അപ്പങ്ങൾ വലിയ അപ്പത്തിനു ചുറ്റും. എല്ലാം ഭംഗിയായി ഒരു താമരയിലയിൽ വച്ച്, ബലിയർപ്പിക്കുന്ന വൈദികന്റെ അരികിലേക്കു കൊണ്ടുവരികയായിരുന്നു. ഇതിനുപുറമേ, വീഞ്ഞിനു പകരം ഇളനീർ (cocomilk)

ഉപയോഗിച്ചിരുന്നുവെന്നതിനു പോർച്ചുഗീസുകാരുടെ എഴുത്തുകളിൽ സൂചനയുണ്ട്. ഇതിൽ നിന്നു മനസ്സിലാകുന്നതു ദൈവരാധനയ്ക്ക് ഉപയോഗിച്ചിരുന്ന വളരെ പ്രധാനപ്പെട്ട പ്രതീകങ്ങളിൽപ്പോലും സംസ്കാരത്തിന് അനുയോജ്യമായ വസ്തുക്കൾ മാർത്തോമാ ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്നു എന്നാണ്.

പതിനാറാം നൂറ്റാണ്ടിൽ കേരളത്തിൽ വന്ന പോർച്ചുഗീസുകാരാണ് ലത്തീൻ പ്രാർത്ഥനാരീതികൾ മാർത്തോമാ ക്രിസ്ത്യാനികളുടെ ഇടയിൽ കൊണ്ടുവന്നത്. കേരളത്തിന്റെ സഭാചരിത്രത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കിയ ഉദയംപേരൂർ സൂനഹദോസ് 1599-ൽ ആയിരുന്നു.

2. ദൈവാരാധനാനവീകരണം

സീറോ-മലബാർ സഭയിൽ ദൈവാരാധനാനവീകരണം വളരെ സംഘർഷം നിറഞ്ഞ ഒരു വിഷയമായിരുന്നു. സഭയുടെ ദൈവാരാധന, പ്രധാനമായും ദിവ്യബലി, ഏതു സഭയിലായാലും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ദൈവാരാധനയാണ് ഒരു സഭയുടെ ആത്മീയ സ്രോതസ്സ്. സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ആത്മീയശക്തി പ്രദാനം ചെയ്യുന്നതു ദൈവാരാധനയാണ്. സഭകളിലെല്ലാം ദൈവാരാധന രൂപംകൊണ്ടത് ക്രൈസ്തവവിശ്വാസവും അതതു സ്ഥലത്തെ സംസ്കാരവും ഇടപഴകിയതിന്റെ പരിണതഫലമായാണ്. ക്രൈസ്തവവിശ്വാസം ഒരു പ്രത്യേക സംസ്കാരത്തിലെ ജനതയ്ക്ക് അപ്പസ്തോലൻ വഴി നൽകപ്പെടുമ്പോൾ, ആ ജനതയ്ക്ക് വിശ്വാസത്തോടുള്ള പ്രത്യുർപ്പണമാണ് അഥവാ മറുപടിയാണ് ദൈവാരാധന.

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിൽ സീറോ-മലബാർ സഭയിൽ ആരാധനാനവീകരണം ആരംഭിച്ചു. അതിനു പ്രാരംഭമായി നിലവിലുള്ള ആരാധനക്രമത്തെ വിലയിരുത്തിയപ്പോൾ അതു കൽദായ-ലത്തീൻ രീതികളുടെ ഒരു സങ്കരമായി കാണപ്പെട്ടു. കുർബാന തക്സ മിക്കവാറും 1844-ൽ റോമിൽ അച്ചടിച്ചതിന്റെ പതിപ്പുകളായിരുന്നു. കൂദാശകളും കൂദാശാനുകരണങ്ങളും രൂപതകളിൽ വ്യത്യസ്തമായ രീതികളിൽ അനുഷ്ഠിച്ചുപോന്നു. മിക്കവാറും ലത്തീൻക്രമങ്ങളുടെ സുറിയാനി തർജ്ജമകളായിരുന്നു കൂദാശകൾ. കുർബാന തക്സയുടെ നവീകരണപ്രക്രിയ ആരംഭിച്ചപ്പോൾ കൽദായസഭയുടെ ആരാധനക്രമം സീറോ-മലബാർ സഭയ്ക്കുവേണ്ടി തയ്യാറാക്കുവാൻ റോം നേതൃത്വം നൽകി. അന്നു കേരളത്തിലെ മെത്രാന്മാരാരും അതിന് അനുകൂലമായിരുന്നില്ല. മെത്രാന്മാർ ജനങ്ങൾക്ക് ഉപകരി

ക്കുന്ന, ലാളിത്യമുള്ള, മലയാളഭാഷയിലുള്ള കുർബാന തക്സയാണ് ആഗ്രഹിച്ചത്. എങ്കിലും 1962-ൽ പുനരുദ്ധരിച്ച തക്സ സഭയിൽ നടപ്പിൽ വന്നു.

പിന്നീടുള്ള കാലം നവീകരണത്തിന്റെ കാലമായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പുരോഗമനചിന്തയുടെ പശ്ചാത്തലത്തിൽ സീറോ-മലബാർ സഭയ്ക്കു വേണ്ടി നവീകരിച്ച ഒരു ആരാധന ക്രമമുണ്ടാകുവാൻ കേരളത്തിലെ മെത്രാന്മാർ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ നേതൃത്വത്തിൽ പരിശ്രമിച്ചു. അതിന്റെ ഫലമായി 1968-ൽ വി. കുർബ്ബാന, അടുത്ത വർഷങ്ങളിൽ യാമ പ്രാർത്ഥനകൾ, കൂദാശകർമ്മങ്ങൾ, വലിയ ആഴ്ച കർമ്മങ്ങൾ ഇവയെല്ലാം മലയാളത്തിൽ നടപ്പിൽ വന്നു. സീറോ-മലബാർ സഭാംഗങ്ങൾ ആത്മനാ ഇവയെല്ലാം സ്ഥിരീകരിച്ചു. ഫാ.ആബേൽ രചിച്ച അതിലെ ആരാധനാ ഗാനങ്ങൾ വലിയ പ്രശംസ പിടിച്ചുപറ്റി.

1980-കളിൽ വീണ്ടും പുനരുദ്ധാരണത്തിന്റെ പാതയിലേക്കു പൗരസ്ത്യസംഘം നീങ്ങിയപ്പോൾ സീറോ-മലബാർ സഭയിലാകമാനം വിഭാഗീയ ചിന്ത ഉടലെടുത്തു. പൗരസ്ത്യ തിരുസംഘം സീറോ-മലബാർ സഭയിൽ കൽദായ ലിറ്റർജി പുനഃപ്രതിഷ്ഠിക്കാൻ താൽപര്യപ്പെട്ടപ്പോൾ സഭയിലെ ഭൂരിഭാഗം മെത്രാന്മാരും അതിന് എതിരായിരുന്നു. വി. തോമാശ്ലീഹാ അടിസ്ഥാനമിട്ട സീറോ-മലബാർ സഭ ഭാരതീയസഭയായി വളരുവാനും അതിന്റെ ആരാധനക്രമം ഭാരതീയ പൈതൃകത്തിൽ രൂപപ്പെടുത്തുവാനും അവർ ആഗ്രഹിച്ചു. സഭയിൽ ഇന്നും "ഭാരതവത്ക്കരണമോ" "കൽദായവൽക്കരണമോ" വേണ്ടത് എന്ന ചോദ്യം അവശേഷിക്കുന്നുണ്ട്.

3. ഭാരതവൽക്കരണം

ആരാധന ക്രമത്തിൽപ്പോലും വിശ്വാസമോ പൊതുനന്മയോ ഉൾപ്പെടാത്ത കാര്യങ്ങളിൽ കർക്കശമായ ഐകരൂപ്യം (uniformity) അടിച്ചേൽപിക്കുവാൻ സഭയ്ക്കാഗ്രഹമില്ല. മറിച്ചു വിവിധ വർഗ്ഗക്കാരുടെയും, ജനവിഭാഗങ്ങളുടെയും ആദ്ധ്യാത്മികസമ്പത്തുകളെയും വിഭവങ്ങളെയും അവൾ മാനിക്കുകയും വളർത്തുകയും ചെയ്യുന്നു (ആരാധനക്രമം 37). ഇതിന്റെ വെളിച്ചത്തിൽ ഭാരതവത്കരണം ആരാധനക്രമത്തിൽ അത്യന്താപേക്ഷിതമാണ്. ദേശത്തിന്റെയും സംസ്കാരത്തിന്റെയും ഘടകങ്ങൾ ആരാധനയിൽ ഇടകലർന്നിരിക്കണം. ഇന്ത്യയിലെ കത്തോലിക്കാ സഭകൾക്കായി 1969-ൽ റോമിൽ നിന്നും പരീക്ഷണാർത്ഥം അനുവദിച്ച 12 അനുരൂപണങ്ങൾ ശ്രദ്ധേയമാണ്.

ഇതിൽ ശ്രദ്ധേയമായവ ഇവിടെ വിലയിരുത്തുന്നു.

1. വി.കുർബാന ഭാരതീയ രീതി അനുസരിച്ചു നിലത്ത് ഇരുന്നുകൊണ്ടു നടത്താവുന്നതാണ്. നിലത്ത് ഇരിക്കുക എന്നതിനു ഭാരതീയ ദർശനങ്ങളിലും ആത്മീയതയിലും വലിയ പ്രാധാന്യമുണ്ട്. അഗാധമായ ധ്യാനത്തിനും ഉന്നതപൂജയ്ക്കും നിലത്തിരിക്കുന്നതു ശ്രദ്ധയും ഏകാഗ്രതയും ലഭിക്കുന്നതിന് ഏറ്റവും ഉത്തമമാണ്.
2. വിശുദ്ധ വസ്തുക്കൾ ചുംബിക്കുന്നതിനു പകരം അവയെ കൈകൾകൊണ്ടു സ്പർശിച്ചു കൈകൾ നെറ്റിയിലോ കണ്ണുകളിലോ സ്പർശിക്കുന്നതു വണക്കത്തിന്റെ പ്രതീകമാണ്.
3. ധൂപത്തിനു ഭാരതീയ രീതിയിലുള്ള ധൂപപാത്രം ഉപയോഗിക്കാവുന്നതാണ്.
4. കുർബാനയിൽ ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങൾക്കു പകരം അംഗവസ്ത്രം, ഭാരതീയർ അധികമായി ഉപയോഗിക്കുന്ന "ഷോൾ" മാന്യമായ രീതിയിൽ ഉപയോഗിക്കാവുന്നതാണ്.
5. സീറോ-മലബാർസഭയിൽ വി.കുർബാന അനാഫറയ്ക്കു ശേഷം ഉയർത്തുമ്പോൾ "ത്രിവിധ ആരതി" നടത്താവുന്നതാണ്. അതായതു ധൂപം, ദീപം, പുഷ്പം ഉപയോഗിച്ചുകൊണ്ടുള്ള "മഹാ ആരതി." ഇതു ദൈവത്തിനു മാത്രം നൽകുന്ന വലിയ ആരാധനയുടെ പ്രതീകമാണ്. കേരളത്തിൽ പള്ളികളിൽ വലിയ തിരുനാളിന്റെ അവസരങ്ങളിൽ ഇത് അനുഷ്ഠിക്കുന്നുണ്ട്.

മേൽപറഞ്ഞ ആചാരങ്ങൾ ഭാരതീയ പൈതൃകത്തിന്റെ ഭാഗങ്ങളാണ്. ആരാധനയുടെ ഭാഗമാണ്. വി.കുർബാനയിൽ ഈ ആചാരങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ ഒരു ഭാരതീയപശ്ചാത്തലം സജ്ജമാകുന്നു.

4. പുതിയ അനാഫറകൾ

സീറോ-മലബാർസഭ പുതിയ അനാഫറകൾക്കു രൂപം കൊടുക്കണം. ഇപ്പോൾ നിലവിലുള്ള അദ്ദായി, മാറി അനാഫറയ്ക്കു പുറമേ പുത്തൻ അനാഫറകൾ ഉപയോഗത്തിൽ വരണം. അതിന്റെ ഉറവിടങ്ങളെക്കുറിച്ചു പലവിധത്തിൽ ചിന്തിക്കാം.

എ. വിശുദ്ധ തോമായുടെ അനാഫറ

തോമായുടെ നടപടികൾ ഒരു ഉടവിടമാണ്. അപ്രമാണിക കൃതി

യാണെങ്കിലും തോമായുടെ ധാരാളം പ്രവർത്തനങ്ങൾ, പ്രാർത്ഥനകൾ പ്രത്യേകിച്ചു വി.കുർബ്ബാനയോടും മാമ്മോദീസായോടും ബന്ധപ്പെട്ട നടപടിയിലുണ്ട്. വി.കുർബ്ബാനയെ സംബന്ധിക്കുന്ന ഭാഗങ്ങൾ കുർബാനയുടെ അനാഫറ രൂപീകരണത്തിന് ഉപകരിപ്പിക്കാം. ഭാരതത്തിലെ വി.തോമാശ്ലീഹായുടെ സഭയെന്ന് അറിയപ്പെടുന്ന സീറോ-മലബാർ സഭയ്ക്ക് "വി. തോമായുടെ അനാഫറ" നടപടിയിലെ പ്രാർത്ഥനകളെ ആസ്പദമാക്കി രൂപപ്പെടുത്തുന്നത് അഭികാമ്യമാണ്.

ബി. വിശുദ്ധ അപ്രേമിന്റെ അനാഫറ

വി.അപ്രേം സുറിയാനി സഭകളുടെ പിതാവാണ്. സെമറ്റിക് പശ്ചാത്തലത്തിലാണ് അപ്രേം തന്റെ ചിന്തകൾക്ക് രൂപം നൽകിയിട്ടുള്ളത്. രചനയിൽ കവിതയാണ് അപ്രേം തന്റെ ശൈലിയായി സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടു ക്രൈസ്തവ ലോകത്തിലെ കവി കൂടിയായ ദൈവശാസ്ത്രചിന്തകനാണ് അപ്രേം. കേരളത്തിലെ സീറോ-മലബാർ സഭയ്ക്കു സുറിയാനി (പേർഷ്യൻ) സഭയുമായി ദീർഘകാല ബന്ധമുണ്ട്. എന്നാൽ സീറോ-മലബാർ സഭയുടെ പൈതൃകം ഭാരതീയമാണ്; സുറിയാനി പാരമ്പര്യമല്ല. അപ്രേമിന്റെ വിശുദ്ധ കുർബാനയെപ്പറ്റിയുള്ള ദൈവശാസ്ത്രചിന്തകൾ പുതിയൊരു അനാഫറയുടെ രൂപകരണത്തിന് ഉപകരിപ്പിക്കാം.

സി. ഭാരതീയ അനാഫറ

ഭാരതീയ സംസ്കാരത്തിന്റെയും ദർശനത്തിന്റെയും പശ്ചാത്തലത്തിൽ ഒരു ഭാരതീയ അനാഫറയ്ക്കു രൂപം കൊടുക്കാവുന്നതാണ്. ആഫ്രിക്കൻ രാജ്യമായ Zaire അവരുടേതായ ഒരു അനാഫറയ്ക്കു രൂപം കൊടുത്തിട്ടുണ്ട്.

ഭാരതത്തിലെ സീറോ-മലബാർ സഭ ഒരു അപ്പസ്തോലികസഭയാണ്. ഭാരതീയദർശനങ്ങൾ, മൂല്യങ്ങൾ, മതാത്മകത ഇവ കണക്കിലെടുത്തു പുതിയ അനാഫറകൾ സഭയിൽ രൂപ്പെടണം.

സമാപനം

ഇന്നു ഭാരതത്തിൽ ക്രൈസ്തവ മിഷൻ എന്നതു മറ്റു ജീവിക്കുന്ന മതങ്ങളുമായുള്ള ബന്ധമാണ്. മുമ്പു മറ്റു മതങ്ങളുമായുള്ള സംവാദം ക്രൈസ്തവ മിഷന്റെ ഒരു ഘടകം മാത്രമേ ആയിരുന്നുള്ളു. അങ്ങനെയുള്ള ബന്ധത്തിൽ ദൈവാരാധന വലിയ ഘടകമാണ്. എല്ലാ മതങ്ങളുടേയും അവിഭാജ്യ ഘടകമാണു ദൈവാരാധന, ദൈവവുമായുള്ള ബന്ധം. ആ ബന്ധം വിടർന്നു വികസിക്കുന്നതു

പ്രത്യേക സാഹചര്യത്തിലും, സംസ്കാരത്തിലുമാണ്. ഇന്ത്യയിലെ ജനസംഖ്യയുടെ 2.8 ശതമാനം മാത്രമേ ക്രൈസ്തവരായുള്ളു. വലിയ ശതമാനം മറ്റു മതാനുയായികളാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ നമ്മുടെ ദൈവാരാധനയിൽ ഭാരതത്തിന്റെ സംസ്കൃതി യും പൈതൃകവും നിഴലിക്കണം. പ്രാർത്ഥനകളുടെ ഉള്ളടക്കത്തിലും പ്രതീകങ്ങളുടെ അനുരൂപണത്തിലും കർമ്മാനുഷ്ഠാനങ്ങളുടെ മേന്മയിലും ഭാരതീയത നിറഞ്ഞു നിൽക്കണം. അങ്ങനെ വരുമ്പോൾ ദൈവാരാധനതന്നെ ഒരു വലിയ മിഷനാകും. ഇന്ത്യയിലെ സീറോ -മലബാർ സഭയ്ക്ക് ഇവിടെ വലിയ കടപ്പാടുണ്ട്. ഭാരതീയപൈതൃകത്തിനാണു സഭ മുൻതൂക്കം കൊടുക്കേണ്ടത്.

* * * * * * * * * *

സീറോ മലബാർ സഭയുടെ ലിറ്റർജിയുടെ ചക്രവാളം കൽദായ സഭയിൽ മാത്രം ഒതുക്കി നിർത്തേണ്ടതല്ല. സുറിയാനി ആരാധനയോടു നേരിട്ടു ബന്ധമുള്ള അസ്സീറിയൻ-കൽദായ സഭകൾ അടുത്തകാലത്തു കാലഹരണപ്പെട്ട അവരുടെ ആരാധനക്രമം നവീകരിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ അപ്പസ്തോലികസഭയായ സീറോ-മലബാർ സഭ ഭാരതീയപാരമ്പര്യങ്ങളിൽ ഉറച്ചു നിന്നു മറ്റു സഭകളിൽ നിന്നും ലഭിച്ചവ നഷ്ടപ്പെടുത്താതെ ഒരു ആരാധനയ്ക്കു രൂപം കൊടുക്കേണ്ടിയിരിക്കുന്നു.

സീറോ – മലബാർസഭ സ്വന്തം പൈതൃകത്തെയും പാരമ്പര്യത്തെയും തിരിച്ചുകൊണ്ടുവരണം*

1. ആമുഖം

സീറോ-മലബാർസഭ ഒരു അപ്പസ്തോലിക സഭയാണ്. വി.തോമാശ്ലീഹാ ഇന്ത്യയിൽ ആരംഭം കുറിച്ച അപ്പസ്തോലിക സഭ. ആദ്യത്തെ നൂറ്റാണ്ടിൽത്തന്നെ ഇവിടത്തെ ക്രിസ്തുശിഷ്യർ "മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വി.തോമാശ്ലീഹയാണു യേശു പഠിപ്പിച്ച "അപ്പം മുറിയ്ക്കൽ ശുശ്രൂഷ"യ്ക്കു കേരളത്തിലെ അന്നത്തെ സാസ്കാരിക പശ്ചാത്തലത്തിൽ രൂപം കൊടുത്തത്. നിർഭാഗ്യകരമെന്നു പറയട്ടെ, ശ്ലീഹാ രൂപം കൊടുത്ത ആരാധനയ്ക്ക് ഇവിടെ സ്വതന്ത്രമായ വളർച്ചയുണ്ടായില്ല. നാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഇവിടെ വന്ന സുറിയാനി ക്രിസ്ത്യാനികളും പതിനാറാം നൂറ്റാണ്ടിൽ എത്തിച്ചേർന്ന പാശ്ചാത്യമിഷമറിമാരും

---

* സത്യദീപം: പുസ്തകം 82, ലക്കം 33, 2009 ഏപ്രിൽ 1, പേജ് 12.

അവരവരുടെ ആരാധനാരീതികൾ മാർത്തോമ്മാ ക്രിസ്ത്യാനികളുടെയിടയിൽ നടപ്പിലാക്കി. കാലത്തിന്റെ മാറ്റത്തിൽ പുറമേ നിന്നു വന്ന ആരാധനാരീതികൾ കുറെയെല്ലാം നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമായിത്തീർന്നു. ആരാധനാനവീകരണത്തെപ്പറ്റി ചിന്തിക്കുന്ന സീറോ-മലബാർസഭ ഈ ആരാധനാരീതികളുടെയെല്ലാം നല്ല വശം സ്വാംശീകരിച്ചു ഭാരതത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിൽ ഒരു ആരാധനയ്ക്കു രൂപം കൊടുക്കേണ്ടിയിരിക്കുന്നു. അങ്ങനെ വന്നാൽ നമ്മുടെ ദൈവാരാധന തന്നെ വിവിധ മതങ്ങളും സംസ്കാരങ്ങളും ഒന്നിച്ചു കഴിയുന്ന ആർഷഭൂവിൽ ഒരു 'മിഷൻ' ആകും.

2. ആരാധനാവത്സരം

ആധുനിക പരിതസ്ഥിതികൾക്കു യോജിച്ചവിധം വിശുദ്ധ കാലഘട്ടങ്ങളിലെ പരമ്പരാഗതമായ ആചാരങ്ങളും ശിക്ഷണവും പരിരക്ഷിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്തുകൊണ്ട് ആരാധനാവത്സരം പരിഷ്കരിക്കേണ്ടതാണ് (ആരാധനക്രമം 107). ആധുനിക പരിതസ്ഥിതികൾക്ക് അനുസരിച്ച് ആരാധനാവത്സരം പുനരുദ്ധരിക്കുന്നതിന്റെയും അവശ്യഘട്ടങ്ങളിൽ നവീകരിക്കുന്നതിന്റെയും ആവശ്യകതയാണു വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്നത്. ഇതിന്റെ വെളിച്ചത്തിൽ സീറോ-മലബാർ സഭയിൽ നൂറ്റാണ്ടുകളായി നിലനിന്നുപോന്ന ചില ഭക്താനുഷ്ഠാനങ്ങളും തങ്ങളിലേക്ക് വിരൽ ചൂണ്ടുകയാണ്. ഭക്താനുഷ്ഠാനങ്ങൾ സഭയിൽ ആത്മീയ ഉണർവ്വിനുള്ള വിലപ്പെട്ട ഉപാധികളാണ്.

എ) വി.കുർബാനയോടുള്ള ഭക്തി:

കത്തോലിക്കാസഭ വളരെയേറെ പ്രോത്സാഹിപ്പിക്കുന്ന ഒരു ഭക്താഭ്യാസമാണു വി.കുർബാനയോടുള്ള ഭക്തി. പശ്ചാത്യ സഭയുടെ സംഭാവനയായ ഈ ഭക്തിയെ വാഴ്ത്തപ്പെട്ട ചാവറയച്ചനാണു സീറോ-മലബാർ സഭയിൽ കൊണ്ടു വന്നത്. ചാവറയച്ചൻ ആരംഭിച്ച 40 മണിക്കൂർ ആരാധന കേരളസഭയിൽ ഒരു പുതിയ അദ്ധ്യായമായിരുന്നു. ആരാധനയോടനുബന്ധിച്ചുള്ള പരി.കുർബാനയുടെ ആഘോഷമായ പ്രദക്ഷിണം, ദേവാലയങ്ങളിൽ ഞായറാഴ്ചകളിലും മറ്റു പ്രധാന തിരുനാളുകളിലും നടത്തുന്ന പരി.കുർബാനയുടെ വാഴ്വ് ഇതെല്ലാം കേരളക്കരയിൽ വളരെ വേഗം പ്രചരിച്ചു. ഇന്നു വി.കുർബാനയോടുള്ള ഭക്തി "നിത്യാരാധന" എന്ന പുത്തൻരൂപത്തിൽ പലയിടത്തും നടപ്പിൽ വന്നിരിക്കുകയാണ്. ദൈവജനത്തെ സ്നേഹ

ത്തിന്റെ കൂദാശയിലേക്ക് ഈ ഭക്തി നയിക്കുന്നു. പരി.പിതാവു ബെന ഡിക്ട് പതിനാറാമൻ തന്റെ "സ്നേഹത്തിന്റെ കൂദാശ" എന്ന പ്രബോ ധനത്തിൽ ദൈവജനത്തിന്റെ വി.കുർബാനയുടെ നേർക്കുള്ള ആരാ ധനയെ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

ഇതുപോലെ തിരുഹൃദയഭക്തിയും കേരളസഭയിൽ പ്രചുരപ്ര ചാരം കിട്ടിയിട്ടുള്ള ഭക്താഭ്യാസമാണ്. തിരുഹൃദയഭക്തി പ്രത്യേ കിച്ചു മാസാദ്യ വെള്ളിയാഴ്ചയിലെ ഭക്തി മാർത്തോമ്മ കത്തോലി ക്കരുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ളതാണ്. കേരളത്തിലെ കത്തോലിക്കാഭവനങ്ങളെല്ലാം ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിതങ്ങളാണ്. തിരുഹൃദയ പ്രതിഷ്ഠ എല്ലാ ഭവനങ്ങളിലുമു ണ്ട്. നമ്മുടെ പൈതൃകത്തിന്റെ ഭാഗമായിത്തീർന്നിട്ടുള്ള ഇവയെല്ലാം നഷ്ടപ്പെടുവാൻ ഒരിക്കലും അനുവദിച്ചുകൂടാ.

ബി) വലിയ നോമ്പിലെ ഭക്താനുഷ്ഠാനങ്ങൾ:

"വിഭൂതി" മുതൽക്കാണു സീറോ-മലബാർ സഭയിൽ വലിയ നോമ്പ് ആരംഭിക്കുന്നത്. വിഭൂതി പാശ്ചാത്യസഭയിൽ നിന്നു ലഭിച്ചി ട്ടുള്ള ഒരു ആചരണമാണ്. വലിയനോമ്പിലെ വലിയ ആചരണമാണു വി.കുരിശിന്റെ വഴി (Via Sacrum). കർത്താവിന്റെ പീഡാനുഭവത്തിനു പ്രാധാന്യം നൽകിക്കൊണ്ടുള്ള ഭക്താഭ്യാസം സീറോ-മലബാർ സഭ യുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. ഒരു കാരണവശാലും അതിനെ ഉപേക്ഷിക്കേണ്ട ആവശ്യമില്ല. കഴിയുന്നതും വിശ്വാസികളെ ഈ ഭക്തിയിലേക്കു പ്രോത്സാഹിപ്പിക്കണം.

പെസഹവ്യാഴാഴ്ച സീറോ-മലബാർ ഭവനങ്ങളിൽ ആചരിക്കുന്ന "പെസഹാ ഭക്ഷണവും" ദുഃഖവെള്ളിയാഴ്ച യേശുവിന്റെ രൂപവും വഹിച്ചുകൊണ്ടുള്ള "നഗരി കാണിക്കൽ" എന്ന വിശുദ്ധ ആചര ണവും സീറോ-മലബാർ സമൂഹത്തിന്റെ പൈതൃകത്തിന്റെ ഭാഗമാ ണ്.

സി) മാസവണക്കം:

പരി. മാതാവിനോടുള്ള പ്രത്യേക ഭക്തിയാണു കൊന്തനമസ്കാ രം. അനേകം പ്രാവശ്യം മാതാവിനെ വിളിച്ചപേക്ഷിക്കുകയാണു ജപമാലയിൽ വിശ്വാസികൾ ചെയ്യുന്നത്. പരി.അമ്മ ആത്മീയ ജീവി തത്തിൽ നമ്മുടെ അമ്മയാണ്. മദ്ധ്യസ്ഥയാണ്. ഒക്ടോബർ മാസ ത്തിലെ ആഘോഷമായ കൊന്തജപിക്കൽ ആത്മീയ ഉണർവ്വിന് ഏറെ സഹായകമാണ്. സീറോ-മലബാർ സഭയിൽ, ചില സ്ഥലങ്ങളിൽ

കൊന്ത നമസ്കാരം നിരുത്സാഹപ്പെടുത്തുന്നു എന്നു കേൾക്കുന്നതു വളരെ വിചിത്രമായി തോന്നുന്നു. മാതാവിനു പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ട മേയ് മാസത്തിലെ ഭക്തിയും സീറോ-മലബാർ സഭയിൽ വളർന്നു വന്നിട്ടുണ്ട്. മാർച്ച് മാസത്തിലെ വി.യൗസേപ്പിതാവിന്റെ ഭക്തിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഡി) മരിച്ചവരുടെ ഓർമ്മ:

വളരെക്കാലമായി സീറോ-മലബാർ സഭയിൽ മരിച്ചുപോയവരെ പ്രത്യേകം ഓർക്കുന്നതും പ്രാർത്ഥിക്കുന്നതും നവംബർ മാസത്തിലാണ്. നവംബർ 2-ാം തിയ്യതി നമ്മുടെ സഭയിൽ പിതൃക്കളെ പ്രത്യേകം ഓർത്ത് അവർക്ക് തർപ്പണം നടത്തുന്ന ദിവസമാണ്. അതു നഷ്ടമാകുവാൻ ഇടവരരുത്. നവംബർ 2-നു പകരം പൗരസ്ത്യ സുറിയാനി ക്രമമനുസരിച്ചു മരിച്ചവരെ ഓർത്തു പ്രാർത്ഥിക്കുന്നതു ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയാണ്. സീറോ-മലബാർ സഭയിൽ ആ ദിവസവും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പ്രായോഗികമായി അതു നടക്കുന്നില്ല. നവംബർ 2-ാം തീയതിയിലെ പിതൃക്കളെ ഓർത്തു പ്രാർത്ഥിക്കുന്ന ആചരണം നഷ്ടമായിട്ടുണ്ടെങ്കിൽ പുനരുദ്ധരിക്കേണ്ടതാണ്.

ഇ) ക്രിസ്തുരാജ തിരുനാൾ.

ഈ തിരുന്നാൾ വളരെ കാര്യമായി സീറോ-മലബാർ സഭയിൽ നവംബർ മാസത്തിലെ അവസാന ഞായറാഴ്ച ആഘോഷിച്ചു പോന്നിരുന്നു. സുറിയാനി പാരമ്പര്യത്തിൽ അങ്ങനെയൊരു തിരുന്നാളില്ല. ഈ തിരുന്നാളിന് അൽപം മങ്ങലേറ്റിട്ടുണ്ട്. വളരെ പ്രചാരത്തിലുണ്ടായിരുന്ന ഈ തിരുന്നാളിന്റെ പ്രസക്തി തിരിച്ചുകൊണ്ടുവരണം. ക്രിസ്തു ഭൂലോകത്തിന്റെയും സ്വർഗ്ഗത്തിന്റെയും നാഥനാണ്. ക്രിസ്തു ലോകത്തിന്റെ നാഥനാണ് എന്ന് ഉദ്ഘോഷിക്കുന്ന തിരുന്നാളാണു ക്രിസ്തുരാജന്റെ തിരുന്നാൾ. ആരാധനാവസരത്തിന്റെ അവസാന ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുന്നാൾ ആഘോഷിക്കുന്നതു വളരെ അർത്ഥപൂർണ്ണമാണ്.

എഫ്) പേർഷ്യൻ കുരിശ്:

അടുത്തകാലത്തു സീറോ-മലബാർ സഭയിൽ ചില രൂപതകളിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ഭക്തിയാണിത്. പേർഷ്യൻ കുരിശിനു "മാർത്തോമ്മാക്കുരിശ് " എന്ന പേരു നൽകിയാണ് ഇതു

പ്രചരിപ്പിക്കുന്നത്. ഈ കുരിശു സ്ഥാപിക്കുവാൻ പള്ളികളിൽ നിന്നും കുരിശുരൂപം എടുത്തുമാറ്റുക; സക്രാരിയുടെയും ദിവ്യകാരുണ്യത്തിന്റെയും പ്രാധാന്യം കുറയ്ക്കുക തുടങ്ങിയവ ഹാനികരമാണ്. കുരിശുരൂപം വിശ്വാസികളുടെ ആത്മീയജീവന്റെ സ്രോതസ്സാണ്. തങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട യേശുവിനെ വിശ്വാസികൾ ദർശിക്കുന്നതു കുരിശു രൂപത്തിലാണ്. ഭാരതക്രൈസ്തവർ വിശ്വാസത്തെ പ്രതി പീഡിപ്പിക്കപ്പെടുന്ന കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. ക്രൈസ്തവർക്കു വിശ്വാസത്തിനുവേണ്ടി സ്വന്തം ജീവിതംപോലും അർപിക്കുവാൻ ശക്തി ലഭിക്കേണ്ടതു ക്രൂശിതരൂപത്തിൽ നിന്നാണ്.

3. സമാപനം

മേൽ പ്രസ്താവിച്ച ആചാരങ്ങളും ഭക്താഭ്യാസങ്ങളും മാർത്തോമ്മാ കത്തോലിക്കരുടെ പൈതൃകത്തിന്റെ ഭാഗമാണ്. ഏതു മതത്തിലായാലും ഭക്തിയാണു വിശുദ്ധിയുടെ ഉറവിടങ്ങളിലേക്കു സാധകനെ നയിക്കുക. അതുകൊണ്ടു ഭക്തിമാർഗ്ഗങ്ങളില്ലാതെ വിശുദ്ധി തന്നെയായ ദൈവത്തെ സമീപിക്കുക എളുപ്പമല്ല.

അടുത്ത കാലത്തു സീറോ-മലബാർ സഭയിലെ ഭക്താഭ്യാസങ്ങൾക്ക് ഒരു മങ്ങലേറ്റിട്ടുണ്ട്. അതിനു കാരണം സഭയിലെ ഭക്താഭ്യാസങ്ങളെല്ലാം പാശ്ചാത്യസഭയുടേതാണ് എന്ന തെറ്റായ പ്രചരണമാണ്. സുറിയാനി കുർബാനയും കൂദാശകളും മാത്രമേ സീറോ-മലബാർ സഭയുടെ സ്വന്തമായിട്ടുള്ളു. മറ്റുള്ളതെല്ലാം അന്യമാണ് എന്ന പ്രചരണം ശരിയല്ല.

സീറോ മലബാർ സഭയുടെ ലിറ്റർജിയുടെ ചക്രവാളം കൽദായ സഭയിൽ മാത്രം ഒതുക്കി നിർത്തേണ്ടതല്ല. സുറിയാനി ആരാധനയോടു നേരിട്ടു ബന്ധമുള്ള അസ്സീറിയൻ-കൽദായ സഭകൾ അടുത്തകാലത്തു കാലഹരണപ്പെട്ട അവരുടെ ആരാധനക്രമം നവീകരിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ അപ്പസ്തോലികസഭയായ സീറോ-മലബാർ സഭ ഭാരതീയപാരമ്പര്യങ്ങളിൽ ഉറച്ചുനിന്നു മറ്റു സഭകളിൽ നിന്നും ലഭിച്ചവ നഷ്ടപ്പെടുത്താതെ ഒരു ആരാധനയ്ക്കു രൂപം കൊടുക്കേണ്ടിയിരിക്കുന്നു.

* * * * * * * * * *

"എല്ലാ സജ്ജീകരണങ്ങളുമായി ധൂപപാത്രങ്ങളിൽ നിന്നു പരിമളധൂപം സ്വർഗ്ഗത്തിലേക്ക് ഉയരുന്നു. വിളക്കുകൾ മിന്നി പ്രകാശിക്കുന്നു. ഡീക്കന്മാർ മിശിഹായുടെ കല്ലറയിലെ ശരീരത്തിന് കാവൽ നിൽക്കുന്നു. അഗാധമായ നിശബ്ദത! സമാധാന അന്തരീക്ഷം! പ്രകാശം, മഹത്വം, സൗന്ദര്യം എങ്ങും സ്വർഗ്ഗീയതയുടെ പരിവേഷം. വിശുദ്ധ വസ്ത്രങ്ങൾ ധരിച്ച സമൂഹത്തിന്റെ ജിഹ്വയായ പ്രധാന കാർമ്മികൻ തന്റെ അധരങ്ങൾ തുറന്നു രഹസ്യത്തിൽ ദൈവത്തോട് സംസാരിക്കുവാൻ തുടങ്ങുന്നു.

സീറോ-മലബാർ കുർബാന സുറിയാനി ഭാഷ്യകാരന്മാരുടെ വ്യാഖ്യാനങ്ങളിൽ*

കൽദായ സുറിയാനി കുർബ്ബാനയെപ്പറ്റി വിശിഷ്ടമായ വ്യാഖ്യാനം രചിച്ചിട്ടുള്ള ആദരണീരായ രണ്ടു വ്യാഖ്യാതാക്കളാണ് അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നിസിബിസ്സിലെ നർസായും പത്താംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജോർജ്ജ് അർബ്ബേലും. വി.കുർബ്ബാനയുടെ രഹസ്യാത്മകതയും പ്രതീകാത്മകതയും ആത്മീയതയും ഇവരുടെ വ്യാഖ്യാനങ്ങളിൽ ഉടനീളം കാണാം. ഇവർ രണ്ടുപേരും സുറിയാനി വ്യാഖ്യാതാക്കളായിരുന്നു. സീറോ മലബാർ സഭയിൽ ഇന്ന് നിലവിലിരിക്കുന്ന ആരാധനക്രമത്തിന് സുറിയാനി പാരമ്പര്യവുമായി ദീർഘകാലബന്ധമുണ്ട്. അതിനാൽ ഇവരുടെ വ്യാഖ്യാനങ്ങളും, സീറോമലബാർ കുർബാനയും തമ്മിലുള്ള ബന്ധം എളുപ്പം മനസ്സിലാക്കാം. R.H. Connolly എന്ന ബനഡിക്ടൻ സന്ന്യാസി രണ്ടുപേരുടേയും വ്യാഖ്യാനങ്ങൾ സുറിയാനി ഭാഷയിൽ നിന്നും ഇംഗ്ലീഷ് ഭാഷയിലേയ്ക്ക് തർജ്ജമ (1909) ചെയ്തിട്ടുണ്ട്. ഈ വ്യാഖ്യാനങ്ങളെ

* കുടുംബദീപം: ലക്കം 1, വാല്യം 80, ജനുവരി 2010, പേജ് 19, 20, 25.

അടിസ്ഥാനപ്പെടുത്തിയാണ് ഈ ലേഖനം.

1. വി.കുർബാന ആത്മീയതയുടെ കലവറ:

വി. കുർബാനയെപ്പറ്റി നർസായുടെ ഭാഷ്യം ഇങ്ങനെ തുടങ്ങുന്നു. "സഭയുടെ രഹസ്യങ്ങളുടെ കലവറയിലേക്ക് എന്റെ ചിന്തകൾ വ്യാപരിച്ചു. എന്റെ ഹൃദയത്തിലെ വികാരങ്ങൾ വാക്കുകളിൽ കൂടി പ്രകടമാക്കുവാൻ എന്റെ മനസ്സ് ആഗ്രഹിച്ചു. അതിന്റെ മാഹാത്മ്യത്തിലേക്ക് എന്റെ മനസ്സ് ഒന്ന് എത്തിനോക്കി. അദ്ഭുതം ! അതിനെ വർണ്ണിക്കുവാനോ വിശദീകരിക്കുവാനോ ഞാൻ തീരെ പ്രാപ്തനല്ല. ചലനമറ്റവനെപ്പോലെ ഞാൻ അവിടെ നിന്നു. ഐസയാസ് പ്രവാചകനെപ്പോലെ (ഐസ 6:5) ഞാൻ വിളിച്ചു പറഞ്ഞു. എനിക്ക് ദുരിതം! ഞാൻ നശിച്ചു! എന്റെ അധരങ്ങൾ അശുദ്ധമാണ്."

"ഈ രഹസ്യങ്ങളെപ്പറ്റി ഞാൻ അസ്വസ്ഥനായി. അപ്പോൾ എന്നെ ശക്തിപ്പെടുത്തുവാനായി പരിശുദ്ധാത്മാവ് ഇറങ്ങിവന്നു. ആത്മാവ് എന്നെ അതിവിശുദ്ധ സ്ഥലത്തേക്ക് പ്രവേശിപ്പിച്ചു. അതിന്റെ മഹത്ത്വം സഭാസന്താനങ്ങൾക്ക് വെളിപ്പെടുത്തിക്കൊടുക്കുവാൻ അരൂപി എന്നെ പ്രേരിപ്പിച്ചു. സഭാമക്കളേ! നിങ്ങൾക്ക് ഒരു രഹസ്യം നൽകുവാനുണ്ട്. ഈ അതിവിശിഷ്ടങ്ങളായ രഹസ്യങ്ങളാണ് സഭാമക്കൾക്കുവേണ്ടി കാർമ്മികൻ അൾത്താരയിൽ പ്രതീകങ്ങളിലൂടെ ആചരിക്കുന്നത്."

"മിശിഹായുടെ മരണം
അവിടെ അനുസ്മരിക്കുന്നു.
അവിടത്തെ ഉത്ഥാനം
ആചരിക്കുന്നു
അവിടത്തെ രണ്ടാമത്തെ ആഗമനം
പ്രത്യാശാപൂർവ്വം കാത്തിരിക്കുന്നു"

2. പ്രതീകാത്മദേവാലയക്രമീകരണം

ജോർജ്ജ് അർബ്ബേൽ 10-ാം നൂറ്റാണ്ടിലെ ദേവാലയക്രമീകരണത്തെ സമ്യക്കായി വിവരിക്കുന്നുണ്ട്. "നമ്മുടെ കർത്താവ് തന്റെ രക്ഷണീയ കർമ്മം പൂർത്തിയാക്കിയതു ജറുസലത്ത് ആയിരുന്നു. ദൈവമായ അവിടന്നു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് മനുഷ്യശരീരം ധരിച്ചതും വീണ്ടും സ്വർഗ്ഗത്തിലേക്ക് കരയേറിപോയതും ജറുസലത്ത് ആയിരുന്നു. അതുകൊണ്ട് ദേവാലയക്രമീകരണത്തിൽ ജറുസലേം പ്രധാനസ്ഥാനം വഹിക്കുന്നു."

അർബ്ബേലിന്റെ വ്യാഖ്യാനമനുസരിച്ച് "അതിവിശുദ്ധസ്ഥലം" എന്നറിയപ്പെടുന്ന മദുബഹ ദേവാലയത്തിന്റെ കിഴക്കേ അറ്റത്താണ്. അവിടെയാണു വിശുദ്ധരഹസ്യങ്ങൾ ആചരിക്കപ്പെടുന്നത്. അത് സ്വർഗ്ഗത്തിന്റെ പ്രതീകമാണ്. അവിടെ ഏറ്റവുമധികം ശ്രദ്ധ ആകർഷിക്കുന്ന പ്രതീകം അൾത്താരയാണ്. അർബ്ബേലിന്റെ ഭാഷ്യത്തിൽ അൾത്താര സ്വർഗ്ഗീയ സിംഹാസനമാണ്. ദൈവത്തിന്റെ ഇരിപ്പിടം. അർബ്ബേൽ ഇതിനെ "high church" എന്നു പറയുന്നു. രഹസ്യത്തിന്റെ ശുശ്രൂഷയിലെ ബിഷപ്പിനും സഹായികളായ വൈദികർക്കു മാത്രമേ ഇവിടെ പ്രവേശിക്കുവാൻ അനുവാദമുള്ളു.

ദേവാലയത്തിന്റെ പടിഞ്ഞാറുഭാഗം ഹൈക്കല (വിശ്വാസികളുടെ സ്ഥലം) ഭൂമിയുടെ പ്രതീകമാണ്. അതിന്റെ മദ്ധ്യഭാഗത്താണ് ഭൂമിയിലെ ജെറുസലേം. കർത്താവിന്റെ പീഡകൾക്കും മരണത്തിനും സാക്ഷ്യം വഹിച്ച സ്ഥലം. സുറിയാനി ക്രമമനുസരിച്ച ഹൈക്കലയുടെ മദ്ധ്യത്തിൽ സ്ഥാപിതമായിരുന്ന 'ബേമ' (ഉയർന്ന സ്ഥലം) ജറുസലത്തിന്റെ പ്രതീകമാണ്. ബേമയിലെ അൾത്താര ഗാഗുൽത്തയുടെ പ്രതീകവും. ബേമയിൽ നിന്നാണു കുർബാനയുടെ ആദ്യഭാഗവും വായനകളും നടത്തുക. അർബേലിന്റെ ഭാഷ്യത്തിൽ ഈ ഭാഗം "low church" (ജനങ്ങളുടെ ഭാഗം) ആണ്.

മദുബായ്ക്കും, ഹൈക്കലക്കും ഇടക്കുള്ള സ്ഥലം (middle church) 'പറുദീസായുടെ' പ്രതീകമാണ്. ദൈവം പറുദീസ സൃഷ്ടിച്ചതു ഭൂമിയിലാണെങ്കിലും അത് സ്വർഗ്ഗത്തോട് ചേർന്നു നിൽക്കുന്നു എന്നാണ് സുറിയാനി പിതാക്കന്മാരുടെ ഭാഷ്യം. സുറിയാനി പാരമ്പര്യത്തിൽ കെസ്രോമ (പറുദീസ) ഗായകരുടേയും ഡീക്കന്മാരുടേയും സ്ഥാനമാണ്. മദുബായ്ക്കും, ഗായകവേദിയ്ക്കും മദ്ധ്യേ ഒരു വിരി (Sanctuary Veil) അതിവിശുദ്ധസ്ഥലത്തെ മറ്റ് ഭാഗങ്ങളിൽ നിന്നും വേർതിരിക്കുന്നു. വിരി മദുബായുടെ വിശുദ്ധി വെളിവാക്കുന്നു.

3. സ്വർഗ്ഗം തുറക്കുന്ന നിമിഷങ്ങൾ

വി. കുർബ്ബാനയിലെ ആദ്യത്തെ പ്രദക്ഷിണം സുറിയാനി ക്രമമനുസരിച്ച് മദ്ബഹായിൽ നിന്നു ദേവാലയമധ്യത്തിലെ "ബേമ"യിലേക്കാണ്. അർബേലിന്റെ ഭാഷ്യത്തിൽ "ദൈവത്തിന്റെ വചനം സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിൽ ഇറങ്ങി മാംസം ഉടുത്തു. അവിടന്നു ജറുസലേമിൽ പ്രത്യക്ഷനായി. അത് പിതാവ് തന്നെ ഏൽപിച്ചിരുന്ന ഉന്നതമായ രക്ഷണീയകർമ്മം പൂർത്തിയാക്കാൻ വേണ്ടിയായിരുന്നു."

ഭൂമിയിലേക്കുള്ള ദൈവത്തിന്റെ വരവിനെ സൂചിപ്പിക്കുവാനായി

കത്തിച്ച തിരികളോടും ധൂപദീപാരാധികളോടും കൂടി പ്രധാനകാർമ്മികനെ എതിരേറ്റ് പ്രദക്ഷിണമായി മദ്ബഹായിൽ നിന്നു ദേവാലയമധ്യത്തിലുള്ള ബേമയിലേക്ക് വരുന്നു. രണ്ട് ഡീക്കന്മാർ-മിഖായേൽ, ഗബ്രിയേൽ - പ്രദക്ഷിണം നിയന്ത്രിക്കുന്നു. ഇവർ പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെ പ്രതിനിധികളാണ്.

പ്രദക്ഷിണം ബേമയിൽ എത്തിയാൽ "ലാകുമാറാ" (സകലത്തിന്റെയും നാഥാ.....) എന്ന ഗാനം ഗായകസംഘം ആലപിക്കുന്നു. വി. കുർബ്ബാന ഇവിടെ ഔദ്യോഗികമായി ആരംഭിക്കുന്നു. സ്വർഗ്ഗത്തിന്റെ പരിശുദ്ധിയെ സൂചിപ്പിക്കുവാനായി ഈ സമയത്ത് സഹായി മദ്ബഹ ധൂപിക്കുന്നു. ദേവാലയമധ്യത്തിലുള്ള 'ബേമ' (ഉയർന്ന സ്ഥലം) യിൽ നിന്നാണ് പഴയ നിയമവായനകളും പുതിയ നിയമവായനകളും നടത്തുക. യേശു പലസ്തീനായിൽ ജനങ്ങളെ പഠിപ്പിച്ചതിന്റെ പ്രതീകമാണ് വായനകൾ.

4. അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശനം

നർസായുടെ വ്യാഖ്യാനത്തിൽ ശുശ്രൂഷികളും ഡീക്കന്മാരും സഹകാർമ്മികരും പ്രധാന കാർമ്മികനും അതിവിശുദ്ധസ്ഥലമായ മദ്ബായിലേക്ക് പ്രദക്ഷിണമായി പ്രവേശിക്കുന്നതിനെ സമൃക്കായി വിവരിക്കുന്നുണ്ട്. വി.ബലിയിൽ സംബന്ധിക്കുവാൻ അയോഗ്യരായവരെ പിരിച്ച് വിട്ടതിനു ശേഷമാണ് അതിവിശുദ്ധസ്ഥലത്തേക്കുള്ള പ്രവേശനം.

വൈദികർ നിരയായി മദ്ബഹായുടെ കിഴക്കുഭാഗത്തുള്ള "ദൈവത്തിന്റെ സിംഹാസനം" എന്ന നാമമുള്ള അൾത്താരയിലേക്ക് പ്രദക്ഷിണമായി വരുന്നു. കാർമ്മികരിൽ നിന്ന് ഒരാൾ ഈ സമയത്ത് പ്രധാന കാർമ്മികനായി ബലിയർപ്പിക്കുവാൻ നിയോഗിക്കപ്പെടുന്നു. അയോഗ്യനെങ്കിലും അയാൾ ഈ സമയത്ത് വിനയാന്വിതനായി, യേശുവിന്റെ പ്രതീകമായി മാറുന്നു. ഉന്നതമായി ഈ വിളി ഭക്തിപൂർവ്വം അദ്ദേഹം സ്വീകരിക്കുന്നു. മാലാഖവൃന്ദത്തിലെ സെറാഫുകൾക്കും ക്രോവേന്മാർക്കും ഉന്നതമാണ് കാർമ്മികരുടെ സ്ഥാനം. അവരാണ് വിശുദ്ധ രഹസ്യങ്ങൾ കൈകാര്യം ചെയ്യുന്നത്.

നർസായ് തുടരുന്നു: അൾത്താര നമ്മുടെ കർത്താവിന്റ കബറിടത്തിന്റെ പ്രതീകമാണ്. അവിടെ സ്ഥാപിച്ചിരിക്കുന്ന അപ്പവും വീഞ്ഞും മിശിഹായുടെ കല്ലറയിൽ സംസ്കരിച്ച ശരീരത്തിന്റെ സാദൃശ്യമാണ്. ഡീക്കന്മാർ രണ്ടുപേർ - ഒരാൾ മിശിഹായുടെ ശരീരത്തിന്റെ ശിരോഭാഗത്തും അപരൻ പാദഭാഗത്തും - കാവൽ

നിൽക്കുന്നു. കൂടാതെ വിശുദ്ധ കർമ്മത്തിൽ പങ്കെടുക്കുന്ന എല്ലാ കാർമ്മികരും മിശിഹായുടെ കല്ലറയ്ക്കു കാവൽ നിൽക്കുന്ന മാലാഖമാർക്കു സദൃശ്യരാണ്.

അതിവിശുദ്ധ സ്ഥലത്തിന്റെ പരിശുദ്ധിയെ നർസായ് ഇങ്ങനെ വർണ്ണിക്കുന്നു. "സഭാസമൂഹം അഗാധമായ നിശബ്ദതയിലാണ്. എല്ലാവരും ഹൃദയംകൊണ്ട് തീക്ഷ്ണമായി ദൈവത്തെ സ്തുതിക്കുന്നു. വൈദികർ, ഡീക്കന്മാർ എല്ലാവരും നിശബ്ദതയിൽ മുഴുകി ധ്യാനിക്കുന്നു. വിശ്വാസികളും നിശബ്ദത ആസ്വദിക്കുന്നു. അൾത്താര മഹത്ത്വവും ഉന്നതിയുംകൊണ്ട് മുടിചൂടി നിൽക്കുന്നു. അൾത്താരയിന്മേൽ വി.കുരിശും സുവിശേഷഗ്രന്ഥവുമുണ്ട്."

എല്ലാ സജ്ജീകരണങ്ങളുമായി ധൂപപാത്രങ്ങളിൽ നിന്നു പരിമളധൂപം സ്വർഗ്ഗത്തിലേക്ക് ഉയരുന്നു. വിളക്കുകൾ മിന്നിപ്രകാശിക്കുന്നു. ഡീക്കന്മാർ മിശിഹായുടെ കല്ലറയിലെ ശരീരത്തിന് കാവൽ നിൽക്കുന്നു. അഗാധമായ നിശബ്ദത! സമാധാന അന്തരീക്ഷം! പ്രകാശം, മഹത്വം, സൗന്ദര്യം എങ്ങും സ്വർഗ്ഗീയതയുടെ പരിവേഷം. വിശുദ്ധ വസ്ത്രങ്ങൾ ധരിച്ച സമൂഹത്തിന്റെ ജിഹ്വയായ പ്രധാന കാർമ്മികൻ തന്റെ അധരങ്ങൽ തുറന്നു രഹസ്യത്തിൽ ദൈവത്തോട് സംസാരിക്കുവാൻ തുടങ്ങുന്നു.

5. പരിശുദ്ധാത്മാവ് രഹസ്യങ്ങളെ പൂർത്തിയാക്കുന്നു

"സമൂഹത്തിന്റെ ജിഹ്വയായി കാർമ്മികൻ കണ്ണുകളുയർത്തി പരിശുദ്ധാത്മാവിനെ വിളിച്ച് പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിനെ വിളിച്ച് ബലിവസ്തുക്കളിൽ ആവസിക്കുവാൻ കാർമ്മികൻ പ്രാർത്ഥിക്കുന്നു. കാർമ്മികന്റെ ആഹ്വാനമനുസരിച്ച് പരിശുദ്ധാത്മാവു മുകളിൽ നിന്ന് ഇറങ്ങി വന്ന്, രഹസ്യങ്ങളുടെ ആചരണം പൂർത്തിയാക്കുന്നു. കാർമ്മികന്റെ ഔന്നത്യമോ, കഴിവോ അല്ല ഇവിടെ മഹത്തരമായിട്ടുള്ളത്, മറിച്ച് ആത്മാവ് ബലിവസ്തുക്കളിൽ പ്രവേശിച്ച് അതിനെ മിശിഹായുടെ സജീവ ശരീരരക്തങ്ങളാക്കി മാറ്റുന്നു. ആത്മാവിന്റെ ആവാസം വഴിയായി യേശുവിന്റെ ഉയിർത്ത ശരീരം അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ അൾത്താരയിൽ സംജാതമാകുന്നു. പരിശുദ്ധാത്മാവ് വൈദികന്റെ കൈകളിലൂടെ പ്രവർത്തിക്കുന്നു. വൈദികനെ കൂടാതെ ഒരു രഹസ്യവും അൾത്താരയിൽ ആചരിക്കപ്പെടുന്നില്ല."

6. വി. കുർബാന: ജീവന്റെ ഭക്ഷണം:

നർസായുടെ ഭാഷ്യം ഇവിടെ പ്രചോദനമാണ്. "പീലാസായിൽ അപ്പവും കാസയിൽ തിരുരക്തവും വഹിച്ചുകൊണ്ട് പ്രധാന കാർമ്മികൻ ജനങ്ങളുടെ പക്കലേക്ക് വരുന്നു. മിശിഹായുടെ ഉയിർത്ത ശരീരമാണ് കാസായിലും പീലാസായിലും കാർമ്മികൻ വഹിക്കുന്നത്. ഡീക്കന്മാരും ശുശ്രൂഷികളുമായ വലിയൊരു സമൂഹം കാർമ്മികന്റെ കൂടെയുണ്ട്. വാനാരൂപികളും അഗ്നിമയന്മാരും ശുശ്രൂഷികളോട് ചേർന്ന് മിശിഹായുടെ ശരീരം വഹിക്കുന്ന കാർമ്മികനെ അനുഗമിക്കുന്നു."

"സഭാസമൂഹം മുഴുവൻ ഈ വരവേൽപ് ദർശിച്ച് അത്യധികം സന്തോഷിച്ച് ആനന്ദത്തിൽ മുഴുകി നിൽക്കുന്നു. ഉയിർത്ത കർത്താവിനെ കണ്ടപ്പോൾ ശിഷ്യന്മാർ സന്തോഷിച്ചതുപോലെ വി.കുർബാനയിൽ ഉയിർത്ത കർത്താവിനെ കണ്ട് സഭാമക്കൾ അത്യധികം ആനന്ദിക്കുന്നു. അവരുടെ സന്തോഷം വർണ്ണനാതീതമാണ്. ഐസയാസ് പ്രവാചകനെപ്പോലെ അവരും പറഞ്ഞു ദൈവത്തിന്റെ അവർണ്ണനീയമായ രഹസ്യം-വി. കുർബാന."

അപ്പം ഭക്ഷണമാണ്. വീഞ്ഞ് പാനീയമാണ്. മിശിഹായുടെ ശരീരവും രക്തവുമാകുന്ന വി. കുർബാന ആത്മീയ വളർച്ചയ്ക്ക് നിദാനമാണ്. കുരിശിന്റെ മാതൃകയിൽ അടക്കിപിടിച്ചിരിക്കുന്ന കൈക്കുമ്പിളിലേക്ക് വി.കുർബാനയിൽ യേശു കടന്നു വരുന്നു. അവിടുന്ന് ഓരോ വ്യക്തിയിലും വന്ന് വസിക്കുന്നു. ഇത് അമൂല്യനിമിഷം! ഇത് ദിവ്യമുഹൂർത്തം! സ്വർഗ്ഗീയാനന്ദം!

സമാപനം

വി. കുർബാനയെപ്പറ്റി രണ്ട് സുറിയാനി പിതാക്കന്മാരുടെ വ്യാഖ്യാനങ്ങളാണ് ഈ ലേഖനത്തിന്റെ മുഖ്യസ്രോതസ്സ്. സുറിയാനി പാരമ്പര്യം ആരാധനാ ക്രമത്തിനു നൽകിയ വലിയ സംഭാവനയായി ഇവരുടെ ഭാഷ്യങ്ങളെ വിശേഷിപ്പിക്കാം. നർസായുടെയും ജോർജ്ജ് അർബ്ബേലിന്റേയും ഭാഷ്യങ്ങളിൽ ഭൂമിയിലെ ദൈവാരാധന സ്വർഗ്ഗീയ ദൈവാരാധനയുടെ ഒരു മുന്നാസ്വാദനമാണ്.

കേരളത്തിൽ ജന്മംകൊണ്ട സീറോ മലബാർ സഭ ഒരു അപ്പസ്തോലിക സഭയാണ്. സഭയ്ക്ക് ആദ്യനൂറ്റാണ്ടിൽ വി. തോമസ്സ് അപ്പസ്തോലനിൽ നിന്നും പൈതൃകമായി ലഭിച്ച ഒരു അപ്പസ്തോലിക ലിറ്റർജി ഇന്ത്യയുടെ പൈതൃകത്തിൽ ഉണ്ടായിരുന്നു. ഇത് എല്ലാവരും ഇന്ന് അംഗീകരിക്കുന്നുണ്ട്. പക്ഷേ, അതിന്റെ ആദ്യരൂപം

നമുക്ക് ലഭിക്കാതെ പോയി.

നാലാം നൂറ്റാണ്ടിലോ, അതിനു ശേഷമോ മാത്രമാണ് കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾ പൗരസ്ത്യസുറിയാനി സഭയുമായി ബന്ധപ്പെടുന്നത്. കേരളത്തിലെ ക്രിസ്തുദാസരെ 'സഹായിക്കുവാനായി' പുറമേ നിന്നു വന്നവരായിരുന്നു സുറിയാനി ക്രിസ്ത്യാനികൾ. സുറിയാനി ആരാധനാരീതി കേരളത്തിലെ അപ്പസ്തോലിക ആരാധനയെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ആവശ്യമായവ മാത്രം സുറിയാനി ആരാധനാരീതിയിൽ നിന്നു സ്വീകരിച്ച് സീറോ മലബാർസഭ ഭാരതത്തിലെ സഭയായി വളരേണ്ടിയിരിക്കുന്നു.

* * * * * * * * * *

സംസ്കാരങ്ങൾ പരസ്പരം പൂരകങ്ങളായി വർത്തിക്കണം. പരസ്പരം മൂല്യങ്ങൾ കൈമാറണം. ക്രൈസ്തവസഭയ്ക്ക് ഭാരതത്തിന്റെ ആദ്ധ്യാത്മികതയിൽ നിന്നും ദർശനങ്ങളിൽ നിന്നും ധാരാളം സ്വീകരിക്കുവാനുണ്ട്. അതുപോലെ ഭാരതസംസ്കാരവും സുവിശേഷ മൂല്യങ്ങൾകൊണ്ട് കൂടുതൽ ധന്യമാകണം.

സീറോ-മലബാർ കുർബാന കാലഹരണപ്പെട്ട ആചാരങ്ങൾ പുതിയതിന് വഴിമാറികൊടുക്കണം*

ആമുഖം

സീറോ-മലബാർസഭ യിൽ ലിറ്റർജി നവീകരണം വത്തിക്കാൻ കൗൺസിൽ ഉദ്ദേശിച്ചപോലെ നടന്നില്ല. ലിറ്റർജി രേഖയിൽ നവീകരണത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് "പുനരുദ്ധാരണം, നവീകരണം, അനുരൂപണം" (ലിറ്റർജി-24) എന്നിവയ്ക്ക് ഒരുപോലെ പ്രാധാന്യം നൽകണമെന്നാണ്. ആരാധനയിലെ കാലഹരണപ്പെട്ട ആചാരങ്ങളും പ്രതീകങ്ങളും പ്രാർത്ഥനകളും മാറ്റി പുതിയവ, കാലഘട്ടത്തിനും പ്രത്യേകിച്ച് സംസ്കാരത്തിനും യോജിച്ചവ, കൂട്ടിച്ചേർക്കുന്നതിന് അവസരമുണ്ടാക്കുക എന്നതാണ് കൗൺസിൽ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

എന്നാൽ സീറോ മലബാർ സഭയിൽ നവീകരണം സംഭവിച്ചത് കൗൺസിൽ നിർദ്ദേശിച്ച വിധമായിരുന്നില്ല. മറിച്ച്, അവിടെ സംഭവിച്ചത് 'പുനരുദ്ധാരണം, നവീകരണം, വീണ്ടും പുനരുദ്ധാരണം' എന്ന ക്രമമായിരുന്നു. 1962-ൽ നടപ്പിൽ വന്ന കുർബാന തക്സ കല്ദായ

*കുടുംബദീപം: ലക്കം 4, വാല്യം 80, ഏപ്രിൽ 2010, പേജ് 13-16.

സഭയുടെ ഒരു പുനരുദ്ധരിച്ച ടെക്സ്റ്റ് ആയിരുന്നു. ആ തക്സ നവീകരിച്ച് 1968 ൽ പുതിയ തക്സ നിലവിൽ വന്നു. തുടർന്ന് കൂദാശകളും യാമപ്രാർത്ഥനകളും വത്തിക്കാൻ കൗൺസിലിന്റെ നവീകരണത്തിന്റെ കാഴ്ചപ്പാടിൽ പുറത്തുവന്നു. എല്ലാവരും നവീകരിച്ച പ്രാർത്ഥനകൾ സന്തോഷത്തോടെ സ്വീകരിച്ചു. പിന്നീട് മൂന്നാമത്തെ പടിയായി അനുരൂപണത്തിനുപകരം 1986 ലെ 'റാസാ' ക്രമത്തിന്റെ സൃഷ്ടിയോടെ 'പുനരുദ്ധാരണമാണു' സഭയിൽ നിലവിൽ വന്നത്. റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷന്റെ നിർബന്ധമാണ് 'റാസാ'ക്രമത്തിന്റെ പുറകിലുള്ളത്. ഇത് വലിയദോഷം ചെയ്തു. ഭൂരിപക്ഷം മെത്രാന്മാരും ആഗ്രഹിച്ചത് അനുരൂപണത്തോടു തുറവിയുള്ള സാധാരണ കുർബാന തക്സ ആയിരിക്കുന്നു. 'റാസാ' ക്രമം ദൈവജനം തീർത്തും പ്രതീക്ഷിച്ചതല്ല. എങ്കിലും ഏതാനും രൂപതകൾ സീറോമലബാർ സഭയുടെ പൈതൃകമായി 'റാസാ' ക്രമത്തെ വ്യാഖ്യാനിച്ചു. റാസാക്രമം എല്ലാ രൂപതകളിലും നടപ്പിലാക്കിയിട്ടില്ല.

സീറോ മലബാർ ലിറ്റർജിയുടെ നവീകരണത്തെപ്പറ്റി പറയുമ്പോൾ പലപ്പോഴും ഉപയോഗിക്കുന്ന പ്രയോഗമാണ് 'ജീവാത്മകമായ വളർച്ച' (Organic growth) എന്നത്. സീറോ മലബാർ ലിറ്റർജിയെ സംബന്ധിച്ചിടത്തോളം ജീവാത്മകമായ വളർച്ചകൊണ്ട് ഉദ്ദേശിക്കുന്നത്, കല്ദായ ലിറ്റർജിയുടെ സ്രോതസ്സുകളിലേക്കുള്ള തിരിച്ചുപോകലല്ല, മറിച്ച് സാംസ്കാരികാനുരൂപണത്തിനു പ്രാധാന്യം നൽകിക്കൊണ്ട് കാലഹരണപ്പെട്ട പ്രതീകങ്ങളും ആചാരങ്ങളും മാറ്റി കാലത്തിന് അനുയോജ്യമായവ കൂട്ടിച്ചേർത്ത് നവീകരണത്തിന്റെ പാതയിലൂടെ മുൻപോട്ടു പോകുക എന്നതാണ്.

1. ദൈവാലയക്രമീകരണം

ആരാധനക്രമത്തിൽ ദൈവാലയ ക്രമീകരണത്തിന് വലിയ സ്ഥാനമുണ്ട്. മദുബഹ, അൾത്താര, ദൈവാലയത്തിലെ കലകൾ, ആരാധനയ്ക്ക് ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങൾ, ദൈവാലയത്തിലെ ഇരിപ്പിടം തുടങ്ങിയവ വലിയ പ്രാധാന്യമുള്ളവയാണ്. വിശ്വാസികളെ ദൈവാരാധനയുടെ ആന്തരികതയിലേക്ക് നയിക്കുന്നതായിരിക്കണം ദൈവാലയത്തിലെ ക്രമീകരണം. മാത്രമല്ല, കലാരൂപങ്ങളിലും സജ്ജീകരണങ്ങളിലുമെല്ലാം സംസ്കാരത്തിന്റെയും കാലത്തിന്റെയും തനിമ നിഴലിക്കണം. കാലഹരണപ്പെട്ട കലകളും ആചാരങ്ങളും മാറ്റി പുതിയവ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ

ആഹ്വാനമനുസരിച്ച് ലിറ്റർജിയോട് സമന്വയിപ്പിക്കണം. അപ്പോൾ മാത്രമേ ആരാധന അനുഭവവേദ്യമാകയുള്ളു.

എ) മദുബഹ (High Church)
കെസ്ത്രോമ (Middle Church)
ഹൈക്കല (Low Church)

10-ാം നൂറ്റാണ്ടിലെ ജോർജ്ജ് അർബേലിന്റെ വ്യാഖ്യാനത്തിൽ വളരെ വ്യക്തമായി ദേവാലയക്രമീകരണത്തിലെ മൂന്നു ഭാഗങ്ങളെപ്പറ്റി വിവരിക്കുന്നുണ്ട്. മദുബഹ, ദൈവാലയത്തിന്റെ കിഴക്കേ അറ്റം. അവിടെ പ്രധാന കാർമ്മികനും സഹകാർമ്മികർക്കും മാത്രമേ പ്രവേശനമുള്ളു. മദുബഹ സ്വർഗ്ഗത്തോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. അവിടെയുള്ള അൾത്താര സ്വർഗീയ സിംഹാസനമാണ്. ബലിയർപ്പിക്കുന്ന കാർമ്മികനും സഹകാർമ്മികരും മാലാഖമാരെക്കാൾ ഉന്നതപദവിയുള്ളവരാണ്. ദൈവജനത്തിന് അവരുമായി നേരിട്ട് ബന്ധമൊന്നുമില്ല. മദുബഹ കിഴക്കുവശത്താണെങ്കിൽ പടിഞ്ഞാറ് വശം ഹൈക്കല ജനങ്ങളുടെ ഭാഗമാണ്. സമൂഹവേദി എന്നു ഇതിനു പേരുണ്ട്. അവർക്കു പ്രത്യേക ചുമതലയൊന്നുമില്ല. മദുബഹായിൽ നടക്കുന്ന ദിവ്യരഹസ്യങ്ങൾ കൺകുളിർക്കേ കണ്ട് ആത്മീയാനന്ദം പ്രാപിക്കുക. അത്രമാത്രം. കാർമ്മികന്റെ ചില പ്രാർത്ഥനകൾക്ക് മറുപടി പറയണം.

മദുബഹയുടെയും ഹൈക്കലയുടെയും മധ്യത്തിലുള്ള ഭാഗം കെസ്ത്രോമ. ഡീക്കന്മാരുടെയും ഗായകസംഘത്തിന്റെയും ഭാഗം (ഗായകവേദി). അവരാണ് ഗാനാലാപനവും ആരാധനയ്ക്കു വേണ്ട ശുശ്രൂഷകളും ചെയ്യുന്നത്. ഈ ഭാഗത്തെ ങശറഹല ഇവൗരവ" എന്ന അർബേൽ പറയുന്നുണ്ട്. ബലിയർപ്പിക്കുന്ന കാർമ്മികനോടു നേരിട്ട് ബന്ധമുള്ളത് ഇവർക്കാണ്.

സീറോ മലബാർ ആരാധനയിലെ ഈ സംവിധാനം (എല്ലായിടത്തുമില്ല) കൃത്രിമമാണെന്നാണ് ദൈവജനത്തിന്റെ അഭിപ്രായം. ദൈവജനം കാഴ്ചക്കാർ, എല്ലാം ശരിവയ്ക്കുന്നവർ. അജഗണം! പ്രത്യേക ചുമതലകളൊന്നുമില്ല. മാത്രമല്ല, ഇപ്രകാരമുള്ള ഒരു സംവിധാനം ദൈവജനത്തിന്റെ തനിമയെത്തന്നെ ചോദ്യം ചെയ്യുന്നുണ്ട്. ഇത് ദൈവജനത്തെ 'Simple and ordinary' ആക്കി മാറ്റുന്നു. സഭയിൽ എന്തെങ്കിലും ഉത്തരവാദിത്വത്തോടെ സംസാരിക്കുവാനോ പ്രവർത്തിക്കാനോ ഉള്ള ദൈവജനത്തിന്റെ മാനസികാവസ്ഥയെ ഈ സജ്ജീകരണം ഒരു വിധത്തിൽ ദുർബലപ്പെടുത്തുകയാണ്.

എല്ലാ മഹത്ത്വവും അംഗീകാരവും സഭയിലെ മേലദ്ധ്യക്ഷന്മാർക്കും വൈദികർക്കു(പ്രധാന കാർമ്മികനും സഹകാർമ്മികരും)മാണ്. അവരുടെ പദവി സ്വർഗദൂതരെക്കാൾ ഉപരിയാണ്. അല്മായ നേതൃത്വത്തെപ്പറ്റി സഭയിൽ ഉറക്കെ സംസാരിക്കുന്ന ഇക്കാലത്ത് സീറോ മലബാർ ദൈവാലയങ്ങളിലെ ഈ സംവിധാനം ഗുണത്തിലേറെ ഉപദ്രവമേ ചെയ്യുകയുള്ളു.

ബി. ദൈവജനം അൾത്താരയ്ക്ക് അരികേ

കൂടുതൽ നല്ല സംവിധാനം ദൈവജനം അൾത്താരയ്ക്ക് അരികേ ഒരു സമൂഹമായി, കാർമ്മികന്റെ നേതൃത്വത്തിൽ പിതാവായ ദൈവത്തിനു ബലിയർപ്പിക്കുക എന്നതാണ്. മാമോദീസായിൽ ലഭിച്ച പൊതുവായ പൗരോഹിത്യം ദൈവജനത്തെ അതിന് പ്രാപ്തരാക്കുന്നു. ഇതിന്റെ വെളിച്ചത്തിൽ സീറോ മലബാർ ദൈവാലയങ്ങളിൽ ബലിയർപ്പണത്തിന് സമൂഹത്തെ മൂന്നായി വേർതിരിച്ചിട്ട് ആവശ്യമില്ല. സുറിയാനി പൈതൃകത്തോട് നേരിട്ടു ബന്ധമുള്ള അസ്സീരിയൻ, കല്ദായ സഭകൾക്ക് ഒരു പക്ഷേ, ഈ സംവിധാനം ശ്രേഷ്ഠമായിരിക്കാം. ഭാരതത്തിലെ സഭയായ സീറോമലബാർ സഭയ്ക്ക് ഇത്തരമൊരു സംവിധാനം ആവശ്യമില്ല.

ഒരു പക്ഷേ, ഏതെങ്കിലും തീർത്ഥകേന്ദ്രത്തിലോ, കത്തീഡ്രൽ പള്ളിയിലോ പ്രത്യേക ആഘോഷ അവസരങ്ങളിൽ ഇതുപോലെയുള്ള സംവിധാനവും ബലിയർപ്പണവുമാകാം. എന്നാൽ സാധാരണ ദൈവാലയങ്ങളിൽ പ്രത്യേകിച്ച് ഇടദിവസങ്ങളിൽ ഇത്തരത്തിലുള്ള ഒരു ദീർഘസംവിധാനം ആവശ്യമില്ല.

സി. കെസ്ത്രോമയിലെ ബേമ

സീറോ മലബാർ ദൈവാലയങ്ങളിൽ ക്രൈസ്ത്രോമയിൽ സംവിധാനം ചെയ്തിരുന്ന ബേമ, (വചനവേദി) അധികപ്പറ്റാണ്. ഇരിക്കാൻ ബഞ്ചുകളുള്ള പള്ളികളിൽ മാത്രമേ ഈ സംവിധാനം വിജയിക്കുകയുള്ളു. മിക്കവാറും സീറോ മലബാർ പള്ളികളിൽ ദൈവജനം നിലത്തിരിക്കയാണ്, ആവശ്യസന്ദർഭങ്ങളിൽ.

എന്നാൽ വത്തിക്കാൻ കൗൺസിലിന്റെ ലിറ്റർജി രേഖയിൽ വചനശുശ്രൂഷയ്ക്ക് വലിയ പ്രാധാന്യം കൊടുക്കുന്നുണ്ട്. ലത്തീൻ റീത്തിലെ പള്ളികളിൽ മദ്ബഹായിൽത്തന്നെ വചനവേദിയുമുണ്ട്. ഈ സംവിധാനം ഏറെ പ്രയോജനകരമാണ്. വചനവേദി വേദപുസ്തകവായനകൾക്കും ബലിവേദി ബലിയർപ്പണത്തിനും.

ഇതിനുപുറമേ വലിയ ആഘോഷാവസരങ്ങളിൽ കാർമ്മികൻ വിശുദ്ധഗ്രന്ഥം ധൂപദീപപുഷ്പ ആരതികളോടെ പള്ളിയുടെ മധ്യത്തിൽകൊണ്ടുവന്ന് വായിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക അഭികാമ്യമാണ്. പല സഭകളും ഇന്ന് വചന ശുശ്രൂഷ ആഘോഷാവസരങ്ങളിൽ പള്ളിയുടെ മധ്യത്തിൽ സംവിധാനം ചെയ്യുന്നുണ്ട്.

സീറോ മലബാർ പള്ളികളിൽ 1986-ൽ ഹൈക്കലയുടെ മധ്യത്തിൽ ബേമ സംവിധാനം ഉണ്ടാക്കിയത് സുറിയാനി പൈതൃകം വീണ്ടെടുക്കാനായിരുന്നു. പിന്നീട് ബേമ കെസ്ത്രോമയിലേക്ക് മാറ്റി. കാലഹരണപ്പെട്ട സുറിയാനി പൈതൃകം ആവശ്യമില്ല. ഭാരതീയ പൈതൃകത്തിനാണ് വിശുദ്ധ തോമാശ്ലീഹാ സ്ഥാപിച്ച മാർത്തോമാ സഭ പ്രാധാന്യം കൊടുക്കേണ്ടത്.

ഡി. നിലത്ത് ഇരുന്നുകൊണ്ട് ബലിയർപ്പിക്കുക

ഭാരതീയ പാരമ്പര്യത്തിൽ അഗാധമായ ധ്യാനത്തിനും ഉന്നതമായ പ്രാർത്ഥനയ്ക്കും നിലത്ത് ഇരിക്കുക എന്നതാണ് പ്രമാണം. ഇരിക്കുക ഇന്ത്യൻ പ്രാർത്ഥനയുടെ ഏറ്റവും ഉദാത്തമായ രീതിയാണ്.

ഇപ്പോഴത്തെ സീറോ മലബാർ കുർബാനയിൽ അധികസമയം കാർമ്മികനും സമൂഹവും നിൽക്കുകയാണ്. ഉദാത്തമായ പങ്കെടുക്കലിന് ഈ രീതി ഒട്ടും ഉപകാരപ്രദമല്ല. മുഴുവൻ സമയവും നിൽക്കുക എന്ന രീതി മാറ്റി അനുതാപത്തിന്റെ അടയാളമായ മുട്ടുകുത്തലിനും ധ്യാനത്തിന്റെ അടയാളമായ നിലത്തിരിക്കുന്നതിനുംവേണ്ട പ്രാധാന്യം നൽകുന്നതാണു ശരി.

മാത്രമല്ല, വടക്കേ ഇന്ത്യയിൽ പല സീറോ മലബാർ സമൂഹങ്ങളിലുമുള്ള പോലെ, കാർമ്മികനും ദൈവജനവും നിലത്തിരുന്നുകൊണ്ട് ധ്യാനചിന്തയിൽ മുഴുകി കീർത്തനരൂപത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുക ഭാരതീയ പൈതൃകമാണ്. കേരളത്തിൽ ചിലയിടത്തെങ്കിലും പരീക്ഷണാർത്ഥം ഈ രീതി കൊണ്ടുവരേണ്ടതാണ്.

ഇ. കാഴ്ചവയ്പു പ്രദക്ഷിണം

ആഘോഷ അവസരങ്ങളിലെ കാഴ്ചസമർപ്പണം സീറോ മലബാർ പള്ളികളിൽ ഏറെ ദീർഘമാണ്. അപ്പവും വീഞ്ഞും കാർമ്മികൻ അൾത്താരയിൽ സമർപ്പിക്കുന്നതോടൊപ്പം ദൈവജനം തങ്ങളെയും ബലിയിൽ സമർപ്പിച്ചിരുന്നതിന്റെ പ്രതീകമാണ് കാഴ്ചയർപ്പണം. തിരുകർമ്മങ്ങൾക്ക് ആവശ്യമായ അപ്പവും വീഞ്ഞും, ദൈവാ

രാധനയ്ക്ക് ഉതകുന്ന പുഷ്പങ്ങളുടെ താലം, പനിനീർ, ചന്ദനത്തിരികൾ, ദീപം, ചന്ദനക്കൂട്ട്, ഭൂമിയിൽ നിന്നുള്ള വിളവെടുപ്പിനെ സൂചിപ്പിക്കാൻ ഏതാനും ഫലങ്ങൾ തുടങ്ങിയവ അർപ്പണവസ്തുക്കളായി അൾത്താരയുടെ സമീപം വയ്ക്കാവുന്നതാണ്. അൾത്താരയുടെ മുൻവശത്തും വശങ്ങളിലും കാഴ്ചവസ്തുക്കൾ വയ്ക്കാനുള്ള സജ്ജീകരണങ്ങൾ മുൻകൂട്ടി ചെയ്യാവുന്നതാണ്. ഒരുപാട് വസ്തുക്കൾ അർപ്പണത്തിനായി അൾത്താരയിൽ കൊണ്ടുവരുന്നത് ഉചിതമല്ല.

എഫ്. ആരാധനാഗീതങ്ങൾ, തിരുവസ്ത്രങ്ങൾ, പേർഷ്യൻ കുരിശ്

കാലം ചെയ്ത ജോസഫ് കാർഡിനൽ പാറേക്കാട്ടിൽ ലിറ്റർജി കമ്മീഷന്റെ നേതൃസ്ഥാനത്തായിരിക്കുമ്പോൾ ആരാധനാ ഗീതങ്ങളുടെ സുവർണ്ണകാലമായിരുന്നു. ഫാ.ആബേൽ സി.എം.ഐ.ആണ് ആരാധനാ നവീകരണത്തിൽ അദ്ദേഹത്തെ സഹായിച്ചത്. ആബേലച്ചൻ രചിച്ച ഗാനങ്ങൾ ഇന്നും മലയാളികളുടെ ഹൃദയങ്ങളിൽ നിന്നും മാഞ്ഞുപോയിട്ടില്ല. വിവാഹശുശ്രൂഷയിലെ 'ആദിയിലഖിലേശൻ നരനെ... പെസഹ വ്യാഴാഴ്ചയിലെ "താലത്തിൽ വെള്ളമെടുത്തു..." ദുഃഖവെള്ളിയിലെ "ഗാഗുൽത്താമലയിൽ നിന്നും വിലാപത്തിൻ.."..... ഹൃദയത്തിന്റെ അഗാധതയിൽ പ്രാർത്ഥനയുടെ ഭാവങ്ങൾ സൃഷ്ടിച്ച ഈ ഗാനങ്ങൾ അനശ്വരങ്ങളാണ്. മലയാളികൾക്ക് അതിനെ ഒരിക്കലും മറക്കാൻ കഴിയില്ല.

അതിനുപകരം കാലഹരണപ്പെട്ട "തുയൈ, ബ്രീകു മറിയ....." സുറിയാനി ട്യൂണുകൾ ആരിലും ഒരു പ്രാർത്ഥനാഭാവവും ഉണർത്തുകയില്ല. അതുകൊണ്ട് ഭക്തിസാന്ദ്രമായ ഇന്ത്യൻ രീതികളിൽ ഭാവനാസമ്പന്നമായ ഗാനങ്ങൾ ആരാധനയിൽ കൊണ്ടുവരണം. അതാണ് ആരാധനാപൈതൃകത്തിന് സീറോമലബാർ സഭയ്ക്കു നൽകാവുന്ന വലിയ മുതൽക്കൂട്ട്.

സീറോ മലബാർ കുർബാനയിൽ കാർമ്മികൻ ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങൾ നമ്മുടെ കാലാവസ്ഥയ്ക്ക് ഒട്ടും യോജിച്ചതല്ല. വളരെ ഘനം കുറഞ്ഞ, കൈ സ്വതന്ത്രമായി ഉപയോഗിക്കാവുന്ന രീതിയിലുള്ള തിരുവസ്ത്രം രൂപപ്പെടുത്താവുന്നതാണ്. 9-ാം നൂറ്റാണ്ടിൽ കേരളത്തിന്റെ തെക്കുഭാഗത്തുള്ള കൊല്ലം തുറമുഖപട്ടണം കേന്ദ്രമാക്കി പേർഷ്യയിൽ നിന്നും 'മരുവാൻ ശബരീശോയുടെ' നേതൃത്വത്തിൽ സുറിയാനി ക്രിസ്ത്യാനികളുടെ ഒരു കുടിയേറ്റം ഉണ്ടായിട്ടുണ്ട്. ആ കുടിയേറ്റത്തിൽ ഇവിടെ എത്തിയതാണ്

"പേർഷ്യൻ കുരിശ്." ചരിത്രകാരന്മാർ ഒരു പരിധി വരെ ഇത് അംഗീകരിക്കുന്നുണ്ട്. പേർഷ്യൻ കുരിശിൽ 'പഹ്ലവി' ലിപിയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. "ഈ കുരിശു നിർമ്മിച്ച സിറിയാക്കാരൻ അഫ്റാത്തു (Afrat) ന്റെമേൽ ക്രിസ്തു നാഥാ! കരുണയായിരിക്കേണമേ." അഫ്റാത്തു പേർഷ്യൻ പേരാണ്. ഇത് നിർമ്മിച്ചത് പേർഷ്യ-സിറിയ പ്രദേശത്തു നിന്നുള്ളവനാണ്. മാർത്തോമാ ക്രിസ്ത്യാനികൾ ഒരലങ്കാര കുരിശായി ഇതിനെ സ്വീകരിക്കുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ ഇത് മദുബഹായിൽ പ്രതിഷ്ഠിച്ചാലേ പള്ളി ആശീർവദിക്കുകയുള്ളു എന്ന ബിഷപ്പുമാരുടെ പിടിവാശിയെല്ലാം തീർത്തും ബാലിശമാണ്.

ജി. ആരാധനാവത്സരം

സീറോ മലബാർ സഭ സ്വന്തമായ ആരാധനാവത്സരം രൂപപ്പെടുത്തേണ്ടതാണ്. ആവശ്യമായവ പൗരസ്ത്യ കല്ദായസുറിയാനി സഭയുടെ വത്സരത്തിൽ നിന്നും ലത്തീൻ സഭാവത്സരത്തിൽ നിന്നും സ്വീകരിക്കാവുന്നതാണ്.

സീറോ മലബാർ സഭയിൽ വർഷങ്ങളായി ആചരിച്ചു വരുന്ന സകലവിശുദ്ധർ (നവംബർ 1), മരിച്ച വിശ്വാസികൾ (നവംബർ 2), ക്രിസ്തുരാജതിരുന്നാൾ (നവംബർ അവസാന ഞായർ), വിശുദ്ധ കുർബാനയുടെ തിരുന്നാൾ തുടങ്ങിയവ മാറ്റേണ്ട ആവശ്യമില്ല. അവയെല്ലാം സീറോ മലബാർ സഭയുടെ ആത്മീയതയുടെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. അതുപോലെ പ്രാധാന്യമേറിയതാണ് വിശുദ്ധ യൗസേപ്പിതാവിന്റെ ഭക്തി (മാർച്ച് മാസം), പ.മറിയത്തോടുള്ള ഭക്തി (മെയ്മാസം), മരിച്ച വിശ്വാസികളുടെ മാസം (നവംബർ), തിരുഹൃദയഭക്തി (ജൂൺമാസം), ജപമാല ഭക്തി (ഒക്ടോബർ). പൗരസ്ത്യത്തിന്റെ പേരിൽ ഇതൊന്നും ഇല്ലാതാക്കേണ്ട ആവശ്യമില്ല.

സീറോ മലബാർ സഭയുടെ ആരാധനക്രമ വായനകളിൽ, പഴയനിയമത്തിൽ നിന്നുള്ള വായനകൾ കുറവാണ്. പഴയനിമയ വായനകൾ കൂട്ടിച്ചേർക്കണം. സാംസ്കാരികാനുരൂപണത്തിനും ആരാധനാവത്സരത്തിൽ പ്രാധാന്യം കൊടുക്കണം. ഉദാഹരണത്തിന്, ഭാരതം മുഴുവൻ ദീപാവലി ആഘോഷിക്കുന്ന പ്രകാശത്തിന്റെ ദിനത്തിൽ "ലോകത്തിന്റെ പ്രകാശമായ" ക്രിസ്തുവിന്റെ തിരുന്നാൾ പുതുതായി കൊണ്ടുവരാവുന്നതാണ്. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്" എന്ന് സാക്ഷ്യപ്പെടുത്തിയ യേശുവിന്റെ ദൈവികത്വം സൂചിപ്പിക്കുന്നതായിരിക്കും അങ്ങനെയൊരു തിരുന്നാൾ ജന്മം കൊള്ളു

കയാണെങ്കിൽ.

2. വിശുദ്ധ കുർബ്ബാനയുടെ ക്രമം

കുർബാന തക്സയിലെ ചില പ്രാർത്ഥനകളും ആചാരങ്ങളും ഇവിടെ വിലയിരുത്തുകയാണ്.

എ) 'സ്വർഗസ്ഥനായ പിതാവേ' മൂന്നുപ്രാവശ്യം

സീറോ മലബാർ തക്സയിൽ മൂന്നു പ്രാവശ്യം സ്വർഗസ്ഥനായ പിതാവേ എന്ന ജപം കൊടുത്തിട്ടുണ്ട്. അത് അനാവശ്യമാണ്. വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനു മുൻപുള്ളത് അർത്ഥവത്താണ്. 8-ാം നൂറ്റാണ്ടിലെ കല്ദായ പാത്രിയാർക്കീസ് തിമോത്തി കല്ദായസഭയിൽ ആരംഭിച്ചതാണ് വിശുദ്ധ കുർബ്ബാനയുടെ ആരംഭത്തിലും അവസാനത്തിലും 'സ്വർഗസ്ഥനായ പിതാവേ' ജപം ചൊല്ലുന്ന പതിവ്. അതിനു വലിയ ദൈവശാസ്ത്ര പിൻബലമൊന്നുമില്ല. സീറോ മലബാർ സഭ ആ ക്രമം പിന്തുടരുന്നു. അത്രമാത്രം. കാലഹരണപ്പെട്ട ഈ രീതി ഉപേക്ഷിക്കേണ്ടതാണ്. ഈയിടെ നവീകരിച്ച കല്ദായ ലിറ്റർജിയിൽ വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുമുൻപുള്ള 'സ്വർഗസ്ഥനായ പിതാവേ' മാത്രമേയുള്ളു.

ബി) കാഴ്ചവയ്പ് ശുശ്രൂഷ

കാഴ്ചവയ്പ് ശുശ്രൂഷയിൽ അപ്പവും വീഞ്ഞും വൈദികൻ ഒരുക്കുമ്പോൾ തന്നെ "നമ്മുടെ കർത്താവീശോ മിശിഹായുടെ ശരീരം" "നമ്മുടെ കർത്താവീശോമിശിഹായുടെ തിരുരക്തം" എന്നു പറയുന്നുണ്ട്. ഇത് അർത്ഥമില്ലാത്ത പ്രയോഗമാണ്. തെറ്റിദ്ധാരണ പുലർത്തുന്നതാണ്. 1968-ലെ തക്സയിൽ അപ്പവും വീഞ്ഞും എന്നാണ് ഉപയോഗിച്ചിരുന്നത്. അത് കൂടുതൽ ഉചിതമായിരിക്കും.

സി) സ്ഥാപകവചനങ്ങൾ, റൂഹാക്ഷണം

സ്ഥാപകവചനങ്ങളും, റൂഹാർക്ഷണവും ഒരു യൂണിറ്റായി പ്രവർത്തിക്കുന്നതാണ് അർത്ഥവത്തായിട്ടുള്ളത്. ദൈവശാസ്ത്രപശ്ചാത്തലത്തിൽ രണ്ട് ആചാരങ്ങളും പൂരകങ്ങളായി മനസ്സിലാക്കാം. യേശുവിന്റെ സാന്നിധ്യം അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ സാക്ഷാത്ക്കരിക്കപ്പെടുന്ന സന്ദർഭം. ഇവിടെ സ്ഥാപകവചനങ്ങൾക്ക് പൂരകമായി റൂഹാക്ഷണം വർത്തിക്കുന്നു.

ഡി) പ്രാർത്ഥന സംഗ്രഹിക്കുക

ഇപ്പോൾ ഉപയോഗിക്കുന്ന തക്സയിലെ പ്രാർത്ഥനകൾ ഏറെ ദീർഘമാണ്. സാധാരണ കുർബാനയിൽ ഇടദിവസങ്ങളിൽ ദീർഘ പ്രാർത്ഥനകൾ ആവശ്യമില്ല. നീണ്ട പ്രാർത്ഥനകൾ ചെറിയ വാക്യ ങ്ങളിൽ സംഗ്രഹിക്കാവുന്നതാണ്. സുറിയാനി പ്രാർത്ഥനകളുടെ കൃത്യമായ തർജ്ജമ എന്ന കാലഹരണപ്പെട്ട ആശയമാണ് ദീർഘ മായ ഈ പ്രാർത്ഥനകൾക്ക് കാരണം. അതിനുപകരം ദൈവജന ത്തിന് ആരാധന അനുഭവവേദ്യമാകത്തക്കവിധത്തിൽ പ്രാർത്ഥന കൾ രൂപപ്പെടുത്തിയെടുക്കുന്നത് നല്ലതാണ്.

ഇ) സാംസ്കാരികാനുരൂപണം (Inculturation) സംസ്കാര സങ്കലനം (Interculturation)

ഭാരതീയ ആദ്ധ്യാത്മികതയിലും ദൈവശാസ്ത്രത്തിലും നിർലോ പം ഉപയോഗിക്കുന്ന പദങ്ങൾ - സച്ചിതാനന്ദസ്വരൂപൻ, യേശുഭഗ വാൻ, ലോകൈകഗുരു, പ്രകാശമായ ക്രിസ്തു, പരംപൊരുളായ ദൈവം, ഹൃദയകോവിൽ, പാദാരവിന്ദങ്ങൾ, ജഗദ്ഗുരു, ജഗദീശ്വ രൻ തുടങ്ങിയവ പ്രാർത്ഥനാരൂപീകരണത്തിൽ ധാരാളമായി ഉപ യോഗിക്കാവുന്നതാണ്. ഭാരതീയരുടെ ആത്മീയ സമ്പത്ത് ക്ഷേത്ര കലകളിലും ശാസ്ത്രീയ സംഗീതത്തിലുമാണ് സംഭരിച്ചിരിക്കുന്ന ത്. ഭാരതീയ ക്രൈസ്തവർ ദൈവാലയകലകളിലും ആരാധന ഗീത ത്തിലും ഭാരതീയ പശ്ചാത്തലത്തിന് പ്രാമുഖ്യം നൽകേണ്ടതാണ്.

ഔദ്യോഗിക തക്സയിലല്ലെങ്കിലും ഒരു പ്രാർത്ഥനപുസ്തക ത്തിൽ അടുത്തകാലത്ത് പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്ന സർവസാധാരണമായ സ്തുതിപ്പിന്റെ സ്ഥാനത്ത്, കാലഹരണപ്പെട്ട 1962 മുൻപുള്ള സുറിയാനി പ്രയോഗം "ബാവാ യ്ക്കും പുത്രനും റൂഹാദ്കുദ്ശാക്കും സ്തുതി" കാണുകയുണ്ടാ യി. ഇത് വളരെ വിചിത്രമായിത്തോന്നി. ഭാരതീയ ആത്മീയതയിലും ദൈവശാസ്ത്രത്തിലും ഉപയോഗിക്കുന്ന പദങ്ങളാണ് കുർബാന തക്സ പുതുതായി രൂപപ്പെടുത്തുമ്പോൾ കൂടുതൽ ഉപയോഗിക്കേ ണ്ടത്.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ആരാധനക്രമദൈ വശാസ്ത്രത്തിൽ ഏറെ പ്രചാരത്തിൽ വന്ന പദമാണ് Inculturation സാംസ്കാരികാനുരൂപണം എന്നത്. ഇപ്പോൾ മറ്റൊരു പദം കൂടു തൽ ഉപയോഗത്തിലായിട്ടുണ്ട്, Inter-culturation = സംസ്കാരസങ്കലനം. സംസ്കാരങ്ങൾ പരസ്പരം പൂരകങ്ങളായി വർത്തിക്കണം. പര

സ്പരം മൂല്യങ്ങൾ കൈമാറണം. ക്രൈസ്തവസഭയ്ക്ക് ഭാരതത്തിന്റെ ആദ്ധ്യാത്മികതയിൽ നിന്നും ദർശനങ്ങളിൽ നിന്നും ധാരാളം സ്വീകരിക്കാനുണ്ട്. അതുപോലെ ഭാരതസംസ്കാരവും സുവിശേഷ മൂല്യങ്ങൾകൊണ്ട് കൂടുതൽ ധന്യമാകണം.

എഫ്. പുതിയ അനാഫറകൾ

സീറോ മലബാർ സഭ പുതിയ അനാഫറകൾക്ക് രൂപം കൊടുക്കണം. പൗരസ്ത്യ പാരമ്പര്യത്തിൽ ഒന്നിലധികം അനാഫറകൾ ഉപയോഗിക്കുന്ന രീതിയുണ്ട്. ഇപ്പോൾ കല്ദായസഭയുടെ ഒരു അനാഫറ മാത്രമാണ് സീറോ മലബാർ സഭയിൽ ഉപയോഗത്തിലുള്ളത്.

പുതിയ അനാഫറകൾ - വിശുദ്ധ തോമായുടെ അനാഫറാ, വിശുദ്ധ അപ്രേമിന്റെ അനാഫറ, ഭാരതീയ അനാഫറ-നിലവിൽ വരണം. അത് വിശുദ്ധ കുർബാനയ്ക്കു തന്നെ പുത്തൻ കാഴ്ചപ്പാടും ആത്മീയതയും പ്രദാനം ചെയ്യും. ദൈവജനം നിറഞ്ഞ മനസ്സോടെ അത് സ്വീകരിക്കുമെന്ന് ഉറപ്പ്. മാത്രമല്ല, സാർവത്രികസഭയിലെ ആരാധനയുടെ മുതൽക്കൂട്ടിന് സീറോ മലബാർ സഭയുടെ വലിയ സംഭാവനയായി പിന്നീട് അത് പരിഗണിക്കപ്പെടും.

സമാപനം

സീറോ മലബാർ സഭയിൽ ഇന്ന് നിലവിലുള്ളത് കല്ദായ സുറിയാനി സഭയുടെ ആരാധനക്രമം തന്നെയാണ്. തീരെ നിസ്സാരമായ വ്യത്യാസങ്ങൾ മാത്രം. കല്ദായസുറിയാനി ആരാധനയോട് നേരിട്ട് ബന്ധമുള്ള അസ്സീറിയൻ, കല്ദായൻ സഭകൾ അടുത്തകാലത്ത് അവരുടെ ആരാധനക്രമം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ കാലഹരണപ്പെട്ട ആചാരങ്ങൾ നീക്കി പുതിയ അനുരൂപണങ്ങളോടെ നവീകരിക്കുകയുണ്ടായി. അത് ആരാധനക്രമത്തിനുതന്നെ പുതിയൊരു ജീവൻ നൽകി. ദൈവജനത്തിന്റെ പങ്കെടുക്കലിന് കൂടുതൽ ശക്തി പകർന്നു.

സീറോ മലബാർ സഭയിൽ ലിറ്റർജി നവീകരണം അനിവാര്യമാണ്. കാലഹരണപ്പെട്ട പ്രാർത്ഥനകൾ, ആചാരങ്ങൾ, പ്രതീകങ്ങൾ പുതിയതിന് വഴിമാറി കൊടുക്കണം. നേരത്തെ സൂചിപ്പിച്ചപോലെ സീറോ മലബാർ ആരാധനയിൽ പുതിയ അനാഫറകൾ രൂപപ്പെടണം.

ഭാരതീയ അനാഫറ ഭാരതീയ പശ്ചാത്തലത്തിൽ രൂപപ്പെടണം. കുർബ്ബാനയ്ക്കു തന്നെ അത് ഭാരതീയമായ കാഴ്ചപ്പാട് നൽകും.

വിശുദ്ധ അപ്രേമിന്റെ അനഫറയ്ക്ക് സുറിയാനി പാരമ്പര്യം, സുറിയാനി ആദ്ധ്യാത്മികത പശ്ചാത്തലമാകാം. വിശുദ്ധ തോമായുടെ അനാഫറയ്ക്ക് ഭാരതത്തിൽ ക്രിസ്തുസഭയുടെ ഉത്ഭവം, കേരള പശ്ചാത്തലം, 'തോമയുടെ നടപടികൾ' തുടങ്ങിയവ പശ്ചാത്തലമാക്കാം. അങ്ങനെ വരുമ്പോൾ ദൈവാരാധന കൂടുതൽ ആകർഷകമാകും. ദൈവജനത്തിന്റെ പങ്കെടുക്കൽ കൂടുതൽ അർത്ഥപൂർണമാകും. സാംസ്കാരികാനുരൂപണം, ഭാരതത്തിലെ സഭകളെ സംബന്ധിച്ചിടത്തോളം, ഒഴിച്ചുകൂടാനാവാത്ത വസ്തുതയാണ്.

* * * * * * * * * *

സീറോ-മലബാർ സഭ അപ്പസ്തോലിക സഭയാണ്. ആദ്യനൂറ്റാണ്ടുകളിൽ അതിനൊരു ആരാധനക്രമം ഉണ്ടായിരുന്നു. കേരളത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിലായിരുന്നു അത്. 4-ാം നൂറ്റാണ്ടിലോ അതിനുശേഷമോ മാത്രമാണ് സീറോ-മലബാർ സഭ പൗരസ്ത്യ സുറിയാനി ലിറ്റർജിയുമായി ബന്ധപ്പെടുന്നത്. അതിന്റെ പശ്ചാത്തലത്തിൽ സീറോ-മലബാർ സഭയുടെ ആരാധന സുറിയാനി ലിറ്റർജിയിൽ മാത്രം ഒതുക്കി നിർത്തേണ്ടതില്ല. സീറോ-മലബാർ സഭ പുതിയ പൂജാപ്രാർത്ഥനകൾക്ക് രൂപം കൊടുക്കണം.

സീറോ-മലബാർ സഭയിൽ പുതിയ പൂജാപ്രാർത്ഥനയ്ക്ക് സാധ്യത - മാർഗരേഖ*

ക്രൈസ്തവ വിശ്വാസത്തിന്റെ ഏറ്റവും വലിയ ആഘോഷമാണ് ദിവ്യബലി അഥവാ വിശുദ്ധ കുർബാന. രക്ഷകനായ യേശുനാഥന്റെ രക്ഷാകരകർമ്മമാണ് അവിടെ അനുഷ്ഠിക്കപ്പെടുന്നത്. അതുകൊണ്ട് ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവന്റെ രക്ഷയുടെ ഏറ്റവും വലിയ മാർഗവും വിശ്വാസത്തിന്റെ മഹത്തായ പ്രകടനവുമാണ് വിശുദ്ധ കുർബ്ബാന. വിശുദ്ധ കുർബാനയിൽ വൈദികനും സമൂഹവും ഒരു ഗണമായി ദൈവത്തിന് ബലിയർപ്പിക്കുന്നു. ഈ ബലി ഏറ്റവും മഹത്തരവും ഉത്തമവുമായ, യേശു ക്രിസ്തു കാൽവരിയിൽ അർപ്പിച്ച ബലിതന്നെയാണ്. അവിടെ ക്രിസ്തു സ്വയം പിതാവിന് ബലിയർപ്പിച്ചെങ്കിൽ, ഇവിടെ വൈദികൻ സമൂഹത്തിനു വേണ്ടി യേശുവിന്റെ ബലിയുടെ ചൈതന്യത്തിൽ ആ വിശുദ്ധകർമ്മം അനുഷ്ഠിക്കുകയാണ്. തന്റെ കുരിശു മരണത്തിന്റെ തലേരാത്രിയിൽ യേശുതന്നെ തന്റെ ശിഷ്യരെ പഠിപ്പിച്ച, അപ്പവും വീഞ്ഞും പ്രതീക

* കുടുംബദീപം: ലക്കം 6, വാല്യം 79, ജൂൺ 2009, പേജ് 14-16.

ങ്ങളായി ഉപയോഗിച്ചുകൊണ്ടുള്ള ബലിയാണ് അനുദിനവും വിശുദ്ധ അൾത്താരയിൽ വൈദികനും ദൈവജനവുംകൂടി അർപ്പിക്കുന്നത്. കത്തോലിക്കാസഭകളിലെല്ലാം എല്ലാ ദിവസവും ദിവ്യബലിയുണ്ട്. മറ്റു സഭകളിൽ ഞായറാഴ്ചയും മറ്റു പ്രധാനപ്പെട്ട ദിവസങ്ങളിലും മാത്രമേ ദിവ്യബലിയുള്ളു.

ഏതു സഭയിലായാലും ദിവ്യബലിക്ക് മൂന്നു പ്രാധന ഭാഗങ്ങളാണുള്ളത്. ഒന്ന്, വചനശുശ്രൂഷയാണ്. ഇവിടെ ദൈവവചനത്തിന് പ്രാധാന്യം നല്കുന്നു. ഈ ഭാഗം ഒരുക്ക ശുശ്രൂഷയാണ്. പൂജാ പ്രാർത്ഥനയ്ക്ക് ഹൃദയത്തെ ഒരുക്കാനുള്ള ഭാഗം. രണ്ട് - പൂജാ പ്രാർത്ഥന. ഇതിനു 'അനാഫറ' (അർപ്പണം) എന്ന് ഗ്രീക്കിൽ പറയും. ദിവ്യബലിയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണിത്. ബലിയിൽ ഉപയോഗിക്കുന്ന അപ്പവും വീഞ്ഞും മിശിഹായുടെ ശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നത് ഇവിടെയാണ്. മൂന്നാമത്തെ ഭാഗം ദിവ്യകാരുണ്യ സ്വീകരണമാണ്. ഈ ലേഖനത്തിൽ സീറോ-മലബാർ സഭയിൽ പുതിയ പൂജാപ്രാർത്ഥനയ്ക്കുള്ള സാധ്യതയെയും അതിന്റെ മാർഗരേഖയെയും പ്രധാനമായി വിലയിരുത്തുന്നു.

1. പൗരാണികസഭാ പാരമ്പര്യങ്ങൾ

കത്തോലിക്കാസഭ 22 വ്യക്തിസഭകളുടെ കൂട്ടായ്മയാണ്. വത്തിക്കാൻ കൗൺസിലിനു മുൻപ് പൗരസ്ത്യ സഭകളെയെല്ലാം റോമൻ സഭയുടെ ഭാഗമായി മാത്രമേ കണ്ടിരുന്നുള്ളു. എന്നാൽ പുതിയ കാനൻസംഹിതയുടെ വെളിച്ചത്തിൽ, ഓരോ സഭയും ഒരു തലവന്റെ കീഴിൽ ഒരു വ്യക്തിസഭയാണ്. അതേ സമയം ഈ വ്യക്തിസഭ സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ ഒരു ഘടകവുമാണ്. സഭകൾക്കെല്ലാം തുല്യപദവിയും സ്ഥാനവുമാണുള്ളത്.

22 വ്യക്തിസഭകൾ ആറ് പൗരാണിക പാരമ്പര്യങ്ങളിൽ നിന്നാണു വരുന്നത്. റോമൻ, അലക്സാന്ദ്രിയൻ, അന്ത്യോക്യൻ, അർമേനിയൻ, ബൈസന്റയിൽ, കാൽഡിയൻ എന്നിവയാണ് 6 പാരമ്പര്യങ്ങൾ. ഇതിൽ റോമൻസഭ മാത്രം പാശ്ചാത്യസഭയുടെ പട്ടികയിലും മറ്റു സഭകൾ പൗരസ്ത്യ സഭകളുടെ പട്ടികയിലും ഉൾപ്പെടുന്നു. റോമൻസഭയിലെ ആരാധന ലത്തീൻ രീതിയിലായതുകൊണ്ട് ഈ സഭയ്ക്ക് ലത്തീൻസഭ എന്നും പേരുണ്ട്. വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാർ റോമൻസഭയുടെ അപ്പസ്തോലന്മാരായി കണക്കാക്കപ്പെടുന്നു. ഈജിപ്തിലെ കോപ്റ്റിക് സഭ, എത്തിയോപ്യൻസഭ എന്നിവ അലക്സാന്ദ്രിയൻ പാരമ്പര്യത്തിൽപ്പെടുന്നു. വിശുദ്ധ മാർക്കോ

സാണ് ഈജിപ്തിലെ സഭയുടെ പിതാവ്.

അന്ത്യോക്യൻ പാരമ്പര്യത്തിൽ നിന്നാണ് സുറിയാനി സഭകളുടെ ആരംഭം. സുറിയാനി കത്തോലിക്കാസഭ, മലങ്കരസഭ, മാറോനീത്തസഭ എന്നിവ ഇതിൽപ്പെടുന്നു. സിറിയായിലുള്ള സിറിയൻ ഓർത്തഡോക്സ് സഭയാണ് പഴയ സഭ. അന്ത്യോക്യൻ പാരമ്പര്യം വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ പ്രേഷിത പ്രവർത്തനവുമായി ബന്ധപ്പെട്ടിരുന്നു. അർമേനിയൻ കത്തോലിക്കാസഭ അർമേനിയൻ പാരമ്പര്യത്തിൽ നിന്നു വരുന്നു. യൂദാ തദേവൂസ് ശ്ലീഹയാണ് സഭയുടെ പിതാവ്. ബൈസന്റയിൽ പാരമ്പര്യത്തിൻ കീഴിൽ 13 സഭകളുണ്ട്. ഇതിൽ ഏറ്റവും വലുത് ഉക്രേനിയൻ പൗരസ്ത്യ കത്തോലിക്കാ സഭയാണ്. ഉക്രേനിയൻ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയാണ്.

ഒരു കാര്യം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. കേരളത്തിലെ സീറോ മലബാർ സഭയുടെ ആരംഭം വിശുദ്ധ തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനവുമായി ബന്ധപ്പെട്ടതാണ്. വിശുദ്ധ തോമസ് അപ്പസ്തോലനാണ് ഈ സഭയുടെ പിതാവ് എന്നത് ഇവിടത്തെ ജീവിച്ചിരിക്കുന്ന പാരമ്പര്യമാണ്. അതുകൊണ്ട് ഈ സഭയിലെ ആദ്യ ക്രൈസ്തവർ "മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്നാണ് അറിയപ്പെട്ടിരുന്നത്. ഇപ്പോഴും അങ്ങനെതന്നെയാണ്.

4-ാം നൂറ്റാണ്ടിന്റെ മധ്യകാലഘട്ടത്തിൽ മാത്രമേ ഈ സഭ കൂടിയേറ്റക്കാരായി ക്നായിത്തോമ്മായുടെ നേതൃത്വത്തിൽ കേരളത്തിൽ വന്ന സുറിയാനി (പേർഷ്യൻ) ക്രിസ്ത്യാനികളെ സ്വീകരിച്ചിട്ടുള്ളു. അതിന്റെ വെളിച്ചത്തിൽ സീറോ-മലബാർ സഭ സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ "വിശുദ്ധ തോമാശ്ലീഹായുടെ ഇൻഡ്യയിലെ സഭ" എന്ന പേരിലാണ് അറിയപ്പെടേണ്ടത്. സീറോ-മലബാർ സഭയുടെ പിതാവ് വിശുദ്ധ തോമസ് അപ്പസ്തോലനും അതിന്റെ പൈതൃകം ഭാരതീയവുമാണ്. ഈ വസ്തുത അംഗീകരിക്കാതിരുന്നാൽ സീറോ-മലബാർ സഭ എപ്പോഴും കല്ദായസഭയുടെ ഒരു പുത്രീസഭയായി മാത്രമേ പരിഗണിക്കപ്പെടുകയുള്ളു.

2. ആരാധനാ പാരമ്പര്യങ്ങൾ

മേൽപറഞ്ഞ 22 വ്യക്തിസഭകൾ വ്യത്യസ്തമായ രീതിയിലാണ് (റീത്ത്) ആരാധന നടത്തുന്നത്. എല്ലാ സഭകൾക്കും അപ്പസ്തോലികപാരമ്പര്യമുള്ള ഒരു സഭയോട് ബന്ധമുണ്ടായിരിക്കും. 22 സഭകളുടെയും ആരാധന വ്യത്യസ്തമായ 6 ആരാധനാപാരമ്പര്യങ്ങളിൽ

ഉൾപ്പെടുത്താം. കത്തോലിക്കാസഭയിലെ ഭൂരിഭാഗം വിശ്വാസികളും ലത്തീൻ രീതിയിൽ ആരാധന നടത്തുന്ന റോമൻ (പാശ്ചാത്യ) സഭയിലെ അംഗങ്ങളാണ്. ആദ്യനൂറ്റാണ്ടിൽ പാശ്ചാത്യസഭയിൽ പല ആരാധനാപാരമ്പര്യങ്ങളുമുണ്ടായിരുന്നു. എന്നാൽ 9-ാം നൂറ്റാണ്ടിൽ പാശ്ചാത്യസഭ അതെല്ലാം ഏകീകരിച്ച് ഒരു സഭയും ഒരു ആരാധനക്രമവുമാക്കി.

പൗരസ്ത്യ കത്തോലിക്കാസഭകളുടെ ആരാധനാരീതി, അലക്സാന്ദ്രിയൻ, അന്ത്യോക്യൻ, അർമേനിയൻ, ബൈസന്റയിൽ, കല്ദായൻ എന്നീ 5 ആരാധനാപാരമ്പര്യ (ആരാധനകുടുംബം) ങ്ങളിൽപ്പെടുന്നു. ഒരേ പാരമ്പര്യത്തിൽപ്പെട്ട സഭകൾക്കും വ്യത്യസ്തമായ ആരാധനാരീതികളുണ്ട്. ഉദാഹരണത്തിന് അലക്സാന്ദ്രിയൻ പാരമ്പര്യത്തിൽപ്പെട്ട അലക്സാന്ദ്രിയൻ, എത്തിയോപ്യൻ സഭകൾക്ക് വ്യത്യസ്തമായ ആരാധനാരീതികൾ ഉണ്ട്. മാത്രമല്ല, ഓരോ സഭയ്ക്കും ഒന്നിൽ കൂടുതൽ പൂജാപ്രാർത്ഥന(അനാഫറ)കളുമുണ്ട്.

3. പൂജാപ്രാർത്ഥനകൾ പാശ്ചാത്യസഭയിൽ

പൂജാപ്രാർത്ഥന ദിവ്യബലിയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്. അന്ത്യ അത്താഴത്തിൽ യേശു ശിഷ്യരെ പഠിപ്പിച്ച ദിവ്യകർമ്മത്തിന്റെ തുടർച്ചയാണ് അത്. അപ്പത്തിന്റെയും വീഞ്ഞിന്റെ സാദൃശ്യത്തിൽ യേശു തന്നെത്തന്നെ പൂർണമായി സഭയ്ക്കു നൽകിയ ദിവ്യകർമ്മത്തിന്റെ അനുസ്മരണവും ആഘോഷവുമാണത്. പൂജാപ്രാർത്ഥനയിൽ പ്രധാനമായും രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന്, വൈദികൻ അപ്പം ആശീർവദിച്ച് "ഇതെന്റെ ശരീരമാകുന്നു" എന്നുച്ചരിക്കുന്നതും വീഞ്ഞ് ആശീർവദിച്ച് "ഇതെന്റെ രക്തമാകുന്നു" എന്ന് ഉച്ചരിക്കുന്നതും രണ്ട്, വൈദികൻ പരിശുദ്ധാത്മാവിനെ വിളിച്ച് അപ്പവും വീഞ്ഞും മിശിഹായുടെ ശരീരരക്തങ്ങളാക്കി മാറ്റാൻ നടത്തുന്ന പ്രാർത്ഥന. ഈ രണ്ടു ഭാഗങ്ങളും യോജിച്ചാണ് മിശിഹായുടെ സാന്നിദ്ധ്യം അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ അൾത്താരയിൽ സംജാതമാകുന്നത്. പൂജാ പ്രാർത്ഥനയിലെ മറ്റു ഭാഗങ്ങൾ സ്തുതിയുടെയും ആരാധനയുടെയും പുകഴ്ചയുടെയും പ്രകീർത്തനങ്ങളും നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ദൈവത്തോടുള്ള അപേക്ഷകളുമാണ്.

പാശ്ചാത്യസഭയിൽ ആദ്യം ഒരു പൂജാപ്രാർത്ഥന മാത്രമേ ഉണ്ടായിരുന്നുള്ളു. വത്തിക്കാൻ കൗൺസിലിനുശേഷം 4 പൂജാപ്രാർത്ഥനകൾ കൂടി ഉപയോഗത്തിൽ വന്നു. ഇതിനുപുറമേ, മറിച്ചവരുടെ

ഓർമ്മ, വിവാഹം, മാമോദീസ എന്നീ അവസരങ്ങളിൽ ഉപയോഗിക്കാനുള്ള പ്രാർത്ഥനാരീതികളും നടപ്പിൽ വന്നു. മാത്രമല്ല, വത്തിക്കാൻ കൗൺസിൽ പ്രാധാന്യം കൊടുത്ത സാംസ്കാരികാനുരൂപണത്തിന്റെ വെളിച്ചത്തിൽ ഇന്ത്യയിലെ പ്രാദേശിക സഭയ്ക്കുവേണ്ടി 'ഇൻഡ്യൻ റീത്ത്' (Indian Rite Mass), ആഫ്രിക്കൻ രാജ്യമായ Zaire-ലെ സഭയ്ക്കുവേണ്ടി "സയറിയൻ റീത്ത് " ഇവ പരീക്ഷണാർത്ഥം നടപ്പിൽ വന്നു. ഇതെല്ലാം സംഭവിച്ചത് സഭയുടെ ആരാധനാക്രമം ഓരോ ദേശത്തിന്റെയും സംസ്കാരത്തിന്റെയും പൈതൃകത്തിൽ വളർന്നുവരണം എന്ന കൗൺസിലിന്റെ പ്രബോധനത്തിന് ലത്തീൻ സഭ പ്രാധാന്യം നൽകിയതുകൊണ്ടാണ്.

4. പൂജാപ്രാർത്ഥന (അനാഫറ) സീറോ-മലബാർ സഭയിൽ

സീറോ-മലബാർ സഭയിൽ മിക്കവാറും കല്ദായ സഭയുടെ ലിറ്റർജി (പൗരസ്ത്യ സുറിയാനി ലിറ്റർജി) യാണ് ഉപയോഗത്തിലിരിക്കുന്നത്. കല്ദായ ലിറ്റർജിയിൽ നിന്ന് വളരെ ലഘുവായ വ്യത്യാസമേ ഉള്ളൂ. വിശുദ്ധ കുർബാനയിലെ പൂജാപ്രാർത്ഥന കിഴക്കിന്റെ പ്രബോധകരായ "അദ്ദായി", "മാറി" എന്നിവരുടെ പേരിലാണ് അറിയപ്പെടുക.

സീറോ-മലബാർ സഭ അപ്പസ്തോലിക സഭയാണ്. ആദ്യനൂറ്റാണ്ടുകളിൽ അതിനൊരു ആരാധനക്രമം ഉണ്ടായിരുന്നു. കേരളത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിലായിരുന്നു അത്. 4-ാം നൂറ്റാണ്ടിലോ അതിനുശേഷമോ മാത്രമാണ് സീറോ-മലബാർ സഭ പൗരസ്ത്യ സുറിയാനി ലിറ്റർജിയുമായി ബന്ധപ്പെടുന്നത്. അതിന്റെ പശ്ചാത്തലത്തിൽ സീറോ-മലബാർ സഭയുടെ ആരാധന സുറിയാനി ലിറ്റർജിയിൽ മാത്രം ഒതുക്കി നിർത്തേണ്ടതില്ല. സീറോ-മലബാർ സഭ പുതിയ പൂജാപ്രാർത്ഥനകൾക്ക് രൂപം കൊടുക്കണം. ലത്തീൻ സഭയുടെ മാതൃകയിൽ വിവിധ കൂദാശകൾക്ക് ഉപയോഗിക്കാൻ സഹായമാകുന്ന വിധത്തിൽ പുതിയ തക്സകൾ നിർമ്മിക്കണം. വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്നതാണ് ഇതെല്ലാം.

സീറോ-മലബാർ സഭ 1969-ൽ ഒരു ഭാരതീയപൂജയ്ക്ക് രൂപം നൽകി. ബാംഗ്ലൂർ ധർമ്മാരാം കോളേജ് രൂപം കൊടുത്ത "ഭാരതീയ പൂജ" പല സ്ഥലങ്ങളിലും പരീക്ഷണാർത്ഥം ഉപയോഗിച്ചിരുന്നു. പിന്നീട് സീറോ-മലബാർ സഭയിൽ ലിറ്റർജി വിഷയം സംബന്ധിച്ചുണ്ടായ പ്രശ്നങ്ങളുടെ പേരിൽ തൽക്കാലത്തേക്ക് അതിന്റെ ഉപ

യോഗം സിനഡ് നിർത്തിവച്ചിരിക്കുകയാണ്.

5. പുതിയ പൂജാപ്രാർത്ഥന: സാധ്യത-മാർഗരേഖ

എല്ലാ പൗരസ്ത്യസഭകൾക്കും ഒന്നിൽ കൂടുതൽ പൂജാപ്രാർത്ഥനകളുള്ള വിശിഷ്ടമായ പാരമ്പര്യമാണ് ഉള്ളത്. അന്ത്യോക്യൻ സഭയുടെ വിശുദ്ധ യാക്കോബിന്റെ അനാഫറ; ഗ്രീക്ക് സഭയുടെ വിശുദ്ധ ക്രിസോസ്തോമിന്റെ അനഫറ, വിശുദ്ധ ബെയ്സിലിന്റെ അനാഫറ; കല്ദായസഭയുടെ അദ്ദായി മാറി അനാഫറ, തെയഡോറിന്റെ അനാഫറ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

സീറോ-മലബാർ സഭയ്ക്കു മാത്രം സ്വന്തമായൊരു ആരാധനരീതിയില്ല. സ്വന്തമായൊരു അനാഫറയോ ആരാധനയ്ക്ക് ഉപയോഗിക്കുന്ന വസ്ത്രമോ ഇല്ല. ആരാധനക്രമത്തിന്റെ കാര്യത്തിൽ സീറോ മലബാർ സഭ പൂർണമായും കല്ദായസഭയെ ആശ്രയിച്ചു നിൽക്കുകയാണ്. ഈ പോരായ്മ തീർക്കാൻ സഭ സ്വന്തമായ പൂജാ പ്രാർത്ഥനകൾക്ക് രൂപം നൽകണം. പുതിയ ആരാധനാ രീതി ആവിഷ്കരിക്കണം. പുതിയ അനാഫറകളുടെ ആവിഷ്കാരത്തെപ്പറ്റി പല വിധത്തിൽ ചിന്തിക്കാം. കേരളത്തിലെ സീറോ-മലബാർ സഭയോടു ബന്ധപ്പെട്ട സ്രോതസ്സുകളെ അനാഫറകളുടെ നിർമ്മിതിക്കായി ഉപയോഗിക്കാം. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) വിശുദ്ധ തോമ്മായുടെ അനാഫറ:

'തോമ്മായുടെ നടപടികൾ' ഒരു ഉറവിടമാണ്. അപ്രാമാണിക കൃതിയാണെങ്കിലും തോമായുടെ ധാരാളം പ്രവർത്തനങ്ങൾ, പ്രാർത്ഥനകൾ പ്രത്യേകിച്ച് വിശുദ്ധ കുർബ്ബാനയോടും മാമോദീസായോടും ബന്ധപ്പെട്ടവ, നടപടിയിലുണ്ട്. വിശുദ്ധ കുർബാനയെ സംബന്ധിക്കുന്ന ഭാഗങ്ങൾ കുർബാനയുടെ അനാഫറരൂപീകരണത്തിന് ഉപയോഗിക്കാം. ഭാരതത്തിലെ വിശുദ്ധ തോമാശ്ലീഹായുടെ സഭയെന്നറിയപ്പെടുന്ന സീറോ-മലബാർ സഭയ്ക്ക് "വിശുദ്ധ തോമായുടെ അനാഫറ", നടപടിയിലെ പ്രാർത്ഥനകൾ കേന്ദ്രമാക്കി രൂപപ്പെടുത്തുന്നത് അഭികാമ്യമാണ്.

ബി) വിശുദ്ധ അപ്രേമിന്റെ അനാഫറ:

വിശുദ്ധ അപ്രേം സുറിയാനിസഭകളുടെ പിതാവാണ്. സെമറ്റിക്ക് പശ്ചാത്തലത്തിലാണ് അപ്രേം തന്റെ ചിന്തകൾക്ക് രൂപം നൽകിയിട്ടുള്ളത്. രചനയിൽ കവിതയാണ് അപ്രേം തന്റെ ശൈലിയായി സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ സീറോ-മലബാർ സഭയ്ക്ക് സുറിയാനി

സഭയുമായി (പേർഷ്യൻ) ദീർഘകാലബന്ധമുണ്ട്. എന്നാൽ സീറോ മലബാർ സഭയുടെ വിശ്വാസത്തിന്റെ പൈതൃകം ഭാരതീയമാണ്. സുറിയാനി പാരമ്പര്യമല്ല. അപ്രേമിന്റെ വിശുദ്ധ കുർബാനയെപ്പറ്റിയുള്ള ദൈവശാസ്ത്രചിന്തകൾ പുതിയ അനാഫറയുടെ രൂപീകരണത്തിന് ഉപയോഗിക്കാം.

സി) കന്തീശങ്ങളുടെ അനാഫറ:

മാർത്തോമ്മാ ക്രിസ്ത്യാനികൾ ഇന്നും വിശുദ്ധരായി കാണുന്ന രണ്ട് സുറിയാനി പിതാക്കന്മാരാണ് മാർ സാപ്പോർ, മാർ പ്രോത്ത് എന്നീ മെത്രാന്മാർ. അവർ സഹോദരന്മാരായിരുന്നു. എ.ഡി.825-ൽ "ശബരീശോ" എന്ന കച്ചവടക്കാരന്റെ കൂടെ അവർ കേരളത്തിൽ (കൊല്ലത്ത്) വന്നു. അവരുടെകൂടെ ഏതാനും സുറിയാനി ക്രിസ്ത്യാനികളുണ്ടായിരുന്നു. അവർ അന്ന് കൊല്ലത്തു താമസമാക്കിയിരുന്ന മാർത്തോമാ ക്രിസ്ത്യാനികളോടു ചേർന്നു എന്നാണു പാരമ്പര്യം. കൊല്ലത്ത് പള്ളി സ്ഥാപിച്ചും തീക്ഷ്ണമായ അജപാലനശുശ്രൂഷ ചെയ്തും അവർ കേരളത്തിലെ അന്നത്തെ ക്രൈസ്തവരുടെ സ്നേഹപാത്രങ്ങളായി മാറി. അതിന് അവർക്കും കൂടെയുണ്ടായിരുന്ന ക്രിസ്ത്യാനികൾക്കും അധികാരികളിൽ നിന്നു ലഭിച്ച ആനുകൂല്യങ്ങളാണ് പ്രസിദ്ധമായ "തരിശാപള്ളി " ചെപ്പേടുകൾ. അവ ഇപ്പോഴും സൂക്ഷിക്കപ്പെട്ടു പോരുന്നു.

പള്ളികളിൽ, പ്രത്യേകിച്ച് യാക്കോബായപള്ളികളിൽ, ഇവർ ഇന്നും വിശുദ്ധരായി വണങ്ങപ്പെടുന്നു. പല പള്ളികളും തെക്കേ കേരളത്തിൽ 'കന്തീശങ്ങളുടെ' നാമത്തിലുണ്ട് (അകപ്പറമ്പ് യാക്കോബായപ്പള്ളി). മാർത്തോമാ ക്രൈസ്തവരുടെ ഇടയിൽ മികച്ച അജപാലനം നടത്തിയ, സാപ്പോർ പ്രോത്ത് എന്നീ പിതാക്കന്മാരുടെ ഓർമ്മയ്ക്കായി "കന്തീശങ്ങളുടെ അനാഫറ" എന്ന പേരിൽ, അവരുടെ വിശുദ്ധിയെ ആസ്പദമാക്കി ഒരു അനാഫറ ആവിഷ്ക്കരിക്കാവുന്നതാണ്. ("കന്തീശങ്ങൾ" എന്ന പദം 'കന്തീശ് = വിശുദ്ധി എന്ന സുറിയാനി പദത്തിന്റെ മലയാള രൂപാന്തരമാണ്).

ഡി) ഭാരതീയ അനാഫറ:

ഭാരതീയ സംസ്കാരത്തിന്റെയും ദർശനത്തിന്റെയും പശ്ചാത്തലത്തിൽ ഒരു ഭാരതീയ അനാഫറയ്ക്ക് രൂപം കൊടുക്കാവുന്നതാണ്. 1969-ൽ ഇങ്ങനെയൊരു പരിശ്രമം നടക്കുകയുണ്ടായി. സീറോ-മലബാർ സഭ ഒരു അപ്പസ്തോലിക സഭയാണ്. ഭാരതീയദർശനം, മൂല്യങ്ങൾ,

മതാത്മകത, ആത്മീയത ഇവയെല്ലാം കണക്കിലെടുത്ത് പുതിയ അനാഫറകൾ രൂപപ്പെടണം.

സമാപനം:

ആരാധനയിൽപ്പോലും വിശ്വാസത്തിന്റെയും സമൂഹത്തിന്റെ പൊതുനന്മയും ഒഴിച്ചുള്ള കാര്യങ്ങളിൽ, സഭ ഐകരൂപ്യം (Uniformity) കൊണ്ടുവരാൻ ആഗ്രഹിച്ചിരുന്നില്ല. മറിച്ച് അവൾ ജനതകളുടേയും സംസ്കാരങ്ങളുടെയും മൂല്യങ്ങളെ ബഹുമാനിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മാത്രമല്ല, ആവശ്യമുള്ള സന്ദർഭങ്ങളിൽ, ആരാധനയുടെ ചൈതന്യത്തോടു ചേർന്നുപോകുന്ന സംഗതികൾ, ആരാധനയിൽ കൊണ്ടുവരാൻ പരിശ്രമിക്കുകയും ചെയ്യുന്നു (ആരാധനക്രമം 27).

സീറോ-മലബാർസഭ പുതിയ അനാഫറകൾക്ക് രൂപം നൽകണം. ഭാരതത്തിന്റെ ആദ്ധ്യാത്മികപൈതൃകത്തിൽ ഉറച്ചുനിന്നുകൊണ്ട് മറ്റു സഭകളിൽ നിന്നു ലഭിച്ചവ നഷ്ടപ്പെടുത്താതെ പുതിയ ആരാധനാരീതികൾ ആവിഷ്കരിക്കണം.

ഭാരതവത്ക്കരണം നടക്കാത്ത ആരാധനാരീതികൾക്ക് ഭാരതത്തിൽ ശക്തമായ സുവിശേഷവത്കരണ ഉപാധിയായി മാറുക സാദ്ധ്യമല്ല.

* * * * * * * * * *

കല്ദായ സുറിയാനി ആരാധനക്രമം മാത്രമേ സഭയുടെ ആരാധനാ പാരമ്പര്യത്തിൽപ്പെടുന്നുള്ളു എന്ന വിലയിരുത്തൽ സഭാംഗങ്ങളിൽ കേവലം വിഭാഗീയ മനസ്ഥിതി മാത്രമേ വളർത്തുകയുള്ളു. കൂടുതൽ വിശാലമായ ഒരു സമീപനം ഇവിടെ ആവശ്യമാണ്. ഇന്നു സീറോ മലബാർ സഭ കേരളത്തിനു പുറത്ത് ഇൻഡ്യയിലും മറ്റ് വിദേശരാജ്യങ്ങളിലും വ്യാപിച്ചിട്ടുണ്ട്. സഭയുടെ മക്കൾ ലോകത്തിലെവിടെയുമുണ്ട്. കാലത്തിനും, ദേശത്തിനുമനുസരിച്ച് അനുഷ്ഠാനങ്ങളിലെ വൈവിധ്യം ആരാധനക്രമത്തിൽ അനുവദനീയമാണ്. ഭാരതീയ പൈതൃകത്തെ അടിസ്ഥാനമാക്കിയും, സുറിയാനി ആദ്ധ്യാത്മികതയുടെ പശ്ചാത്തലത്തിലും, വി.തോമസ്സ് അപ്പസ്തോലന്റെ ഇൻഡ്യയിലെ പ്രേഷിതവൃത്തിയെ കേന്ദ്രമാക്കിയും വ്യത്യസ്ത അനാഫറകൾ ആരാധനാക്രമത്തിൽ ജന്മമെടുക്കണം.

സീറോ-മലബാർ സഭയെ ഒരുമിപ്പിക്കുന്ന ശക്തി: അപ്പസ്തോലിക പാരമ്പര്യം ആരാധനക്രമം*

ആമുഖം

ഒരു വ്യക്തിസഭയെ സംബന്ധിച്ചിടത്തോളം, സഭയുടെ അപ്പസ്തോലിക പാരമ്പര്യം വളരെ വിലപ്പെട്ടതാണ്. കത്തോലിക്കാ സഭയിലെ 22 വ്യക്തിസഭകളും ഒരു അപ്പസ്തോലനോട് നേരിട്ടോ അല്ലെങ്കിൽ ഒരു അപ്പസ്തോലിക സഭയോടോ ബന്ധപ്പെട്ടാണിരിയ്ക്കുന്നത്. ഇങ്ങനെയുള്ള 22 വ്യക്തിസഭകളുടെ കൂട്ടായ്മ (Communion) യാണ് കത്തോലിക്കാസഭ. റോമൻസഭ പത്രോസ്, പൗലോസ് ശ്ലീഹാന്മാരുടെ അപ്പസ്തോലിക പ്രവർത്തനത്തിൽ നിന്നും ജന്മംകൊണ്ടതാണ്. അലക്സാന്ദ്രിയൻ സഭ വി. മർക്കോസിന്റെ സുവിശേഷമേ

* വചനധാര; Vol. 31, Nos 5-6, മേയ്-ജൂൺ 2010, പേജ് 10-13.

ഖലയുമായി ബന്ധപ്പെട്ട സഭയാണ്. അന്ത്യോക്യൻ സഭ വി. പത്രോസിന്റെയും, പൗലോസിന്റെയും പ്രേഷിത പ്രവർത്തനത്തിന് സാക്ഷ്യം വഹിക്കുന്നു.

വി. തോമാശ്ലീഹായുടെ അപ്പസ്തോലിക പ്രവർത്തനവുമായി നേരിട്ട് ബന്ധമുള്ള സഭയാണ് സീറോ മലബാർ സഭ. ഈ സഭയിലെ അംഗങ്ങൾ എന്നും മാർത്തോമാ ക്രിസ്ത്യാനികൾ എന്ന പേരിലാണ് അറിയപ്പെട്ടിട്ടുള്ളത്. അപ്പസ്തോലിക പാരമ്പര്യം സീറോ മലബാർ സഭയെ ഒരുമിപ്പിയ്ക്കുന്ന വലിയ ശക്തിയാണ്. തുല്യ പ്രാധാന്യമുള്ളതാണ് ഒരു വ്യക്തി സഭയെ സംബന്ധിച്ചിടത്തോളം അതിന്റെ ആരാധനാക്രമം. ആദ്യനൂറ്റാണ്ടുകളിൽ സീറോ മലബാർ സഭയുടെ ആരാധന വി.തോമസ്സ് അപ്പസ്തോലൻ പങ്ക് വെച്ച കേരളത്തിന്റെ തനിമയിലുള്ള ആരാധനയായിരുന്നു. കാലത്തിന്റെ മാറ്റത്തിൽ അതിൽ സുറിയാനി ആരാധനയുടേയും ലത്തീൻ ആരാധനയുടേയും സ്വാധീനം വളരെയേറെ ഉണ്ടായി. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനാക്രമനവീകരണം സഭാനവീകരണത്തിന്റെ പ്രധാന ഘടകമായി സ്വീകരിച്ചപ്പോൾ സീറോ സഭയിൽ വളരെയേറെ വിഭാഗീയ ചിന്തകൾ സംജാതമായി. ഒരു പരിധിവരെ അത് സഭയുടെ തന്നെ ഒരുമയെ വികലമാക്കി. എന്നാൽ പ്രതിസന്ധി ഒരിക്കലും ആരാധനയുടെ സത്തയെ സംബന്ധിച്ചായിരുന്നില്ല. മറിച്ച് ആചാരങ്ങളെ മാത്രം സ്പർശിക്കുന്നതായിരുന്നു. കാലഘട്ടത്തിന്റെ മാറ്റത്തിൽ ആരാധനയുടെ ആചരണങ്ങളിൽ മാറ്റം വരിക സ്വാഭാവികമാണ്.

ഇന്നത്തെ സീറോ മലബാർ സഭയെ ചരിത്രപരമായി വിലയിരുത്തുമ്പോൾ, അതിന്റെ പൂർവ്വികർ ഒരേ വംശത്തിൽപ്പെട്ടവരായിരുന്നു എന്ന് അനുമാനിയ്ക്കുക വിഷമം. ആദ്യ നൂറ്റാണ്ടിൽ തോമസ്സ് അപ്പസ്തോലൻ ജ്ഞാനസ്നാനം നൽകിയ സമൂഹം പ്രധാനമായും ദ്രാവിഡന്മാരായിരുന്നു. കൂടാതെ വടക്ക് നിന്നുള്ള ആര്യന്മാരും, മലബാർ തീരത്തു താമസമാക്കിയിരുന്ന കച്ചവടക്കാരായ ഏതാനും യഹൂദ വംശരും, ഒന്നാം നൂറ്റാണ്ടിലെ ഇൻഡ്യയിലെ പ്രബലമതങ്ങളായിരുന്ന ബുദ്ധ-ജൈന മതങ്ങളിൽ നിന്നുള്ളവരും അക്കൂട്ടത്തിൽ ഉണ്ടായിരിക്കണം. പിന്നീട് നാലാം നൂറ്റാണ്ടിൽ, മദ്ധ്യപൂർവ്വദേശത്ത് നിന്ന് സുറിയാനിക്കാരുടെ ഒരു വലിയ കുടിയേറ്റം അന്നത്തെ കേരളത്തിലെ വലിയ തുറമുഖ പട്ടണമായ കൊടുങ്ങല്ലൂരിനെ ലക്ഷ്യമാക്കി അരങ്ങേറി. ഇതുവഴി ബാബിലോണിയയിലെ സുറിയാനി സഭയുമായി കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾ ബന്ധത്തിലായി. തദ്ദേശ ആരാധനാരീതികൾ ഉപേക്ഷിച്ച് മധ്യപൂർവ്വദേശത്തുനിന്നുള്ള സുറിയാനി ആരാധനാ രീതികൾ സ്വീകരിക്കുവാൻ ഈ കുടിയേറ്റം ഒരു

വിധത്തിൽ കാരണമായി. പിന്നീട് 16-ാം നൂറ്റാണ്ടിൽ പാശ്ചാത്യരുടെ വരവിനെ തുടർന്ന് ലത്തീൻ ആചാരങ്ങൾ മാർത്തോമാ ക്രിസ്ത്യാനികളുടെ ആരാധനക്രമത്തിൽ നടപ്പിൽ വന്നു. ഇതെല്ലാം കണക്കിലെടുത്ത് സീറോ മലബാർ ആരാധനാക്രമരൂപീകരണത്തിൽ കൂടുതൽ വിശാലമായ ഒരു സമീപനം സ്വീകരിക്കേണ്ടതുണ്ട്. ഇടുങ്ങിയ ചിന്താഗതി സഭയിൽ അനൈക്യത്തിന്റെ വിത്ത് പാകയുള്ളു. ഒരു വിശ്വാസം, ആ വിശ്വാസത്തിന്റെ ആചരണത്തിലുള്ള വൈവിധ്യം എന്നും എവിടെയും അനുവദനീയമാണ്.

1. അപ്പസ്തോലിക പാരമ്പര്യം

സീറോ മലബാർ സഭ ഇന്ന് ഒരു സ്വയാധികാര സഭയാണ്. 22 വ്യക്തിസഭകളിൽ ഒന്ന്. ആരാധനക്രമം, ദൈവശാസ്ത്രം, ആത്മീയത, സഭാഭരണം എന്നിവ സംബന്ധിച്ച് സ്വയം തീരുമാനമെടുക്കാൻ അവകാശമുള്ള സഭ. വി.തോമാശ്ലീഹായാണു സഭയുടെ സ്ഥാപകൻ. ആദ്യ നൂറ്റാണ്ടിലെ ചരിത്രരേഖകൾ ഹാജരാക്കി നൂറുശതമാനം തെളിയിക്കാനായില്ലെങ്കിലും എല്ലാ വ്യക്തിസഭകളും ഇന്ന് സീറോ മലബാർ സഭയ്ക്ക് ഒരു അപ്പസ്തോലികസഭ എന്ന അംഗീകാരം നൽകുന്നുണ്ട്. മാത്രമല്ല 4-ാം നൂറ്റാണ്ട് മുതൽ സഭാപിതാക്കന്മാരായ വി. എഫ്രേം, ഒരിജൻ, ക്രിസോസ്തോം, ജെറോം ഇവരുടെ എഴുത്തുകളിൽ വി.തോമാസ്സിന്റെ ഇൻഡ്യയിലെ (പാർത്ഥിയ) പ്രവർത്തനങ്ങളെപ്പറ്റിയുള്ള സൂചനകളുണ്ട്. ഇതിനെല്ലാം പുറമേ കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികളുടെ രക്തത്തിലും മജ്ജയിലും അലിഞ്ഞു ചേർന്നിട്ടുള്ള ഒരു വസ്തുതയുണ്ട്, തങ്ങളുടെ പൂർവ്വികർ യേശുവിന്റെ മാർഗ്ഗത്തിലേയ്ക്ക് വന്നത് തോമസ്സ് അപ്പസ്തോലന്റെ ജ്ഞാനസ്നാന ശുശ്രൂഷയിലൂടെയാണ് എന്ന്.

1990 ൽ പുറത്തിറങ്ങിയ പൗരസ്ത്യ കാനോൻ നിയമ സംഹിതയനുസരിച്ച് പൗരാണിക സഭാപാരമ്പര്യങ്ങൾ 5 ആണ്. അന്ത്യോക്യൻ അലക്സാന്ദ്രിയൻ, അർമേനിയൻ, ബൈസന്റായിൻ, കാല്ഡിയൻ എന്നിവയാണ് 5 സഭാപാരമ്പര്യങ്ങൾ. ഒന്നാം നൂറ്റാണ്ടിൽ ജന്മം കൊണ്ടതാണെങ്കിലും മാർത്തോമാ പാരമ്പര്യത്തെ പൗരാണിക സഭാപാരമ്പര്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിന്റെ ഫലമായി സീറോ മലബാർ സഭയെ എപ്പോഴും കല്ദായസഭയുടെ ഒരു പുത്രീസഭയായി മാത്രമേ കത്തോലിക്കാ സഭ പരിഗണിച്ചീട്ടുള്ളു. ഈ അവസ്ഥക്ക് മാറ്റംവരണം. അപ്പസ്തോലിക പാരമ്പര്യമുള്ള സീറോ മലബാർ സഭ സാർവ്വത്രികസഭയിൽ എല്ലാ അവകാശങ്ങളോടും കൂടിയ ഒരു വ്യക്തിസഭയാണ്. അതിന്റെ പാരമ്പര്യം വി.തോമായുടെ മാർഗ്ഗവും വഴിപാടും.

2. ആരാധനാക്രമം സഭയുടെ തനിമയുടെ അളവുകോൽ

കത്തോലിക്കാസഭകൾക്കെല്ലാം സ്വന്തമായ ആരാധനക്രമങ്ങളുണ്ട്. 22 സഭകൾക്ക് 22 ആരാധാക്രമം. 22 ആരാധനാക്രമങ്ങൾ 6 ആരാധന പാരമ്പര്യങ്ങളിൽ (കുടുംബം) പെടുന്നു. കത്തോലിക്കാ സഭയിലെ ഭൂരിഭാഗം അംഗങ്ങളും ലത്തീൻ രീതിയിൽ ആരാധന നടത്തുന്ന റോമൻ (പാശ്ചാത്യ) സഭയിലെ അംഗങ്ങളാണ്. പൗരസ്ത്യ ആരാധനക്രമം 5 പൗരസ്ത്യ ആരാധനാപാരമ്പര്യത്തിൽപെടുന്നു. അന്ത്യോക്യൻ, അലക്സാന്ദ്രിയൻ, അർമേനിയൻ, ബൈസന്റയിൻ, കാല്ഡിയൻ ഇവയാണു ആരാധനാക്രമ പാരമ്പര്യങ്ങൾ.

അന്ത്യോക്യൻ ആരാധനാ കുടുംബത്തിൽപ്പെട്ട സഭകളാണ് അന്ത്യോക്യൻ സുറിയാനിസഭ, മാറോനീത്ത് സഭ, മലങ്കര കത്തോലിക്കാ സഭ. അന്ത്യോക്യൻ സുറിയാനി സഭയുടെയും, മലങ്കരസഭയുടെയും ആരാധനാക്രമരീതിയിൽ വലിയ വ്യത്യാസമില്ല. ഭൂപ്രദേശത്തെ അടിസ്ഥാനമാക്കിയുള്ള ചുരുക്കം വ്യത്യാസം മാത്രം.

കല്ദായ ആരാധന കുടുംബത്തിൽപ്പെട്ട രണ്ടു സഭകളാണ് കല്ദായ സുറിയാനി സഭയും സീറോ മലബാർ സഭയും. രണ്ട് സഭകളുടെയും ആരാധനക്രമത്തിൽ കാര്യമായ വ്യത്യാസമൊന്നുമില്ല. എന്നാൽ സീറോ മലബാർ സഭയുടെ ആരാധനക്രമത്തെ കല്ദായ ആരാധനാ കുടുംബത്തിൽപ്പെടുത്തേണ്ട ആവശ്യമില്ല. അതിന്റെ ആരാധനാക്രമത്തിന് കല്ദായ സുറിയാനി ആരാധനയുമായി ദീർഘകാലബന്ധമുണ്ടെങ്കിലും, സീറോ മലബാർ സഭയുടെ ആരാധനാപൈതൃകം ഭാരതീയമാണ്. എന്നാൽ കല്ദായ സുറിയാനി ആരാധനയിൽ നിന്നും ലഭിച്ച നല്ല പാരമ്പര്യങ്ങളെ സീറോ മലബാർ സഭ ഒരിക്കലും ഉപേക്ഷിക്കേണ്ട ആവശ്യമില്ല. കാലത്തിന്റെ മാറ്റത്തിനെ മുൻനിർത്തി അതിൽ ആവശ്യമായ നവീകരണം കൊണ്ടുവരണമെന്നു മാത്രം.

3. വിശ്വാസം ഒന്ന്, ആചരണത്തിൽ വൈവിധ്യം

ഒരു വ്യക്തി സഭയിലെ അംഗങ്ങളെ ഒരുമിപ്പിയ്ക്കുന്ന ശക്തി ആ സഭയുടെ അപ്പസ്തോലിക പാരമ്പര്യവും ആരാധനാക്രമവുമാണ്. ആരാധനക്രമം വിശ്വാസത്തിന്റെ അനുഷ്ഠാനമാണ്. അതിന്റെ മാതൃക യേശു പഠിപ്പിച്ച "അപ്പം മുറിക്കൽ" ശുശ്രൂഷയാണ്. യഹൂദരുടെ പെസഹാതിരുന്നാളിന്റെ പാശ്ചാത്തലത്തിലാണ് യേശു ഈ കർമ്മം അനുഷ്ഠിച്ചത്. യേശുവിന്റെ അവസാനത്തെ പെസഹ (Last Supper) തന്റെ ഈ ലോകത്തിൽ നിന്നുള്ള വിടവാങ്ങലിന്റെ ഒരു മുന്നോടിയായിരുന്നു. പെസഹഭക്ഷണത്തിനിടയ്ക്ക് അവിടുന്ന്

അപ്പവും വീഞ്ഞും വാഴ്ത്തി തന്റെ ശരീരരക്തങ്ങളായി മാറ്റി ശിഷ്യർക്കു നൽകി. പിറ്റേ ദിവസം താൻ കാൽവരിയിൽ സ്വയം സമർപ്പിക്കുവാൻ പോകുന്ന ബലിയുടെ ആദ്യപടിയായിരുന്നു ശിഷ്യന്മാരുടെ കൂടെ യേശു അനുഷ്ഠിച്ച പെസഹ ആചരണം. യേശു പഠിപ്പിച്ച പെസഹ ആചരണം കാലത്തിന്റെ മാറ്റത്തിൽ വിവിധ സംസ്കാരങ്ങളിൽ വ്യത്യസ്ത രീതികളിൽ ആചരിയ്ക്കപ്പെടുവാൻ തുടങ്ങി. അങ്ങനെയാണ് സാർവ്വത്രികസഭയിൽ വ്യത്യസ്തങ്ങളായ ആചരണരീതികൾ യേശുവിന്റെ പെസഹാ ആചരണത്തിന് കൈവന്നത്. ആചരണത്തിനുള്ള ഈ വൈവിദ്ധ്യമാണ് വ്യത്യസ്തമായ റീത്തുകൾക്ക് കാരണമായത്.

സമാപനം

സീറോ മലബാർ സഭയെ ഒരുമിപ്പിക്കുന്ന ശക്തി അവളുടെ അപ്പസ്തോലിക പാരമ്പര്യവും ആരാധനാക്രമവുമാണ്. വി.തോമസ്സ് അപ്പസ്തോലൻ ആദ്യ നൂറ്റാണ്ടിൽ പങ്ക് വെച്ച ക്രൈസ്തവവിശ്വാസം നമ്മുടെ പൂർവ്വികരെ ക്രിസ്തുമാർഗ്ഗത്തിലേക്കു നയിച്ചു എന്നതു സഭയിലെ സജീവപാരമ്പര്യമാണ്; ശക്തമായ പാരമ്പര്യം! തുല്യപ്രാധാന്യമുണ്ട് സഭയുടെ ആരാധനാക്രമത്തിന്. എന്നാൽ കല്ദായ സുറിയാനി ആരാധനക്രമം മാത്രമേ സഭയുടെ ആരാധനാപാരമ്പര്യത്തിൽപ്പെടുന്നുള്ളു എന്ന ചിലരുടെ വിലയിരുത്തൽ സഭാംഗങ്ങളിൽ കേവലം വിഭാഗീയ മനസ്ഥിതി വളർത്തുകയുള്ളു. കൂടുതൽ വിശാലമായ ഒരു സമീപനം ഇവിടെ ആവശ്യമാണ്. ഇന്നു സീറോ മലബാർ സഭ കേരളത്തിനു പുറത്ത് ഇൻഡ്യയിലും മറ്റ് വിദേശ രാജ്യങ്ങളിലും വ്യാപിച്ചിട്ടുണ്ട്. സഭയുടെ മക്കൾ ലോകത്തിലെവിടെയുമുണ്ട്. കാലത്തിനും, ദേശത്തിനുമനുസരിച്ച് അനുഷ്ഠാനങ്ങളിലെ വൈവിധ്യം ആരാധനക്രമത്തിൽ അനുവദനീയമാണ്. ഭാരതീയ പൈതൃകത്തെ അടിസ്ഥാനമാക്കിയും, സുറിയാനി ആദ്ധ്യാത്മികതയുടെ പശ്ചാത്തലത്തിലും, വി.തോമസ്സ് അപ്പസ്തോലന്റെ ഇൻഡ്യയിലെ പ്രേഷിതവൃത്തിയെ കേന്ദ്രമാക്കിയും വ്യത്യസ്ത അനാഫറകൾ ആരാധനാക്രമത്തിൽ ജന്മമെടുക്കണം. ആചരണത്തിനുള്ള ഐക്യരൂപ്യമല്ല (Uniformity) മറിച്ച് ആരാധനയിലെ ഐക്യമാണ് (Unity) സഭയെ ഒരുമിപ്പിയ്ക്കുന്ന ശക്തിയായി പരിണമിയ്ക്കേണ്ടത്. അപ്പസ്തോലികസഭയായ സീറോ മലബാർ സഭയ്ക്ക് ഇനിയും ആരാധനയിലെ ഐക്യം വേകം കൈവരട്ടെ.

* * * * * * * * * *

DHARMARAM LIBRARY
BANGALORE - 560 029

Due Date	Due Date	Due Date

CT Library
000910 84
F96 K132

ക്രൈസ്തവവിശ്വാ
ഭാരതീയ സംസ്കൃതി

ഭാരതം മതങ്ങളുടെ സംഗമഭൂമിയാണ്. ഭാരതം പല മതങ്ങൾക്കും ജന്മം നല്കിയിട്ടുണ്ട്. മതങ്ങളും, ആത്മീയ പാരമ്പര്യങ്ങളും ഇവിടേയ്ക്ക് എത്തിച്ചേർന്നിട്ടുമുണ്ട്.

ക്രിസ്തുവർഷത്തിന്റെ ആദ്യനൂറ്റാണ്ടിൽത്തന്നെ ക്രിസ്തുമതം ഇവിടെ വന്നു. വി. തോമസ് അപ്പസ്തോലൻ നല്കിയ സുവിശേഷ വെളിച്ചം ഭാരതത്തിൽ ക്രിസ്തുമതത്തിന് ജന്മം നല്കി.

ഗുരു പഠിപ്പിച്ച "അപ്പം മുറിക്കൽ ശുശ്രൂഷ" അന്നത്തെ ഭാരതത്തിന്റെ സംസ്കാരതനിമയിൽ തോമസ് അപ്പസ്തോലൻ ഇവിടെ ആചരിച്ചു.

കാലത്തിന്റെ പ്രയാണത്തിൽ ഈ ദൈവാരാധന മറ്റ് ആരാധനാ സ്വാധീനങ്ങൾക്ക് വഴിപ്പെട്ടു. അതിന്റെ തനിമ ഏറെ നഷ്ടപ്പെട്ടു. ആ തനിമ വീണ്ടും നേടിയെടുക്കുവാൻ സാധിക്കുമോ?



ഡോ. ഫ്രാൻസീസ് കണിച്ചിക്കാട്ടിൽ സി.എം.ഐ.

ബാംഗ്ലൂർ, ധർമ്മാരാം വിദ്യാക്ഷേത്രത്തിലെ ലിറ്റർജി പ്രൊഫസറും സീറോ മലബാർ സഭയുടെ സെന്ററൽ ലിറ്റർജി കമ്മിറ്റി അംഗവുമാണ്. 'ദൈവാരാധനയിലെ സാംസ്കാരികാനുരൂപണം' എന്നതാണ് അദ്ദേഹത്തിന്റെ ഐച്ഛികവിഷയം.

MAR LOUIS PUBLICATIONS
Mar Louis Publications
Kochi-682 031